# മാനന്തവാടി രൂപതാ ബുള്ളറ്റിൻ

**"ദൈവത്തോട് ചേർന്നു നിൽക്കുവിൻ;**
**അവിടുന്ന് നിങ്ങളോടും**
**ചേർന്നു നിൽക്കും" (യാക്കോബ് ൪:൮)**

Printed, Published and Edited by
Fr. Thankachan *alias* Joseph Paruvummel, Published from Bishop's House
Mananthavady, P.B. No. 1, Wayanad 670645.
Owned by the Roman Catholic Diocese of Mananthavady.
Printed at St. Joseph's Offset Press, Mananthavady 670645.
Printed on 29th of every month.

**വാല്യം 04 ഓഗസ്റ്റ്–2013 ലക്കം 8**

ഒറ്റപ്രതി 10 രൂപ വാർഷിക വരിസംഖ്യ 120 രൂപ

# ഉള്ളടക്കം


| | |
|---|---|
| സർക്കുലർ ............ | 03 |
| സർക്കുലർ (ജസ്റ്റീസ് സൺഡെ) ............ | 05 |
| സർക്കുലർ (തടവറ പ്രേഷിതദിനം) ............ | 10 |
| World Mission Day ............ | 14 |
| Letter from the Congregation for the Divine Cult and Discipline ............ | 19 |
| രൂപതാകച്ചേരി വാർത്തകൾ ............ | 21 |
| വിദ്യാഭ്യാസ സഹായനിധി ............ | 23 |
| പിരിവുകൾ ............ | 27 |
| കല്പറ്റ ഫൊറോനയിലെ മാസധ്യാനം ............ | 36 |
| വിശ്വാസവർഷം ............ | 38 |
| മതബോധനരംഗം ............ | 39 |
| ബൈബിൾ അപ്പോസ്റ്റലേറ്റ് ............ | 47 |
| ചെറുപുഷ്പമിഷൻലീഗ് ............ | 48 |
| കെ.സി.വൈ.എം. ............ | 58 |
| കുടുംബപ്രേഷിതത്വം ............ | 66 |
| വിൻസെന്റ് ഡി പോൾ സൊസൈറ്റി............ | 72 |
| സിയോൻ വാർത്തകൾ ............ | 76 |
| കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി ............ | 80 |
| സാമൂഹ്യ സേവനരംഗം (WSSS)............ | 83 |
| കേരളാ ലേബർ മൂവ്മെന്റ് ............ | 86 |
| *Mary Matha arts & science college* ............ | 89 |
| *CHRISTIAN CIVIC SERVICE SOCIETY (CCSS)* ........,,.... | 91 |
| മീഡിയാ കമ്മീഷൻ ............ | 95 |
| റേഡിയോ മാറ്റൊലി ............ | 96 |
| പാസ്റ്ററൽ സെന്റർ, പ്രോഗ്രാം ............ | 98 |
| ബിഷപ്സ് പ്രോഗ്രാം ............ | 99 |

# സർക്കുലർ

***Circular Letter No. 10/2013***
***Prot. No. 14005/2013***


കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരേ,

കർത്താവിന്റെ ദിവസമായ ഞായറാഴ്ചകൾ വിശുദ്ധമായി ആച രിക്കേണ്ടതിന്റെ ആവശ്യകതയും അതെങ്ങനെയാണ് ചെയ്യേണ്ടത് എന്ന കാര്യവും ഞാൻ പറയാതെ തന്നെ നിങ്ങൾക്ക് അറിയാമല്ലോ. ക്രമമായി വിശുദ്ധകുർബാനയിൽ സംബന്ധിക്കാൻ അന്ന് ഇടവകയിൽ സൗകര്യം ഒരുക്കുന്നതിന് പുറമേ കുട്ടികളുടെ വിശ്വാസപരിശീലനം, ഇടവകപ്പൊതുയോഗ മീറ്റിംഗുകൾ, സംഘടനാ മീറ്റിംഗുകൾ തുടങ്ങി യവയും അന്നാണ് സാധാരണ നടത്തുന്നത്. ഇവയ്ക്കൊന്നിനും തടസ്സം ഉണ്ടാകാതിരിക്കാൻ വേണ്ടിയാണ് ഇടവകപ്പള്ളികളിൽ അന്ന് ഒരു നിശ്ചിത സമയത്തേയ്ക്ക് വിവാഹാഘോഷങ്ങൾ മുടക്കിയിരിക്കുന്നത്. ആ ക്രമീകരണം എല്ലായിടത്തും തന്നെ പാലിക്കപ്പെടുന്നുമുണ്ട്. അതി നായി സഹകരിക്കുന്ന എല്ലാവരേയും നന്ദിയോടെ ഇത്തരുണത്തിൽ ഓർക്കുന്നു.

എന്നാൽ ഈയടുത്ത കാലത്തായി ഞായറാഴ്ചകളിൽ തിരുപ്പട്ടം നടത്തണം എന്ന് ആവശ്യപ്പെട്ട് പലരും എന്നെ സമീപിക്കുകയുണ്ടായി. വിവാഹത്തിന് വേണ്ടതിലും വളരെയധികം ഒരുക്കം ആവശ്യമായു ള്ളതും ഇടവകക്കാർ എല്ലാവരും തന്നെ സംബന്ധിക്കാൻ താത്പര്യ പ്പെടുന്നതുമായ ഒന്നാണ് തിരുപ്പട്ടം. അങ്ങനെയുള്ള ഒരു ചടങ്ങ് ഞായറാ ഴ്ചകളിൽ നടത്തുമ്പോൾ ഉണ്ടാകാവുന്ന അസൗകര്യങ്ങൾ ഊഹിക്കാ വുന്നതേയുള്ളു. അതുകൊണ്ട് ഞായറാഴ്ചകളിൽ തിരുപ്പട്ടം നടത്തു ന്നത് തീർത്തും നിരുത്സാഹപ്പെടുത്തേണ്ടതാണ്. അതിനായി അനുവാ ദത്തിന് എന്നെ സമീപിക്കുമ്പോൾ കൊടുക്കാൻ എനിക്കും ബുദ്ധിമുട്ടു ണ്ടാകും. നിങ്ങളുടെ മക്കൾ ആരെങ്കിലുമൊക്കെ വൈദികപരിശീലന ത്തിൽ ഉണ്ടെങ്കിൽ അവരെ ഇക്കാര്യം മുൻകൂട്ടി അറിയിക്കുകയും ഇടദിവസങ്ങളിൽ മാത്രം ഇടവകകളിൽ തിരുപ്പട്ടശുശ്രൂഷ നടത്താൻ എല്ലാവരും സഹകരിക്കുകയും ചെയ്യണം എന്ന് അഭ്യർത്ഥിക്കുന്നു.

ഈ രൂപതയ്ക്ക് വേണ്ടിയുള്ളവരുടെ കാര്യത്തിൽ നിയന്ത്രണം എളുപ്പമാണ്. എന്നാൽ ഈ രൂപതയിൽ നിന്ന് മറ്റേതെങ്കിലും രൂപതയിലോ സന്യാസസമൂഹത്തിലോ ചേർന്നവരുടെ കാര്യത്തിലാണ് ഇത് കൂടുതൽ പ്രസക്തമായിരിക്കുന്നത്. അതുകൊണ്ട് ബന്ധപ്പെട്ട ബഹുമാനപ്പെട്ട വികാരിയച്ചന്മാരും, സന്യാസസഭകളുടെ അധികാരികളും വൈദികപരിശീലനത്തിൽ ഉള്ളവരുടെ മാതാപിതാക്കളും ഇക്കാര്യത്തിൽ പ്രത്യേകശ്രദ്ധ വയ്ക്കണം എന്ന് ഓർമ്മപ്പെടുത്തുകയാണ്. കർത്താവിന്റെ കൃപ നിങ്ങളോടു കൂടിയുണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്ന് 2013 ജൂലൈ മാസം 20 ന് നൽകപ്പെട്ടത്.



**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:- ഈ സർക്കുലർ 2013 ഓഗസ്റ്റ് മാസം 11–ാം തീയതി ഞായറാഴ്ച എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി.കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.**

# ജസ്റ്റീസ് സൺഡെ - 2013

## ഓഗസ്റ്റ് 18 ഞായർ

### കെസിബിസി SC/ST/BC കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

കർത്താവിൽ പ്രിയപ്പെട്ട സഹോദരീസഹോദരന്മാരേ,

ഭാരതസഭ ഈ വർഷം ഓഗസ്റ്റ് 18-ന് ജസ്റ്റീസ് സൺഡെ - നീതി ഞായർ - ആചരിക്കുകയാണ്. 1986 മുതൽ എല്ലാവർഷവും ഓഗസ്റ്റ് 15 കഴിഞ്ഞുവരുന്ന ഞായറാഴ്ച ജസ്റ്റീസ് സൺഡെയായി ആചരിച്ചുവരുന്നു. ക്രിസ്തുവിൽ വിശ്വസിച്ചതിന്റെ പേരിൽ പട്ടിക ജാതി സംവരണവും സംരക്ഷണവും നിഷേധിക്കപ്പെട്ട ദലിത്ക്രൈസ്തവ സഹോദരങ്ങളോടും നീതിക്കുവേണ്ടി പോരാടുന്ന മറ്റെല്ലാവരോടുമുള്ള ഐക്യദാർഢ്യപ്രഖ്യാപനം കൂടിയാണ് ജസ്റ്റീസ് സൺഡെ ആചരണം.

ക്രൈസ്തവരിൽ ഭൂരിപക്ഷം വരുന്ന ദലിത് സഹോദരർ ഇന്നും മതേതര ഭാരതത്തിൽ നീതിക്കുവേണ്ടിയുള്ള പോരാട്ടം തുടരുകയാണ്. ഭരണഘടനയുടെ ആർട്ടിക്കൾ 25 പ്രകാരം ഇൻഡ്യയിലെ ഏത് പൗരനും ഏതുമതവും സ്വീകരിക്കാൻ അവകാശമുണ്ട്. മതം-ജാതി-വംശം-ദേശം-ലിംഗം തുടങ്ങിയ ഏതിന്റെയെങ്കിലും പേരിലുള്ള വിവേചനം വെച്ചുപുലർത്താൻ പാടില്ലാ എന്നാണ് ഭരണഘടന (ആർട്ടിക്കൾ 15(1)) അനുശാസിക്കുന്നത്. ഇൻഡ്യയിലെ പ്രഥമ ഗവൺമെന്റ് 1950-ൽ അയിത്തത്തിനും അടിമത്ത്വത്തിനും വിധേയരായി, പാർശ്വവത്കരിക്കപ്പെട്ട ജനവിഭാഗങ്ങളുടെ ഒരുപട്ടിക തയ്യാറാക്കുകയും പ്രത്യേക സംരക്ഷണം അവർക്കു നല്കുന്നതിന് ഭരണഘടനയുടെ 341/1,2 ഭാഗങ്ങളിൽ അവ എഴുതി ചേർക്കുകയും ചെയ്തു. ഇതനുസരിച്ച് പട്ടികജാതി സംവരണത്തിനു മതം ഒരു മാനദണ്ഡമായി ഭരണഘടനയുടെ ഒരുഭാഗത്തും നിഷ്കർഷിച്ചിട്ടില്ല.

1950 ഓഗസ്റ്റ് 10-ാം തീയതി ഇൻഡ്യയുടെ പ്രഥമ പ്രസിഡന്റ് ഡോ. രാജേന്ദ്രപ്രസാദ് സംവരണവും സംരക്ഷണവും ലഭിക്കേണ്ട ജാതികളുടെ ഒരുപട്ടിക പ്രത്യേക ഉത്തരവിലൂടെ പ്രസിദ്ധീകരിച്ചു.

ഈ ഉത്തരവിന്റെ 3-ാം ഖണ്ഡികയിൽ ഹിന്ദുമതത്തിൽ നിന്നും വ്യത്യസ്തമായ ഒരു മതം സ്വീകരിച്ചിട്ടുള്ള ദലിതരെ പട്ടികജാതി ക്കാരായി പരിഗണിക്കുന്നതല്ല എന്നെഴുതി ചേർത്തു. ദൗർഭാഗ്യവശാൽ ഈ ഉത്തരവിലൂടെ ദലിത് ക്രൈസ്തവർ, നിയോ ബുദ്ധിസ്റ്റ്, ദലിത് സിക്കുകാർ, ദലിത് മുസ്ലിങ്ങൾ എന്നിവർ പട്ടികജാതി സംവരണത്തിന് പുറത്തായി. എന്നാൽ 1956-ലും 1990-ലും യഥാക്രമം ദലിത് സിക്കുകാർക്കും, ബുദ്ധമതകാർക്കും സംവരണവും അതിനോടനു ബന്ധിച്ച ആനുകൂല്യങ്ങളും പുനഃസ്ഥാപിക്കപ്പെട്ടു. എന്നാൽ ദലിത് ക്രൈസ്തവ സഹോദരങ്ങൾ ഇന്നും സംവരണ പട്ടികയ്ക്ക് പുറത്താണ്. ഇത് ഭരണഘടന ലംഘനവും എതിർക്കപ്പെടേണ്ട വിവേചനവുമാണ്.

പിന്നാക്ക ജനവിഭാഗങ്ങളുടെ പുരോഗതിയെകുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് കേന്ദ്രസർക്കാർ നിയോഗിച്ചിട്ടുള്ള കലേൽക്കർ കമ്മീഷൻ (1953), മണ്ടൽ കമ്മീഷൻ എന്നിവ ക്രിസ്തുമതം സ്വീകരിച്ച ദലിതരുടെ പിന്നാക്കാവസ്ഥ വ്യക്തമാക്കി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. 2005 നവംബർ 28-ന് കേന്ദ്ര ഗവൺമെന്റ് നിയമിച്ച ജസ്റ്റീസ് രംഗനാഥമിശ്ര കമ്മീഷൻ ദലിത് ക്രൈസ്തവർക്ക് സംവരണം കൊടുക്കണമെന്ന നിലപാട് കണ്ടെത്തി 2007 മെയ് 18-ന് കേന്ദ്രഗവൺമെന്റിന് റിപ്പോർട്ട് സമർപ്പിച്ചു. കേരള സർക്കാർ നിയോഗിച്ച കുമാരപിള്ള കമ്മീഷനും (1965) നെട്ടൂർ കമ്മീഷനും (1970) പട്ടികജാതി വിഭാഗങ്ങളിൽ നിന്നും മതപരിവർത്തനം നടത്തിയവർക്ക് പട്ടികജാതികാർക്ക് നൽകുന്നപോലെ സംവരണം കൊടുക്കണമെന്ന് കണ്ടെത്തുകയുണ്ടായി. 1983-ലും 2006-ലും സംവരണാനുകൂല പ്രൈവറ്റ് ബില്ലുകൾ ലോകസഭയിൽ അവതരിപ്പിച്ചുവെങ്കിലും പ്രയോജനം ലഭിച്ചില്ല. 1996 മാർച്ച് 12-ന് കേന്ദ്രസർക്കാർ പാർലമെന്റിൽ ബില്ലവതരിപ്പിച്ചുവെങ്കിലും സാങ്കേതികകാരണം പറഞ്ഞ് അനുമതി നിഷേധിച്ചു.

പൊതു താത്പര്യഹർജികൾ കൊടുക്കുന്നതിനായി രൂപീകരിച്ച് രജിസ്റ്റർ ചെയ്ത സെന്റർ ഫോർ പബ്ലിക് ഇന്ററസ്റ്റ് ലിറ്റിഗേഷൻ എന്ന സംഘടനയും ട്രിച്ചി സ്വദേശി ശ്രീ. ഫ്രാങ്ക്ലിൻ തോമസും ക്രൈസ്തവ സംവരണ വിഷയം ഏറ്റെടുത്ത് 2004-ൽ സുപ്രീംകോടതിയിൽ ഹർജി നല്കുകയുണ്ടായി. പ്രസ്തുത കേസ് പല പ്രാവശ്യം വിചാരണയ്ക്കു

വന്നെങ്കിലും കേന്ദ്ര ഗവൺമെന്റിന്റെ അഭിപ്രായത്തി നായി മാറ്റി വയ്ക്കുകയായിരുന്നു. ഇലക്ഷൻ സമയത്ത് മോഹനവാഗ്ദാനങ്ങൾ നൽകി നമ്മുടെ വോട്ട് നേടി പാർലമെന്റിൽ അംഗങ്ങാളാകുന്ന വ്യക്തികൾ ദലിത് ക്രൈസ്തവരുടെ സംവരണ വിഷയം മുഖ്യവിഷയമാക്കി ചർച്ചക്കെടുപ്പിക്കുന്നതിൽ പരാജയപ്പെ ടുന്നുവെന്ന കാര്യം ഈ അവസരത്തിൽ നാം ഓർക്കേണ്ടതാണ്.

ദലിത്ക്രൈസ്തവ സംരക്ഷണവിഷയം സഭാമാതാവിനേറ്റ മുറിവായി നാം അംഗീകരിക്കണം. ദുർബലരെയും പാവപ്പെട്ടവരെയും കൈപിടിച്ചുയർത്തുകയെന്നത് ക്രിസ്തീയ കൂട്ടായ്മയുടെ ചൈതന്യമാണ്. നിയമാവർത്തനഗ്രന്ഥം പറയുന്നു: "നിങ്ങളുടെ ദൈവമായ കർത്താവ് നിങ്ങൾക്കു നൽകുന്ന ദേശത്തെ പട്ടണങ്ങളിൽ ഏതെങ്കിലും ഒരു സഹോദരൻ ദരിദ്രനായിട്ടുണ്ടെങ്കിൽ, നീ നിന്റെ ഹൃദയം കഠിനമാക്കുകയോ അവനു സഹായം നിരസിക്കുകയോ അരുത്" (നിയമ. 15.7). പരിശുദ്ധ ഫ്രാൻസീസ് പാപ്പായുടെ ഈസ്റ്റർ സന്ദേശത്തിലും തുടർന്നുള്ള പ്രബോധനങ്ങളിലും ദരിദ്രരുടെയും അനീതി അനുഭവിക്കുന്നവരുടെയും ന്യൂനതകൾ ഉള്ളവരുടെയും ഒപ്പം നടക്കാൻ സഭ ശ്രദ്ധിക്കണമെന്നാവർത്തിച്ച് ഓർമ്മപ്പെടുത്തുന്നു. 1600 വൈദികരോടൊപ്പം ദിവ്യബലിയർപ്പിച്ച പെസഹാക്കുർബാനയിൽ ദൈവവിളിയുടെ മഹത്ത്വം ദർശിക്കാൻ പുറത്തേക്കിറങ്ങണമെന്നും അവിടെ കഷ്ടപ്പെടുന്നവരെയും പീഡകൾ സഹിക്കുന്നവരെയും കാണാനാകണമെന്നും പരിശുദ്ധപിതാവ് അനുസ്മരിപ്പിച്ചു. കർദ്ദിനാൾ ബെർഗോളിയോ പാപ്പായായി തെരഞ്ഞെടുക്കപ്പെട്ടുവെന്നറിഞ്ഞയുടൻ കർദ്ദിനാൾ ക്ലൗഡിയോ ഹുമ്മെസ് പുതിയ പാപ്പായെ കെട്ടിപ്പിടിച്ച്, ചുംബിച്ച് പറഞ്ഞു: "പാവപ്പെട്ടവരെ മറക്കരുത്". ഈ വാക്കുകൾ ഉള്ളിൽ മുഴുങ്ങിയതുകൊണ്ടാണ് ഫ്രാൻസിസ് എന്ന പേര് പാപ്പാ സ്വീകരിച്ചത്. ക്രിസ്തുവിൽ വിശ്വസിച്ചതിന്റെ പേരിൽ പട്ടികജാതിവംശജരായ നമ്മുടെ ദലിത് സഹോദരങ്ങൾക്ക് സംവരണം നിഷേധിക്കുന്നത് വിശ്വാസത്തിനുനേരെയുള്ള കടന്നാക്രമണമാണെന്ന് എല്ലാവരും തിരിച്ചറിയണം. ഈ കാലഘട്ടത്തിൽ ക്രൈസ്തവരാണല്ലോ ഏറ്റവും അധികം പീഡനങ്ങൾക്ക് വിധേയരാകുന്നത്. സിറിയായിൽ രണ്ട് മെത്രാന്മാരെ തട്ടിക്കൊണ്ട് പോയതും വേദനയോടെ നാം ഓർക്കണം.

കേരള കത്തോലിക്കാ സഭയിലെ വിവിധ രൂപതകളിൽ ദലിത് ക്രൈസ്തവരുടെ ക്ഷേമത്തിനും അഭിവൃദ്ധിക്കുമായി ഡി.സി.എം.എസ്സ് (ദലിത് കത്തോലിക്ക മഹാജന സഭ) പ്രവർത്തിക്കുന്ന കാര്യം ഏവർക്കും അറിവുള്ളതാണല്ലോ. കഴിഞ്ഞ കുറെ മാസങ്ങളായി ഡി.സി.എം.എസ്സ്. ഭാരവാഹികൾ വിവിധ രൂപതകൾ സന്ദർശിച്ച് ദലിത് സഹോദരങ്ങളുടെ ഉന്നമനത്തിനുവേണ്ടിയുള്ള പ്രവർത്തനങ്ങളെക്കുറിച്ച് വിലയിരുത്തുകൾ നടത്തുകയുണ്ടായി. പൊതുവെ നല്ല രീതിയിൽ ഡി. സി. എം. എസ്സിന്റെ പ്രവർത്തനങ്ങൾ നടക്കുന്നുണ്ടെങ്കിലും ഇനിയും ജനക്ഷേമകരമായ പ്രവർത്തനങ്ങളിൽ ശ്രദ്ധിക്കേണ്ടതുണ്ട്. കേന്ദ്ര സംസ്ഥാന സർക്കാരുകൾ പാവപ്പെട്ടവർക്ക് വേണ്ടി നടപ്പിലാക്കുന്ന പദ്ധതികളെകുറിച്ച് നമുക്ക് കൂടുതൽ അറിവുണ്ടാകണം. വിദ്യാഭ്യാസ സാദ്ധ്യതകളെക്കുറിച്ചും തൊഴിൽ സാദ്ധ്യതകളെക്കുറിച്ചും കൂടുതൽ അറിവും അവബോധവും വളർത്തിയെടുക്കണം. സാമ്പത്തിക മേഖലയിൽ കൂടുതൽ അച്ചടക്കം വരുത്തണം (കുടുംബ ബജറ്റ് തയ്യാറാക്കി വരവനുസരിച്ച് ചെലവഴിക്കൽ). സർക്കാർ സ്ഥാപനങ്ങളിൽ നിന്നും ബാങ്ക് തുടങ്ങിയ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും പണം വായ്പ എടുക്കുന്നതോടൊപ്പം പണം തിരിച്ചടയ്ക്കുന്നതിൽ നമ്മുടെ സമൂഹവും മുൻപന്തിയിൽ നിന്നു മറ്റുള്ളവർക്കു നല്ല മാതൃക നൽകണം. വാങ്ങുന്നവർ മാത്രമായി മാറാതെ കൊടുക്കുന്നവരായി മാറാനും കഴിയണം. സഭയുടെ സമൂഹിക ശുശ്രൂഷകളിൽ ദലിത് സമൂഹത്തിൽപ്പെട്ടവരും സജീവ സാന്നിധ്യമാകണം. സമ്പന്നരെ കൂടുതൽ സമ്പന്നരും ദരിദ്രരെ പരമദരിദ്രരുമാക്കുന്ന മദ്യസംസ്കാരത്തിൽനിന്നും മനുഷ്യരെ മോചിപ്പിക്കാനുള്ള സഭയുടെയും സന്നദ്ധ സംഘടനകളുടെയും പ്രവർത്തനങ്ങളോട് ദലിത് ക്രൈസ്തവരും സഹകരിക്കണം.

കഴിഞ്ഞ അദ്ധ്യയന വർഷത്തിൽ SSLC, +2, Degree, Post Graduate തുടങ്ങിയ പരീക്ഷകളിൽ ഉന്നത വിജയം കരസ്ഥമാക്കിയ ദലിത് കത്തോലിക്കാകുട്ടികൾക്ക് സ്കോളർഷിപ്പ് നല്കുന്നതാണ്. അർഹരായ കുട്ടികളുടെ അപേക്ഷ നിശ്ചിത ഫോറത്തിൽ 2013 സെപ്തം. 3-നകം രൂപതാ ഡയറക്ടറുടെ ശുപാർശയോടെ KCBC SC/ST/BC കമ്മീഷൻ സെക്രട്ടറി ( Rev. John Areekal , Secretary KCBC SC/ST/BC Commission, St. Mary's Church, Thachottukav, Peyad P.O. Thrivandrum 695 573) യുടെ

പേരിൽ അയച്ചുകൊടുക്കണം. ജസ്റ്റീസ് സൺഡേദിനമായ ഓഗസ്റ്റ് 18-ന് വിശുദ്ധ കുർബാന മദ്ധ്യേ പ്രത്യേക പിരിവ് നടത്തി ലഭിക്കുന്ന സംഭാവന രൂപാതാകേന്ദ്രത്തിലെത്തിക്കുകയും അവ KCBC SC/ST/BC കമ്മീഷൻ ചെയർമാന്റെ പേരിൽ അയച്ചുതരികയും വേണം.

ഈ വർഷത്തെ ജസ്റ്റീസ് സൺഡെ സമൂഹത്തോടുള്ള നമ്മുടെ പ്രതിജ്ഞാബദ്ധതയുടെ ദിനമായിരിക്കട്ടെ.

**ബിഷപ്പ് സെൽവിസ്റ്റർ പൊന്നുമുത്തൻ**
ചെയർമാൻ, കെ.സി.ബി.സി SC/ST/BC കമ്മീഷൻ

**ബിഷപ്പ് മാർ ജോസഫ് കല്ലറങ്ങാട്ട്,**
**ബിഷപ്പ് ഫിലിപ്പോസ് മാർ സ്റ്റെഫാനോസ്**
വൈസ് ചെയർമാൻ, കെ.സി.ബി.സി SC/ST/BC കമ്മീഷൻ

---

**NB:- ഈ സർക്കുലർ 2013 ഓഗസ്റ്റ് മാസം 18-ാം തീയതി ഞായറാഴ്ച എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി.കുർബാന മദ്ധ്യേ വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ച് കൊടുക്കുകയോ ചെയ്യേണ്ടതാണ്.**

# തടവറ പ്രേഷിത ദിനം

## 2013 ഓഗസ്റ്റ് 25 ഞായർ

**കെസിബിസി ജസ്റ്റിസ്, പീസ്, ആൻഡ് ഡെവലപ്പ്മെന്റ് കമ്മീഷന്റെ കീഴിൽ പ്രവർത്തിക്കുന്ന ജീസസ് ഫ്രട്ടേണിറ്റി നടത്തുന്ന തടവറ പ്രേഷിതപ്രവർത്തനത്തിൽ സഭാമക്കൾ പങ്ക് ചേരുകയെന്ന ആവശ്യകതയെക്കുറിച്ച് പുറപ്പെടുവിക്കുന്ന സർക്കുലർ**

കർത്താവിൽ പ്രിയപ്പെട്ട സഹോദരീസഹോദരന്മാരേ,

ഒരു തടവറ പ്രേഷിതദിനം കൂടി വന്നണയുന്നു. എല്ലാ രൂപതകളിലും ഈ ദിവസം തടവറയിലെ സഹോദരരെ സമർപ്പിച്ച് പ്രാർത്ഥിക്കാനും ഈ ശുശ്രൂഷ ചെയ്യാൻ കൂടുതൽപേരെ ജീസസ്സ് ഫ്രട്ടേണിറ്റി (യേശു സാഹോദര്യം) യുടെ അംഗങ്ങളാക്കാനും പരിശ്രമിക്കണം.

നമ്മുടെ പരിശുദ്ധ പിതാവ് ഫ്രാൻസീസ് പാപ്പ തന്റെ ശുശ്രൂഷ ഏറ്റെടുത്ത ശേഷം പെസഹ വ്യാഴാഴ്ചയിലെ കാലുകഴുകൽ ശുശ്രൂഷ നടത്തിയത് റോമിലെ ഒരു ജയിലിലായിരുന്നല്ലോ. തടവറയിലെ സഹോദരരോട് സഭയ്ക്കുണ്ടായിരിക്കേണ്ട മനോഭാവം പാപ്പയുടെ പ്രവർത്തിയിലൂടെ സുവ്യക്തമാണ്. ഓരോ വ്യക്തിയും ദൈവച്ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടവനാണ്. ഏത് കൊടും കുറ്റവാളിയിലും ദൈവചൈതന്യം കുടികൊള്ളുന്നുണ്ട്. ദൈവത്തിന്റെ കരുണയുടെ മുഖമാകാനാണ് പാപ്പാ നമ്മെ ക്ഷണിക്കുന്നത്.

തടവറയിലെ സഹോദരരോടുള്ള സഭയുടെ ഹൃദയ ഐക്യത്തിന് സഭയോളം തന്നെ പഴക്കമുണ്ട്. നമ്മുടെ കർത്താവായ മിശിഹാ പീലാത്തോസിന്റെ അരമനയിൽ ഒരു തടവുപുള്ളിയായി രാത്രി മുഴുവൻ കഴിച്ചുകൂട്ടി. ഈശോയുടെ അപ്പസ്തോലന്മാർ എല്ലാവരും തന്നെ കാരാഗൃഹവാസം അനുഭവിച്ചവരും അന്യായമായി തടങ്കലിൽ പീഡിപ്പിക്കപ്പെട്ടവരുമാണ്. എത്രയോ വിശുദ്ധ രക്തസാക്ഷികളെയാണ് ജയിലിൽ നിന്ന് സഭയ്ക്ക് ലഭിച്ചത്. വിശുദ്ധ സെബസ്ത്യാനോസ് നല്ലൊരു തടവറ പ്രേഷിതനായിരുന്നു. കാരാഗൃഹവാസികളായിരുന്ന അനേകരെ

ക്രിസ്തുവിനോടുള്ള സ്നേഹത്തിൽ ഉറപ്പിച്ച് നിറുത്താനും ക്രിസ്തുവിനു വേണ്ടി രക്തസാക്ഷികളാകാനും അദ്ദേഹം സഹായിച്ചു.

തടവറ പ്രേഷിതപ്രവർത്തനങ്ങളുടെ മദ്ധ്യസ്ഥനായി സഭ വണങ്ങുന്നത് വിശുദ്ധ മാക്സ്മില്യൻ മരിയ കോൾബേയെയാണ്. സഹതടവുകാരനു വേണ്ടി രക്തസാക്ഷിത്വം വരിച്ച അദ്ദേഹം, സഹോദരനു വേണ്ടി ജീവൻ ബലി കഴിക്കുന്നതിനെക്കാൾ വലിയ സ്നേഹമില്ലെന്ന യേശുവിന്റെ വചനത്തിന് ഉത്തമ ദൃഷ്ടാന്തമായി. അദ്ദേഹത്തിന്റെ തിരുനാളായ ഓഗസ്റ്റ് 14 ആണ് തടവറ പ്രേഷിതദിനം. അത് കഴിഞ്ഞു വരുന്ന ഞായറാഴ്ച നമ്മൾ ഈ ദിനം ആഘോഷിക്കുന്നു.

കുറ്റകൃത്യങ്ങളുടെ എണ്ണത്തിൽ കേരളം സർവകാല റെക്കോഡിലാണ്. ക്രൈംറെക്കോർഡ്സ് ബ്യൂറോ പുറത്തുവിട്ട കണക്കുപ്രകാരം കഴിഞ്ഞവർഷം രജിസ്റ്റർ ചെയ്യപ്പെട്ട കേസുകളുടെ എണ്ണം നാലര ലക്ഷത്തിലേറെയായിരുന്നു. പ്രതിമാസം ശരാശരി 31,245 കുറ്റകൃത്യങ്ങളാണ് സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യപ്പെടുന്നത്. ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ 2011 -ലെ കണക്കു പ്രകാരം ആകെ 4,18,770 കേസുകളാണ് സംസ്ഥാനത്ത് രേഖപ്പെടുത്തിയത്. ഇതിൽ ഇന്ത്യൻ പീനൽ കോഡ് ആക്ടു പ്രകാരം 1,72,137 കേസുകളും സ്പെഷ്യൽ ലോക്കൽ ലോ പ്രകാരം 2,46,633 കേസുകളുമാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. എന്നാൽ 2012 സെപ്റ്റംബർ ആയപ്പോഴേക്കും ഐപിസി പ്രകാരമുള്ള 1,17,935 കുറ്റകൃത്യങ്ങളും, 2,57.009 മറ്റു കുറ്റകൃത്യങ്ങളും രേഖപ്പെടുത്തിക്കഴിഞ്ഞു.

സംസ്ഥാനത്ത് അബ്കാരി ആക്ട് പ്രകാരമുള്ള കുറ്റങ്ങളുടെ എണ്ണത്തിലും കാര്യമായ വർദ്ധനയുണ്ടായി. ആകെ ഇതുവരെ 39,889 കേസുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള കുറ്റങ്ങളുടെ എണ്ണത്തിലും വർദ്ധനയുണ്ടായി. ആകെ ഈ വിഭാഗത്തിൽ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിരിക്കുന്ന കേസുകൾ 9,758 ആണ്. കുട്ടികൾക്കെതിരായ വിവിധ കുറ്റകൃത്യങ്ങളുടെ കാര്യത്തിലും 2008 മുതൽ വർദ്ധനയുണ്ടായിട്ടുണ്ട്. 2008(549), 2009(589), 2010(596), 2011(1452), എന്നിങ്ങനെയാണ് വർദ്ധന. ഈ വിഭാഗത്തിൽ 905 കുറ്റകൃത്യങ്ങളാണ് 2012 സെപ്റ്റംബർ വരെ രേഖപ്പെടുത്തിയിട്ടുള്ളത്. സൈബർ കുറ്റകൃത്യങ്ങൾ 1 ലക്ഷം കവിഞ്ഞു. 193% വർദ്ധനയാണ് ഈ മേഖലയിൽ 2012-ൽ മാത്രം ഉണ്ടായത്.

ദേശീയ ശരാശരിയുടെ കാര്യത്തിലും കേരളം ഒട്ടും പിന്നിലല്ല. രാജ്യത്ത് ഏഴാം സ്ഥാനത്താണ് കേരളം. രജിസ്റ്റർ ചെയ്യപ്പെടുന്ന കുറ്റങ്ങൾ മാത്രം അടിസ്ഥാനമാക്കിയാണ് ഈ കണക്കുകൾ ക്രോഡീകരിച്ചിരിക്കുന്നത്. എന്നാൽ രജിസ്റ്റർ ചെയ്യപ്പെടാത്ത നിരവധി കുറ്റകൃത്യങ്ങൾ ഉൾപ്പെടുത്തിയാൽ കണക്കുകൾ ഇതിലും കൂടുമെന്ന് അധികൃതർ പറയുന്നു. ഈ സാഹചര്യത്തിൽ ജീസസ്സ് ഫ്രട്ടേണിറ്റി യുടെ പ്രസക്തി വർദ്ധിക്കുന്നു. കുറ്റകൃത്യങ്ങളിൽ നിന്ന് വിമുക്തമായ ഒരു നവലോകം നമുക്കു സ്വപ്നം കാണാം. കുറ്റകൃത്യങ്ങളിൽ വീണുപോയവരോട് കരുണകാണിക്കാനും, പഴയ തിന്മയുടെ വഴിക ളിൽ അവർ പോകാതിരിക്കാനും ജീസസ്സ് ഫ്രട്ടേണിറ്റിയുടെ പ്രവർത്തനങ്ങൾ എല്ലാ രൂപതകളിലും ശക്തമാക്കേണ്ടതുണ്ട്.

കഴിഞ്ഞ 27 വർഷമായി ജീസസ്സ് ഫ്രട്ടേണിറ്റി തടവറയിൽ കഴി യുന്ന മക്കളുടെയും ശിക്ഷകഴിഞ്ഞിറങ്ങുന്ന സഹോദരരുടെയും നവീ കരണത്തിനായി പ്രവർത്തിക്കുന്നു. കേരള കത്തോലിക്ക മെത്രാൻ സമിതിയുടെ ജസ്റ്റിസ് പീസ് ആന്റ് ഡിവലപ്മെന്റ് കമ്മീഷന്റെ കീഴിൽ പ്രവർത്തിക്കുന്ന യേശുസാഹോദര്യകൂട്ടായ്മ 8 സോണുകളിലായി കേരളത്തിലെ 52 ജയിലുകളിലും ശുശ്രൂഷ ചെയ്യുന്നു. തടവറ സന്ദർശനം, കൗൺസലിംഗ്, ക്ലാസുകൾ, ദിവ്യബലി എന്നിവയ്ക്കു പുറമേ ജയിലിലായിരിക്കുന്നവരുടെ ഭവന സന്ദർശനം, അവരുടെ മക്ക ളുടെ വിദ്യാഭ്യാസത്തിനും വിവാഹത്തിനും സഹായം തുടങ്ങിയവ ജീസസ്സ് ഫ്രട്ടേണിറ്റിയുടെ വിവിധങ്ങളായുള്ള പ്രവർത്തനങ്ങളിൽ ചിലതു മാത്രമാണ്. കേരളത്തിൽ 13 പുനരധിവാസ കേന്ദ്രങ്ങൾ ജീസസ്സ് ഫ്രട്ടേണിറ്റിക്ക് ഉണ്ട്. ഇതിൽ 3 എണ്ണം പുരുഷന്മാർക്കു വേണ്ടിയും 3 എണ്ണം സ്ത്രീകൾക്കുവേണ്ടിയും ബാക്കിയുള്ളവ കുട്ടികൾക്കു വേണ്ടി യുമാണ്. അനേകം പേർ ഈ ആശ്രമങ്ങളിലൂടെ പുതുജീ വിതത്തിലേക്ക് എത്തപ്പെട്ടിട്ടുണ്ട്.

കേരളത്തിലെ 30 രൂപതകളിലും യേശു സാഹോദര്യശുശ്രൂ ഷയ്ക്ക് ഡയറക്ടർമാരുള്ളത് ഫ്രട്ടേണിറ്റിയുടെ പ്രവർത്തനങ്ങൾക്ക് കരുത്തുപകരുന്നു. കേരളത്തിലെ 9 മേജർ സെമിനാരികളിൽ ജീസസ്സ് ഫ്രട്ടേണിറ്റി യൂണിറ്റുകൾ വളരെ നന്നായി പ്രവർത്തിക്കുന്നു. തടവറ തീർത്ഥാടനത്തിലൂടെ ജയിലുകൾ സന്ദർശിച്ചും, ഭാവാത്മകമായ പ്രോഗ്രാമുകൾ അവതരിപ്പിച്ചും സെമിനാരി വിദ്യാർത്ഥികൾ ഈ ശുശ്രൂ ഷയുടെ ഭാഗമാകുന്നു എന്നത് അഭിനന്ദനാർഹമാണ്.

നിർലോഭമായി ഈ ശുശ്രൂഷയോട് സഹകരിക്കുന്ന അഭിവന്ദ്യ പിതാക്കന്മാരെ നന്ദിയോടെ ഓർക്കുന്നു. തടവറ പ്രേഷിതദിനത്തിൽ ദേവാലയത്തിൽ എടുക്കുന്ന കളക്ഷൻ എല്ലാ രൂപതകളും എത്തിച്ച് തരുന്നത് ഫ്രട്ടേണിറ്റി പ്രവർത്തനങ്ങൾക്ക് വലിയ അനുഗ്രഹമാണ്. തുടർന്നും ഈ സഹായമുണ്ടാകണമെന്ന് വിനയപുരസരം അഭ്യർത്ഥിക്കുന്നു. ജീസസ്സ് ഫ്രട്ടേണിറ്റി പ്രവർത്തകരെയും, പല രീതിയിൽ സഹായഹസ്തം നീട്ടുന്ന അഭ്യുദയകാംക്ഷികളെയും ഈ ശുശ്രൂഷയോടു സഹകരിക്കുന്ന ജയിലധികാരികളെയും പ്രാർത്ഥനയോടും നന്ദിയോടും കൂടെ ഓർക്കുന്നു. എല്ലാവർക്കും ദൈവാനുഗ്രഹം നേർന്നുകൊണ്ട്,

ജീസസ്സ് ഫ്രട്ടേണിറ്റിക്കുവേണ്ടി,

**ബിഷപ്പ് സ്റ്റീഫൻ അത്തിപ്പൊഴിയിൽ**
ചെയർമാൻ, കെ.സി.ബി.സി. ജസ്റ്റീസ്, പീസ് ആൻഡ് ഡിവലപ്പ്മെന്റ് കമ്മീഷൻ

**ബിഷപ്പ് ജോഷ്വാ മാർ ഇഗ്നാത്തിയോസ്**
വൈസ് ചെയർമാൻ, കെ.സി.ബി.സി. ജസ്റ്റീസ്, പീസ് ആൻഡ് ഡിവലപ്പ്മെന്റ് കമ്മീഷൻ

**ബിഷപ്പ് മാർ ബോസ്കോ പുത്തൂർ**
വൈസ് ചെയർമാൻ, കെ.സി.ബി.സി. ജസ്റ്റീസ്, പീസ് ആൻഡ് ഡിവലപ്പ്മെന്റ് കമ്മീഷൻ

---

**NB:- ഈ സർക്കുലർ 2013 ഓഗസ്റ്റ് മാസം 25-ാം തീയതി ഞായറാഴ്ച എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി.കുർബാന മദ്ധ്യേ വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ച് കൊടുക്കുകയോ ചെയ്യേണ്ടതാണ്.**

Dear Brothers and Sisters,

This year, as we celebrate World Mission Day, the *Year of Faith,* which is an important opportunity to strengthen our friendship with the Lord and our journey as a Church that preaches the Gospel with courage, comes to an end. From this perspective, I would like to propose some reflections.

1. Faith is God's precious gift, which opens our mind to know and love him. He wants to enter into relationship with us and allow us to participate in his own life in order to make our life more meaningful, better and more beautiful. God loves us! Faith, however, needs to be accepted, which means, it needs our personal response, the courage to entrust ourselves to God, to live his love and be grateful for his infinite mercy. It is a gift, not reserved for a few but offered with generosity. Everyone should be able to experience the joy of being loved by God, the joy of salvation! It is a gift that one cannot keep to oneself, but it is to be shared. If we want to keep it only to ourselves, we will become isolated, sterile and sick Christians. The proclamation of the Gospel is part of being disciples of Christ and it is a constant commitment that animates the whole life of the Church. "The missionary outreach is a clear sign of the maturity of an ecclesial community." (BENEDICT XVI, *Verbum Domini,* 95) Each community is "mature" when it professes faith, celebrates it with joy during the liturgy, lives charity, proclaims the Word of God endlessly, leaves ones own to take it to the "suburbs", especially to those who have not yet had the opportunity to know Christ. The strength of our faith, at a personal and community level, can be measured by the ability to communicate it to others, to spread and live it in charity, to witness it to those we meet and share the path of life with us.

2. *The Year of Faith,* fifty years after the beginning of the Second Vatican Council, motivates the entire Church towards a renewed awareness of its presence in the contemporary world and its mission among peoples and nations. Missionarity, is not alone about geographical

territories, but it is about peoples, cultures and individuals, because the "boundaries" of faith do not only cross places and human traditions, but the heart of each man and each woman. The Second Vatican Council emphasized in a special way how the missionary task: that of broadening the boundaries of faith, belongs to every baptized person and all Christian communities since "the people of God lives in communities, especially in dioceses and parishes, and becomes somehow visible in them, it is up to these to witness Christ before the nations" (*Ad Gentes,* 37). Each community is therefore questioned and invited to make its own, the mandate entrusted by Jesus to the Apostles, to be his "witnesses in Jerusalem, throughout Judea and Samaria and to the ends of the earth" (*Acts* 1:8) and this, not as a secondary aspect of Christian life, but as its essential aspect: we are all invited to walk the streets of the world with one's brothers and sisters, proclaiming and witnessing our faith in Christ and making ourselves heralds of his Gospel. I invite Bishops, Priests, and the Presbyteral and Pastoral Councils and each person and group responsible in the Church to give a prominent position to this missionary dimension in formation and pastoral programmes, in the understanding that their apostolic commitment is not complete unless it contains the intention of bearing witness to Christ before the nations and before all peoples. This missionary aspect is not merely a programmatic dimension in Christian life, but it is also a paradigmatic dimension that affects all aspects of Christian life.

3. The work of evangelization often finds obstacles, not only externally, but also from within the ecclesial community. Sometimes there is lack of fervour, joy, courage and hope in proclaiming the Message of Christ to all and in helping the people of our time to an encounter with him. Sometimes, it is still thought, that proclaiming the truth of the Gospel means an incursion on freedom. Paul VI speaks eloquently on this: "It would be... an error to impose something on the consciences of our brethren. But to propose to their consciences the truth of the Gospel and salvation in Jesus Christ, with complete clarity and with total respect for free options which it presents... is a tribute to this freedom" (*Evangelii Nuntiandi,* 80). We must always have the courage and the joy of proposing, with respect an encounter with Christ, and become heralds of his Gospel. Jesus came amongst us to show us the way of salvation and he entrusted to us the mission to make it known to all to the ends of the earth. All too often, we see that

it is violence, lies and mistakes that are emphasized and proposed. It is urgent in our time to announce and witness the goodness of the Gospel, and this from within the Church itself. Because from this prospective, it is important to never forget a fundamental principle for every evangelizer: one cannot announce Christ without the Church. Evangelization is not an isolated individual or private act; it is always ecclesial. Paul VI wrote, "When an unknown preacher, catechist or Pastor, preaches the Gospel, gathers the little community together, administers a Sacrament, even alone, he is carrying out an ecclesial act." He acts not "in virtue of a mission which he attributes to himself or by a personal inspiration, but in union with the mission of the Church and in her name" (ibid. 60). And this gives strength to the mission and makes every missionary and evangelizer feel he is never alone, but part of a single Body animated by the Holy Spirit.

4. In our era, the widespread mobility and facility of communication through new media have mingled people, knowledge, experience. For work reasons entire families move from one continent to another; professional and cultural exchanges, tourism, and other phenomena have also propelled great movements of peoples. This makes it difficult, even for the parish community, to know who lives permanently or temporarily in the area. More and more also, in large areas of what were traditionally Christian regions, the number of those who are total strangers to faith, or indifferent to the religious dimension or animated by other beliefs have increased. Therefore it is not infrequent that, some baptized make lifestyle choices that lead them away from faith, thus making them in need of a "new evangelization". To all this is added the fact, that a large part of humanity has not yet been reached by the good news of Jesus Christ. We also live in a time of crisis that touches various sectors of existence, not only that of the economy, of finance, of food security, or the environment, but also that of the deeper meaning of life and the fundamental values that animate it. Even human coexistence is marked by tensions and conflicts that cause insecurity and difficulty in finding the right path that leads to a stable peace. In this complex situation, where the horizon of the present and future paths seem threatened by menacing clouds, it is necessary to proclaim with courage in all realities, the Gospel of Christ, which is a message of hope, reconciliation, communion and proclamation of God's closeness, of his mercy, his salvation; a proclamation that the power of God's love is able to overcome the darkness of evil and guide us on

the path of goodness. Humanity of our time needs the secure light that illuminates its path and that only the encounter with Christ can give. Let us bring to this world, through our witness, with love, the hope given by faith! The Church's missionarity is not proselytizing, but the testimony of a life that illuminates the path, which brings hope and love. The Church - I repeat once again - is not a relief organization, an enterprise or an NGO, but a community of people, animated by the Holy Spirit, who have lived and are living the wonder of the encounter with Jesus Christ and want to share this experience of deep joy, the message of salvation that the Lord gave us. It is the Holy Spirit that guides the Church in this path.

5. I would like to encourage all, to become bearers of the good news of Christ and I am grateful especially to missionaries, to the Fidei *Donum* priests, men and women religious and lay faithful - more and more numerous - who by accepting the Lord's call, leave their homeland to serve the Gospel in different lands and cultures. But I would also like to emphasize that these same young churches are engaging generously in sending missionaries to the Churches that are in difficulty - not infrequently Churches of ancient Christianity - thus bringing the freshness and enthusiasm with which they live their faith that renews life and gives hope. To live in this universal freshness, responding to the mandate of Jesus: "Go therefore and make disciples of all nations" (Mt 28, 19) is richness for each particular Church, each community because sending missionaries is never a loss, but a gain. I appeal to all those who feel the call to respond generously to the Holy Spirit, according to your state in life, not to be afraid to be generous with the Lord. I also invite Bishops, religious families, communities and all Christian groups to support, with foresight and careful discernment, the *Ad Gentes* missionary call and help Churches that need priests, religious and laity to strengthen the Christian community. And this attention should also be present among Churches that are part of the same Episcopal Conference or Region because it is important that Churches rich in vocations help more generously those that suffer their shortage.

Together I urge the missionaries, especially the *fidei donum* priests and laity to live with joy their precious service in the Churches to which they are sent and to bring their joy and experience to the Churches from which they come, remembering how Paul and Barnabas at the end of their first missionary journey "reported what God had

done with them and how he had opened the door of faith to the Gentiles" (*Acts* 14:27). They can become the a way to a kind of "return" of faith, bringing the freshness of the young Churches so that Churches of ancient Christianity rediscover the enthusiasm and the joy of sharing the faith in an exchange that is mutual enrichment in the journey of following the path of the Lord.

The concern towards all the Churches, that the Bishop of Rome shares with his brother Bishops, is an important commitment in the implementation of the Pontifical Mission Societies, which are meant to animate and deepen the missionary conscience of every baptized Christian and of every community, by reminding them of the need for a more profound missionary formation of the whole People of God and by nourishing the sensibility of the Christian community in offering their help to encourage the spread of the Gospel in the world.

Finally, a thought to Christians who in various parts of the world have in difficulty in openly professing their faith and in being recognized and given the right to live with dignity. They are our brothers and sisters, courageous witnesses - even more numerous than our martyrs in the early centuries - who endure with apostolic perseverance the many current forms of persecution. Quite a few also risk their lives to remain faithful to the Gospel of Christ. I wish to assure my closeness in prayer to individuals, families and communities who suffer violence and intolerance and I repeat to them the consoling words of Jesus: "Take courage, I have overcome the world" (*Jn* 16:33).

Benedict XVI exhorted that: "the word of the Lord may spread rapidly and be glorified everywhere, just as it is among you" ("2 *Thess* 3:1): May this Year of Faith increasingly strengthen our relationship with Christ the Lord, since only in him is there the certitude for looking to the future and the guarantee of an authentic and lasting love" (*Porta fidei,* 15). This is my wish for World Mission Day this year. I cordially bless missionaries and all those who accompany and support this fundamental commitment of the Church to proclaim the Gospel to all corners of the earth, and we, ministers and missionaries of the Gospel, will experience "the delightful and comforting joy of evangelizing" (PAUL VI, *Evangelii nuntiandi,* 80)

From the Vatican, 19 May 2013, Solemnity of Pentecost

Prot. n. 10/13/AM

Vatican City, 24 April 2013

Your Eminence, Your Excellency,
Dear Sir / Madam

We would like to announce that last September 3rd, in this Congregation, has been established an office competent for issues related to Art and Music for the liturgical celebration. This office intends to give a new impulse to what is written in chapters 6 and 7 of the Conciliar Constitution "Sacrosanctum Concilium" in compliance with the Teaching of the Apostolic Magisterium to further a more profound understanding and to contribute to the liturgical renewal fostered by the Council.

"This relationship between creed and worship is evidenced in a particular way by the rich theological and liturgical category of beauty. Like the rest of Christian Revelation, the liturgy is inherently linked to beauty: *it is veritatis splendor" (Sacramentum Caritatis* 35). This is what the Holy Father expressed at the occasion of the Dedication of the Church of the *Sagrada Familia* in Barcelona: "In this place, Gaudi desired to unify that inspiration which came to him from the three books which nourished him as a man, as a believer and as an architect: the book of nature, the book of sacred Scripture and the book of the liturgy. In this he accomplished one of the most important tasks of our times: overcoming the division between human consciousness and Christian consciousness, between living in this temporal world and being open to eternal life, between the beauty of things and God as beauty." Christian worship implies universality; it is the worship of open heavens. It is never just the event of a single community placed in a specific space. Beauty, then, is not mere decoration; but rather an essential element of the liturgical action, since it is an attribute of God himself and his revelation. These considerations should make us realize the care which is needed, if the liturgical action is to reflect its innate splendor.

As a consequence, not each and every musical or artistic expression is consistent with the nature of liturgy. As a matter of fact, Liturgy is the organizing genius of every other aspect of the celebration in order to help the people of God, through the beauty and

sanctity of forms, be better disposed for receiving the fruits of grace that pertain to the celebration of sacred mysteries.

It is, therefore, the intention of this Congregation to offer criteria and orientations concerning Art and Music for liturgy by taking care of musical elements in the *editions typicae* of liturgical books, issuing Liturgical and Pastoral Directory (guidelines) on construction and adaptation of churches, on art and sacred music or examining national Directory (guidelines) prepared by Bishop's Conferences and, finally, by promoting both Institutes and Conferences to study these areas, on one side, and on the other, - in agreement with other competent Congregations-the musical and artistic formation of priests and candidates to priesthood.

Please accept our cordial wishes in this Year of Faith together with our prayer for you and your ministry or service in the Holy Church of God.

(Antonius Card. CANIZARES LLOVERA)
*Prefect*

(+Arthur ROCHE)
*Secretary*

---

**NB:-** കൂദാശകൾക്കുവേണ്ടിയുള്ള വത്തിക്കാൻ കോൺഗ്രിഗേഷന്റെ ഭാഗമായി ലിറ്റർജിയിൽ ഉപയോഗിക്കുന്ന കലയുടേയും സംഗീതത്തിന്റെയും വളർച്ചയെ ലക്ഷ്യമാക്കി ഒരു പുതിയ ഓഫീസ് 2012 സെപ്റ്റംബർ 3-ന് വത്തിക്കാനിൽ ആരംഭിച്ചിട്ടുണ്ട്. ആ ഓഫീസിൽ നിന്നും ലഭിച്ച അറിയിപ്പാണ് മുകളിൽ കൊടുത്തിരിക്കുന്നത്.

# രൂപതാകച്ചേരി വാർത്തകൾ

### അനുസ്മരണം

ബഹുമാനപ്പെട്ട ജോസഫ് മഴുവഞ്ചേരി അച്ചന്റെ ചരമ വാർഷികം സെപ്റ്റംബർ 2 നാണ്. അച്ചനെ നമ്മുടെ പ്രാർത്ഥനകളിൽ പ്രത്യേകം അനുസ്മരിക്കാം.

### വൈദിക സമ്മേളനം (Priests' Conference)

മാനന്തവാടി രൂപതയിൽ സേവനം ചെയ്യുന്ന എല്ലാ വൈദികരുടെയും ഒരു സമ്മേളനം (Priests' Conference) 2013 ഓഗസ്റ്റ് 14 ബുധനാഴ്ച രാവിലെ 10.30 മുതൽ ഉച്ചകഴിഞ്ഞ് 2.00 വരെ ചേരുന്നതാണ്. ബഹു. അച്ചന്മാർക്ക് കത്തുകൾ അയച്ചിട്ടുണ്ട്. ആർക്കെങ്കിലും എന്തെങ്കിലും കാരണവശാൽ കത്ത് കിട്ടാതെ വന്നാൽ ഇതൊരറിയിപ്പായി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

### ബഹു. വൈദികരുടെ വാർഷിക ധ്യാനം

കഴിഞ്ഞ മാസത്തെ ബുള്ളറ്റിനിൽ അറിയിച്ചിരുന്നതുപോലെ സെപ്റ്റംബർ 8 മുതൽ 13 വരെയും സെപ്റ്റംബർ 22 മുതൽ 27 വരെയും രണ്ടു ബാച്ചുകളിലായി ബഹു. വൈദികരുടെ വാർഷികധ്യാനം നടത്തുന്നതായിരിക്കും. പ്രശസ്ത ധ്യാനഗുരുവും CBCI ഡോക്ട്രിനൽ കമ്മീഷൻ സെക്രട്ടറിയും തലശ്ശേരി അതിരൂപതാംഗവുമായ ബഹു. ജോസഫ് പാംബ്ലാനി അച്ചനായിരിക്കും ധ്യാനം നയിക്കുക. പ്രത്യേക കാരണങ്ങളാൽ ആർക്കെങ്കിലും ധ്യാനത്തിൽ പങ്കെടുക്കുവാൻ കഴിയാത്ത പക്ഷം അക്കാര്യം മുൻകൂട്ടി അറിയിക്കേണ്ടതാണ്. ധ്യാനത്തിന് വരുമ്പോൾ കുർബാന കണക്ക് പുസ്തകം പരിശോധനയ്ക്കായി കൊണ്ടുവരേണ്ടതാണ്.

### ജസ്റ്റീസ് സൺഡേ - ഓഗസ്റ്റ് 18

ക്രിസ്തുമതം സ്വീകരിച്ചതിന്റെ പേരിൽ മനുഷ്യാവകാശവും പൗരാവകാശവും നിഷേധിക്കപ്പെട്ട ദളിത് ക്രിസ്ത്യൻ സഹോദരങ്ങളെ സ്മരിക്കുന്നതിനും അവർക്കുവേണ്ടി പ്രാർത്ഥിക്കുന്നതിനും അവർക്ക്

നീതി ലഭ്യമാക്കുന്നതിനുമായിട്ടാണല്ലോ ജസ്റ്റീസ് സൺഡേ ആചരിക്കുന്നത്. ദളിത് ക്രൈസ്തവ സഹോദരങ്ങൾക്ക് വേണ്ടിയുള്ള പ്രവർത്തനങ്ങളിൽ നമുക്കും പങ്കാളികളാകാം. ഓഗസ്റ്റ് 18-ന് വി. കുർബാന മധ്യേ നടത്തുന്ന സ്തോത്രക്കാഴ്ച ദളിത് സഹോദരങ്ങളുടെ ഉന്നമനത്തിനായി അയച്ചുകൊടുക്കുവാൻ രൂപതാ കേന്ദ്രത്തിൽ എത്തിക്കുമല്ലോ.

**ജീസസ് ഫ്രട്ടേണിറ്റി ഞായർ - ഓഗസ്റ്റ് 25**

ഓഗസ്റ്റ് 25-ാം തീയതി ജീസസ് ഫ്രട്ടേണിറ്റി ഞായർ ആയി ആഘോഷിക്കുകയും കെ.സി.ബി.സി. നിർദ്ദേശപ്രകാരമുള്ള പ്രത്യേക സ്തോത്രക്കാഴ്ച സ്വീകരിച്ച് ജീസസ് ഫ്രട്ടേണിറ്റിയുടെ പ്രവർത്തനങ്ങൾക്കായി രൂപതാ കേന്ദ്രത്തിൽ എത്തിച്ചുതരികയും ചെയ്യുമല്ലോ.

**അഭിനന്ദനങ്ങൾ**

ചൈൽഡ് വെൽഫയർ കമ്മിറ്റി (CWC) യുടെ ചെയർമാനായി നിയമിതനായിരിക്കുന്ന രൂപതാ PRO യും റേഡിയോ മാറ്റൊലി സ്റ്റേഷൻ ഡയറക്ടറുമായ റവ.ഡോ.ഫാ. തോമസ് ജോസഫ് തേരകത്തിന് അഭിനന്ദനങ്ങൾ.

**New Address & Phone Numbers**

1. **Rev. Fr. Gervasis Mattam**
   Marian Nivas,
   Door No. 199 A, Kuvempunagar
   Hassan - 573 201 Karnataka State.
   Mob: 094800531135
2. **Rev. Fr. John Ponparackal**
   Vianney Bhavan, Dwaraka
   Nalloornad P.O., Mananthavady - 670 645
   Mob: 8111900881
3. **Rev. Fr. Cyriac Valachannath**
   St. Thomas Church, Marakavu
   Veliyambam P.O., Pulpally - 673 579
   Mob: 9539413525, E-mail: cyriacjohn13@yahoo.com
4. **SH Convent, Mananthavady**
   Co-operative Press Road
   Near Sts.Peter and Paul Church,
   Mananthavady P.O 670 645, Tel. 04935-241477

**വെരി. റവ. ഫാ. മാത്യു മാടപ്പള്ളിക്കുന്നേൽ**
പ്രോട്ടോസിഞ്ചെല്ലൂസ്

# വിദ്യാഭ്യാസ സഹായനിധി

അഭിവന്ദ്യ പിതാവിന്റെ വിദ്യാഭ്യാസ സഹായനിധിയിലേയ്ക്ക് 2012-2013 വർഷത്തിൽ ലഭിച്ച തുകയുടെയും അതിൽ നിന്ന് വിതരണം ചെയ്ത തുകയുടെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. ഇടവകകളിൽ നിന്നും വിദ്യാഭ്യാസ സഹായനിധിയിലേയ്ക്ക് എടുത്ത പ്രത്യേക പിരിവ്, ഇടവകകളിൽ നിന്നും ലഭിച്ച മറ്റ് പൊതുപിരിവുകളുടെ ലിസ്റ്റിലാണ് കൊടുത്തിരിക്കുന്നത്. (പേജ്. 27-35)

## EDUCATION AID FUND

### 5 % from Parish Feast

| SN | Parish | Amount |
|---|---|---|
| 1 | Alattil | 5000 |
| 2 | Ambalavayal | 10000 |
| 3 | Cheengavallam | 1000 |
| 4 | Chulliode | 5000 |
| 5 | Chungakunnu | 25000 |
| 6 | Irulam | 1000 |
| 7 | Jude's Mount | 5000 |
| 8 | Kayyunny | 10000 |
| 9 | Kurumbala | 5000 |
| 10 | Kurumbalakotta | 500 |
| 11 | Muthireri | 5000 |
| 12 | Nadavayal | 15000 |
| 13 | Payyampally | 2000 |
| 14 | Thalapuzha | 5000 |
| 15 | Thavinjal | 2000 |
| 16 | Vazhavatta | 20000 |

### First Holy Communion

| SN | Parish | Amount |
|---|---|---|
| 1 | Edivanna | 4000 |
| 2 | Pathiripadam | 4350 |
| 3 | Poroor | 6000 |
| 4 | Seethamount | 14500 |
| 5 | Theneri | 13000 |
| 6 | Vilambukanadam | 1870 |
| 7 | Yavanarkulam | 1500 |

## Special Donors

| SN | Donor | Amount |
|---|---|---|
| 1 | Santhome Church, Hulimavu | 10000 |
| 2 | Amal, Amiya Johnson, Thozhuthunkal | 2000 |
| 3 | Assumption Sisters, Thelpara | 10000 |
| 4 | Bincy Shaju, Njarakulath,puthussery | 1000 |
| 5 | Cluny Sisters,Moolankavu | 1000 |
| 6 | Fr.Michael Vadakkemulanjanal | 1000 |
| 7 | Fr.Superior, Jesuit House, Eachome | 1000 |
| 8 | Fr.Thomas Perumattikunnel | 20000 |
| 9 | George Valayil, Kuttimoola | 2000 |
| 10 | K.CYM - Thariode Mekhala Bible Convention | 2270 |
| 11 | KCYM, Moolankavu Church | 1000 |
| 12 | Mothers Association, Moolankavu | 1000 |
| 13 | Mr.Jose Punnakuzhi, Kaniyaram | 5000 |
| 14 | Mr.Joy, Prasanthagiri | 12500 |
| 15 | Msgr.Mathew Madappallikunnel | 12000 |
| 16 | Provincial Superior, Deepthibhavan, Mtdy | 10000 |
| 17 | Sr.Superior. Cenacle Convent, Mtdy | 1000 |
| 18 | Superior,Snehadeepam Convent,Cherukattoor | 1000 |
| 19 | Alice Varkey, Pune | 12000 |

## Disbursement list of Education Aid Fund 2013

| SN. | Name of the Parish | No. of Students | Amount | SN. | Name of the Parish | No. of Students | Amount |
|---|---|---|---|---|---|---|---|
| 1. | Adikolly | 4 | 4000 | 13. | Chooralmala | 4 | 4000 |
| 2. | Alattil | 4 | 4000 | 14. | Chulliode | 4 | 4000 |
| 3. | Ambalavayal | 4 | 4000 | 15. | Chundakkara | 4 | 3000 |
| 4. | Ambayathode | 4 | 4000 | 16. | Chungakkunnu | 4 | 4000 |
| 5. | Appapara | 4 | 4000 | 17. | Coonoor | 4 | 4000 |
| 6. | Arulnilayam | 4 | 4000 | 18. | Dharmagiri | 4 | 4000 |
| 7. | Aruvankad | 4 | 4000 | 19. | Dwaraka | 4 | 4000 |
| 8. | Bavali | 2 | 2000 | 20. | Edappetty | 4 | 4000 |
| 9. | Boy's Town | 4 | 4000 | 21. | Edayoorkunnu | 3 | 4000 |
| 10. | Burliar | 4 | 4000 | 22. | Edivanna | 4 | 4000 |
| 11. | Cheengavallam | 4 | 4000 | 23. | Elapeedika | 4 | 4000 |
| 12. | Cherukattoor | 4 | 4000 | 24. | Irulam | 4 | 4000 |

| | | | | | | | |
|---|---|---|---|---|---|---|---|
| 25. | Jude's Mount | 4 | 4000 | 56. | Maryland | 4 | 4000 |
| 26. | Kabanigiri | 4 | 4000 | 57. | Meenangadi | 4 | 4000 |
| 27. | Kallumukku | 4 | 4000 | 58. | Moolepadam | 2 | 2000 |
| 28. | Kammana | 4 | 4000 | 59. | Mothakkara | 4 | 4000 |
| 29. | Kaniambetta | 4 | 4000 | 60. | Muthireri | 4 | 4000 |
| 30. | Karackamala | | | 61. | Muttiyel | 4 | 4000 |
| | (Kellur) | 4 | 4000 | 62. | Nadavayal | 4 | 4000 |
| 31. | Karani | 4 | 4000 | 63. | Narivalamunda | 4 | 4000 |
| 32. | Karimani | 4 | 4000 | 64. | Nedumpala | 4 | 4000 |
| 33. | Karimbil | 4 | 4000 | 65. | Neikuppa | 4 | 4000 |
| 34. | Kartikulam | 4 | 4000 | 66. | Nelliyodi | 4 | 4000 |
| 35. | Kavummannam | 4 | 4000 | 67. | Nilambur | 4 | 4000 |
| 36. | Kayyunny | 4 | 4000 | 68. | Niravilpuzha | 4 | 4000 |
| 37. | Kelakam | 4 | 4000 | 69. | Njarappadam | 4 | 4000 |
| 38. | Kommayad | 4 | 4000 | 70. | Olivumala | 4 | 4000 |
| 39. | Kottathara | 4 | 4000 | 71. | Ootty | 4 | 4000 |
| 40. | Kottiyoor | 4 | 4000 | 72. | Ottaplavu | 4 | 4000 |
| 41. | Kunjhome | 4 | 4000 | 73. | Padamala | 4 | 4000 |
| 42. | Kunnambetta | 2 | 2000 | 74. | Palankara | 4 | 4000 |
| 43. | Kurumani | 4 | 4000 | 75. | Palchuram | 4 | 4000 |
| 44. | Kurumbala | 4 | 4000 | 76. | Panamchira | 4 | 4000 |
| 45. | Kurumbalakotta | 4 | 4000 | 77. | Panavally | 4 | 4000 |
| 46. | Kuttimoola | 4 | 4000 | 78. | Panthipoil | 4 | 4000 |
| 47. | Lakkidi | 2 | 2000 | 79. | Paralikunnu | 4 | 4000 |
| 48. | Machikolly | 4 | 4000 | 80. | Parathottam | 4 | 4000 |
| 49. | Makkiyad | 4 | 4000 | 81. | Pathiripadam | 4 | 4000 |
| 50. | Mananthavady | | | 82. | Pattanikoop | 4 | 4000 |
| | (Cathedral) | 4 | 4000 | 83. | Payyampally | 4 | 4000 |
| 51. | Mananthavady | | | 84. | Pazhoor | 4 | 4000 |
| | (Town Church) | 4 | 4000 | 85. | Peria | 4 | 4000 |
| 52. | Mangalam | 4 | 4000 | 86. | Poolapadam | 4 | 4000 |
| 53. | Mangalassery | 4 | 4000 | 87. | Poroor | 4 | 4000 |
| 54. | Manimooly | 4 | 4000 | 88. | Prasanthagiri | 4 | 4000 |
| 55. | Marakkadavu | 4 | 4000 | 89. | Puthiyidamkunnu | 4 | 4000 |

| | | | | | | | |
|---|---|---|---|---|---|---|---|
| 90. | Puthiyidom | 4 | 4000 | 104. | Vadakkanad | 4 | 4000 |
| 91. | Puthusserikkadavu | 4 | 4000 | 105. | Vakery | 4 | 2000 |
| 92. | Puthussery | 4 | 4000 | 106. | Valad | 4 | 4000 |
| 93. | Rippon | 4 | 4000 | 107. | Valavayal | 4 | 4000 |
| 94. | Ruby Nagar | 3 | 3000 | 108. | Valiakolly | 4 | 4000 |
| 95. | Santhigiri | 4 | 4000 | 109. | Vanjode | 4 | 4000 |
| 96. | Sulthan Bathery | 4 | 4000 | 110. | Vazhavatta | 4 | 4000 |
| 97. | Thalapuzha | 4 | 4000 | 111. | Vellamunda | 4 | 4000 |
| 98. | Thariode | 4 | 4000 | 112. | Velloonny | 4 | 4000 |
| 99. | Thavinjal | 4 | 4000 | 113. | Vilambukandam | 4 | 4000 |
| 100. | Theneri | 4 | 4000 | 114. | Vimalagiri | 4 | 4000 |
| 101. | Thomattuchal | 4 | 4000 | 115. | Vythiri | 4 | 4000 |
| 102. | Thonichal | 4 | 4000 | 116. | Yavanarkulam | 3 | 3000 |
| 103. | Thrissilery | 4 | 4000 | | | | |

2013 മെയ് മാസത്തോടെ എല്ലാ ഇടവകകളിലേയ്ക്കും ചെക്ക്, Aid Disbursement Form എന്നിവ നൽകുകയുണ്ടായി. ഇതിൽ Aid Disbursement Form കുറേപ്പേർ പൂരിപ്പിച്ച് തിരികെ നൽകുകയുണ്ടായി. ഇനിയും തരാനുള്ളവർ എത്രയും വേഗം വിദ്യാഭ്യാസ സഹായനിധി സെക്രട്ടറിയുടെ അഡ്രസ്സിൽ ബിഷപ്സ് ഹൗസിലേയ്ക്ക് അയച്ചു തരണമെന്ന് ഓർമ്മിപ്പിക്കുന്നു. എല്ലാവരുടെയും സഹായ സഹകരണങ്ങൾക്ക് ഒത്തിരി സ്നേഹത്തോടെ നന്ദി അറിയിക്കുന്നു.

**ഫാ. മനോജ് കവലക്കാടൻ**
സെക്രട്ടറി, വിദ്യാഭ്യാസ സഹായനിധി

# COLLECTIONS FOR THE YEAR 2012-2013 (From 1-6-2012 to 31-5-2013)

| Sl No. | Parishes | Jesus Frater-nity | Bible Sun-day | Educa-tion Aid | Good Friday | Holy Child hood | Justice Sun day | Mission Sun day | Priest Welfare (Pesaha) | Semin-ary For-mation | Syro Malabar Day | Syro.Mal. Mission Sunday | Peter's Pence | Catechetical Sunday | Commu nication Media | Anti Alco-holic | Youth Day | Sneha nidhi | Mutual Fund |
| 3 | Gudallur | 99 | 119 | 104 | 127 | 115 | 109 | 155 | 145 | 141 | 192 | 151 | 143 |
| 4 | Kallody | 216 | 215 | 194 | 259 | 230 | 266 | 265 | 282 | 292 | 265 | 233 | 198 |
| 5 | Kalpetta | 143 | 161 | 138 | 168 | 162 | 134 | 140 | 187 | 184 | 167 | 135 | 121 |
| 6 | Mananthavady | 197 | 233 | 225 | 198 | 232 | 232 | 272 | 280 | 278 | 247 | 264 | 195 |
| 7 | Manimooly | 132 | 142 | 135 | 119 | 146 | 139 | 131 | 164 | 140 | 166 | 133 | 121 |
| 8 | Mullankolly | 251 | 243 | 238 | 247 | 272 | 303 | 296 | 309 | 291 | 313 | 266 | 228 |
| 9 | Nadavayal | 239 | 229 | 227 | 248 | 252 | 256 | 269 | 310 | 256 | 328 | 229 | 234 |
| 10 | Nilambur | 90 | 101 | 111 | 143 | 134 | 107 | 128 | 141 | 119 | 133 | 102 | 91 |
| 11 | Payyampally | 116 | 113 | 133 | 132 | 147 | 135 | 156 | 152 | 151 | 153 | 139 | 115 |
| 12 | Thariyode | 147 | 167 | 148 | 149 | 133 | 141 | 144 | 175 | 164 | 142 | 154 | 144 |
| | **Total** | **2011** | **2175** | **2031** | **2222** | **2247** | **2263** | **2468** | **2663** | **2482** | **2553** | **2195** | **1923** |

## TOTAL NUMBER OF TEACHERS & STUDENTS IN FORANE LEVEL

| | | Teachers | | | | | | Students |
|---|---|---|---|---|---|---|---|---|
| | Name of Forane | Gents | Ladies | sisters | brothers | C.Team | Total | |
| 1 | Bathery | 74 | 74 | 50 | 3 | | 201 | 2285 |
| 2 | Chungakkunnu | 58 | 89 | 36 | 4 | | 187 | 2898 |
| 3 | Gudallur | 54 | 80 | 35 | 1 | | 170 | 1600 |
| 4 | Kallody | 91 | 135 | 57 | 3 | | 286 | 2921 |
| 5 | Kalpetta | 51 | 98 | 41 | 5 | | 195 | 1840 |
| 6 | Mananthavady | 94 | 117 | 55 | 2 | | 268 | 2874 |
| 7 | Manimooly | 47 | 52 | 34 | 2 | | 135 | 1668 |
| 8 | Mullankolly | 91 | 77 | 37 | 0 | | 205 | 3257 |
| 9 | Nadavayal | 71 | 100 | 56 | 0 | | 227 | 3087 |
| 10 | Nilambur | 48 | 89 | 22 | 0 | | 159 | 1400 |
| 11 | Payyampally | 42 | 53 | 47 | 3 | | 145 | 1641 |
| 12 | Thariyode | 54 | 63 | 31 | 1 | | 149 | 1808 |
| | **Total** | **775** | **1027** | **501** | **24** | **20** | **2327** | **27279** |

**ഫാ. റോയി വട്ടക്കാട്ട്**
മതബോധന ഡയറക്ടർ

# ബൈബിൾ അപ്പോസ്തലേറ്റ്

ലോഗോസ് 2013 പഠനസഹായി തയ്യാറായി എന്ന സന്തോഷ വാർത്ത അറിയിക്കട്ടെ. ആവശ്യമുള്ളവർ ബൈബിൾ അപ്പോസ്തലേറ്റ് ഓഫീസുമായി ബന്ധപ്പെടുക. വില 10 രൂപ.

**സമ്മാനങ്ങൾ**

(01) A, B, C, D, E,F ഗ്രൂപ്പുകളിൽ 1,2,3 സ്ഥാനങ്ങൾ നേടുന്നവർ

(02) ഏറ്റവും കുടുതൽ ആളുകളെ പങ്കെടുപ്പിക്കുന്ന മൂന്ന് ഇടവകകൾ

(03) ഇടവകാംഗങ്ങളുടെ എണ്ണത്തിന് ആനുപാതികമായി ഏറ്റവും കൂടുതൽ പേരെ പങ്കെടുപ്പിക്കുന്ന മൂന്ന് ഇടവകകൾ

(04) C, D, E, F ഗ്രൂപ്പുകളിൽ ഏറ്റവും അധികം മാർക്ക് ലഭിക്കുന്ന മാതൃസംഘടനാ പ്രവർത്തകരായ മൂന്ന് അമ്മമാർക്ക് വീതം സമ്മാനം

(05) ഏറ്റവും കുടുതൽ മാർക്ക് ലഭിക്കുന്ന കുടുംബത്തിന് (five Members, Six Members/or More). ഒരു കുടുംബത്തിൽ നിന്നും പരീക്ഷ എഴുതിയിരിക്കുന്ന (പരീക്ഷ എഴുതാൻ പ്രായമായ എല്ലാവരും) അംഗങ്ങളുടെ എല്ലാവരുടേയും മാർക്കുകൾ ഒരുമിച്ച് കൂട്ടി 05/06/ or More എന്ന ഗണത്തിൽ ഏറ്റവും കൂടുതൽ മാർക്ക് ലഭിക്കുന്ന മൂന്ന് കുടുംബങ്ങൾക്ക് സമ്മാനം. പരീക്ഷ എഴുതാൻ പ്രായമായ (ആദ്യകുർബ്ബാനകഴിഞ്ഞ) അംഗങ്ങളിൽ ഒരാൾ പരീക്ഷ എഴുതാതിരുന്നാലും ആ കുടുംബത്തിലെ അംഗങ്ങളുടെ എണ്ണമനുസരിച്ചുള്ള ഗ്രൂപ്പിലായിരിക്കും പരിഗണിക്കുക. (06 അംഗങ്ങൾ പരീക്ഷ എഴുതാവുന്ന കുടുംബത്തിൽ നിന്നും 05 പേർ പരീക്ഷ എഴുതിയാൽ അവരുടെ മാർക്ക് പരിഗണിക്കുന്നത് 600–ൽ ആയിരിക്കും. 500 –ൽ ആയിരിക്കില്ല).

**ഫാ. മാത്യു പെരിയപ്പുറം**
ഡയറക്ടർ, ബൈബിൾ അപ്പോസ്തലേറ്റ്

# ചെറുപുഷ്പ മിഷൻലീഗ്

പ്രിയ മിഷൻലീഗ് അംഗങ്ങളേ,

പരി. അമ്മയുടെയും വി. ജോൺ മരിയ വിയാനിയുടെയും തിരുനാളുകൾ ആഘോഷിക്കുന്ന മാസമാണല്ലോ ഇത്. നമുക്കേവർക്കും മഹത്തായ ഒരു മാതൃകയും സന്ദേശവുമാണ് ഇവരുടെ ജീവിതം.

മനുഷ്യവർഗ്ഗം മുഴുവന്റെയും ആലംബവും ആശ്വാസവുമാണ് നമുക്ക് സ്വന്തമായി നൽകപ്പെട്ട ഈശോയുടെ അമ്മ. കുരിശിൻചുവട്ടിൽ അതാണു നാം കണ്ടത് "അന്നുമുതൽ ആ ശിഷ്യൻ അവളെ അമ്മയായി സ്വന്തം ഭവനത്തിൽ സ്വീകരിച്ചു" (യോഹ19:27). യോഹന്നാൻ മനുഷ്യരായ നമ്മുടെയെല്ലാം പ്രതിനിധിയാണ്. ഈശോ പരി. അമ്മയെ യോഹന്നാന് ഭരമേൽപ്പിക്കുകയായിരുന്നില്ല. മറിച്ച് നൽകുകയായിരുന്നു. അന്നുമുതൽ അമ്മയായി ആ ശിഷ്യൻ അവളെ ഏറ്റുവാങ്ങിയെങ്കിൽ, അന്നുമുതൽ മക്കളായി നമ്മെയും മറിയം ഏറ്റുവാങ്ങിയിട്ടുണ്ട്. നമ്മോട് പരി. അമ്മയ്ക്ക് ഒരു കുഞ്ഞിനോടെന്നപോലെ ശ്രദ്ധയും കരുതലുമുണ്ട്. ഈ അമ്മയുടെ കരങ്ങളിൽ നമ്മുടെ വ്യക്തിജീവിതങ്ങളെയും സംഘടനാ പ്രവർത്തനങ്ങളെയും നമുക്ക് നൽകാം. വിജയകരമായി നമ്മെ വഴിനടത്തുന്നതിനായി അവിടുത്തെ മാധ്യസ്ഥം തേടാം.

വി. ജോൺ മരിയ വിയാനിയിൽ നാം കാണുന്നത് ദൈവഹിതത്തിനായി തന്റെ എളിയജീവിതത്തെ പൂർണ്ണമായും ബലി കൊടുത്ത ഒരു വ്യക്തിയാണ്. വിയാനി പുണ്യവാളന്റെ തിരുനാൾ ആഘോഷിക്കുമ്പോൾ ദൈവഹിതത്തിനനുസൃതമായി ഇടവകാംഗങ്ങളായ നമുക്ക് വേണ്ടി സ്വയം മറന്ന് അദ്ധ്വാനിക്കുന്ന പ്രിയ വികാരിയച്ചന്മാരെ നമുക്ക് നന്ദിപൂർവ്വം ഓർക്കാം. അവർക്കുവേണ്ടി പ്രാർത്ഥിക്കാം. അവരിലൂടെ ദൈവം ചൊരിയുന്ന അനുഗ്രഹങ്ങൾക്ക് നന്ദി പറയാം. ഭാരവാഹികളുടെ നേതൃത്വത്തിൽ സി.എം.എൽ. അംഗങ്ങൾ ഒന്നുചേർന്ന് വികാരിയച്ചന് ആശംസകൾ നേരണം. എല്ലാവർക്കും മാതാവിന്റെ

സ്വർഗ്ഗാരോപണത്തിരുനാളിന്റെയും, വിയാനി പുണ്യവാളന്റെ തിരുനാളിന്റെയും, സ്വാതന്ത്ര്യദിനത്തിന്റെയും ആശംസകൾ നേരുന്നു.

ഒത്തിരിസ്നേഹത്തോടെ

**സോണിയച്ചൻ**

## ശാഖ ജോ. ഡയറക്ടേഴ്സ് സംഗമം

ശാഖകളിൽ സംഘടനക്ക് കരുത്ത് പകരുന്ന ജോ. ഡയറക്ടേഴ്സിന്റെ സംഗമം ജൂലൈ 13 ന് ശനിയാഴ്ച ദ്വാരക യു.പി. സ്കൂളിൽ നടന്നു. സി.എം.എൽ. മാനന്തവാടി രൂപത ഡയറക്ടർ റവ. ഫാ. സോണി വടയാപറമ്പിൽ ഉദ്ഘാടനം ചെയ്ത മീറ്റിംഗിൽ രൂപത പ്രസിഡണ്ട് ശ്രീ. ജോയി മേപ്പാടത്ത് അദ്ധ്യക്ഷത വഹിച്ചു. സംഗമത്തിന് ജനറൽ സെക്രട്ടറി രംഞ്ജിത്ത് മുതുപ്ലാക്കൽ സ്വാഗതവും ജോ. സെക്രട്ടറി കുമാരി ശാലു തൈപറമ്പിൽ നന്ദിയും പറഞ്ഞു. രൂപത എക്സിക്യൂട്ടീവ് അംഗം ശ്രീ. ഷാജി ചന്ദനപറമ്പിൽ ക്ലാസ് നയിച്ചു.

**അടുത്ത്-2013**

രൂപതാ ടീമിന്റെ നേതൃത്വത്തിൽ പയ്യമ്പള്ളി, മാനന്തവാടി, കല്ലോടി മേഖലകളിൽ വിസിറ്റ് നടത്തി സഹായിച്ചു. ഫാ. സോണി വടയാപറമ്പിൽ, ജോയി മേപ്പാടത്ത്, രംഞ്ജിത്ത് മുതുപ്ലാക്കൽ, ബിനു മാങ്കൂട്ടം, സി. അർച്ചന CMC, സി. സെറിൻ CMC, സി. തെരെസ് SABS, സി. ഡാനി മരിയ SABS, സി. പ്രശാന്തി MSMI, ഷിനു കളർതൊട്ടിയിൽ, ബെന്നി തട്ടത്തുപറമ്പിൽ, ജിജിൻ കിഴക്കരക്കാട്ട്, ഷിൽസൺ കോക്കണ്ടത്തിൽ, മെൽജോ കാരക്കുന്നേൽ, സി. ലൂസി SH, ജോ മുണ്ടിയാനി, സി. അനിറ്റ് മരിയ CMC, സ്റ്റിജി ചേലക്കമാക്കൽ, ബിനോയി കേളങ്ങാട്ടിൽ, സി. റ്റെയിസി SH, തോമസ് കല്ലറക്കൽ, സി. ജെസ്സി പോൾ SH, സി. ഷാന്റി SKD, ഷാജു പാലച്ചുവട്ടിൽ, ബിജു ബിനു പാറാനി - ടീമംഗങ്ങൾക്ക് രൂപത സമിതിയുടെ നന്ദി.

## മണിമൂളി നിലമ്പൂർ റീജണൽ സംഗമം

മണിമൂളി പാസ്റ്ററൽ സെന്ററിൽ വെച്ച് നിലമ്പൂർ, മണിമൂളി റീജണൽ സംഗമം വെരി. റവ. ഫാ. ജെയിംസ് കുറ്റിമാക്കൽ ഉദ്ഘാടനം ചെയ്തു. രൂപത പ്രസിഡണ്ട് ജോയി മേപ്പാടത്ത് അദ്ധ്യക്ഷത വഹിച്ച മീറ്റിംഗിന് രൂപത ഡയറക്ടർ ഫാ. സോണി വടയാപറമ്പിൽ സ്വാഗതവും ജനറൽ സെക്രട്ടറി രംഞ്ജിത്ത് മുതുപ്ലാക്കൽ നന്ദിയും പറഞ്ഞു. സംഗമത്തിന് രൂപത എക്സിക്യൂട്ടീവ് അംഗം ജോൺസൺ ചിറായിൽ ക്ലാസെടുത്തു. സംഗമത്തിന് റവ. ഫാ. ജിജോ വാത്തേലിൽ, റവ. ഫാ. മനോജ് കറുത്തേടത്ത്, ലിനു പൊട്ടയ്ക്കൽ എന്നിവർ ആശംസകളർപ്പിച്ചു.

**മണിമൂളി നിലമ്പൂർ റീജണൽ - ജോ. ഡയറക്ടേഴ്സ് സംഗമം**

മണിമൂളി പാസ്റ്ററൽ സെന്ററിൽ വെച്ച് ജോ. ഡയറക്ടേഴ്സ് സംഗമം നടത്തി. സംഗമത്തിന് റവ. ഫാ. സോണി വടയാപറമ്പിൽ ജോയ് മേപ്പാടത്ത്, സി. അർച്ചന എന്നിവർ നേതൃത്വം നൽകി.

**മണിമൂളി നിലമ്പൂർ റീജണൽ-പ്രസിഡണ്ട്, സെക്രട്ടറി മീറ്റിംഗ്**

മണിമൂളി പാസ്റ്ററൽ സെന്ററിൽ വെച്ച് നടന്ന പ്രസിഡണ്ട്, സെക്രട്ടറി മീറ്റിംഗിന് രഞ്ജിത്ത് മുതുപ്ലാക്കൽ, ജോൺസൺ ചിറായിൽ എന്നിവർ നേതൃത്വം നൽകി.

**മേഖല ഡയറക്ടേഴ്സ്, ജോ. ഡയറക്ടേഴ്സ് സംഗമം**

മിഷൻലീഗിന് മേഖലകളിൽ നേതൃത്വം നൽകുന്ന മേഖല ഡയറക്ടേഴ്സ് ജോ. ഡയറക്ടേഴ്സ് സംഗമം ജൂലൈ 11-ാം തീയതി നടത്തപ്പെട്ടു. രൂപത മേഖല പ്രവർത്തനങ്ങൾ അവലോകനം ചെയ്യുകയും ക്രിയാത്മകമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. രൂപതാപ്രസിഡന്റ് ജോയ് മേപ്പാടം അധ്യക്ഷത വഹിച്ചു. റവ.ഫാ. സോണി വടയാപറമ്പിൽ, രഞ്ചിത്ത് മുതുപ്ലാക്കൽ, ബിനീഷ്, ബിനു മാങ്കൂട്ടം, ഷാജി ചന്ദനപറമ്പിൽ എന്നിവർ നേതൃത്വം നൽകി. സംഗമത്തിൽ പങ്കെടുത്ത ബഹു. വൈദികർക്കും, സിസ്റ്റേഴ്സിനും രൂപത സമിതിയുടെ നന്ദി അറിയിക്കുന്നു.

**മേഖല-രൂപത സാഹിത്യ മത്സരം**

ഈ പ്രവർത്തനവർഷത്തെ മേഖല-രൂപതാ സാഹിത്യമത്സരം ഈ വരുന്ന ആഗസ്റ്റ് 4-ന് മേഖല കേന്ദ്രങ്ങളിൽ നടത്തപ്പെടുന്നു. മേഖല ഭാരവാഹികൾ വേണ്ട ക്രമീകരണങ്ങൾ നടത്തണമെന്ന് ഓർമ്മിപ്പിക്കുന്നു.

**കുഞ്ഞേട്ടൻ, നാലാം ചരമവാർഷികം**

ഓഗസ്റ്റ് 11-ാം തീയതി സി.എം.എൽ, സ്ഥാപകനേതാവ് കുഞ്ഞേട്ടന്റെ 4-ാം ചരമ വാർഷികമാണ്. ശാഖകളിൽ അനുസ്മരണ സമ്മേളനങ്ങളും പ്രാർത്ഥനയും നടത്തേണ്ടതാണ്.

**വി. ജോൺ മരിയവിയാനിയുടെ തിരുനാൾ**

ഓഗസ്റ്റ് 4-ാം തീയതി വൈദികരുടെ മദ്ധ്യസ്ഥനായ വി.ജോൺ വിയാനിയുടെ തിരുന്നാളാണ്. ശാഖകളിൽ ഇടവക വൈദികർക്ക് ആശംസകൾ നേരുകയും പ്രോഗ്രാമുകൾ ക്രമീകരിക്കുകയും ചെയ്യേണ്ടതാണ്.

**വെളിച്ചം 2013**

ശാഖാ ഭാരവാഹികൾക്കായി മേഖലാതലത്തിൽ നടത്തുന്ന അർദ്ധദിന സെമിനാർ, കൊട്ടിയൂർ, മാനന്തവാടി, കല്ലോടി, പയ്യംമ്പള്ളി,

ബത്തേരി, കൽപ്പറ്റ, നടവയൽ, പുൽപ്പള്ളി, ഗൂഡല്ലൂർ, എന്നിവിടങ്ങളിൽ നടത്തപ്പെട്ടു. റവ.ഫാ. സോണി വടയാപറമ്പിൽ, രഞ്ചിത്ത് മുതുപ്ലാക്കൽ, ബിനു മാങ്കൂട്ടം, ജിജിൻ കിഴക്കരക്കാട്ട്, ബിനീഷ് തുമ്പിയാംകുഴി, ജോൺസൺ ചിറായിൽ, ഷാജി ചന്ദനപറമ്പിൽ, സോയി കൈതാരം എന്നിവർ നേതൃത്വം നൽകി.

**മേഖലാ സന്ദർശനം**

ഓഗസ്റ്റ് 4-ാം തീയതി മേഖല-രൂപത സാഹിത്യമത്സരത്തിനോടൊപ്പം മേഖലാ വിസിസ്റ്റ് ഉണ്ടായിരിക്കുന്നതാണ്. കഴിഞ്ഞ വർഷത്തെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതാണ്. ഭാരവാഹികൾ ശ്രദ്ധിക്കുമല്ലോ.

**ബൈബിൾ കലോത്സവം**

മിഷൻകിസിനുവേണ്ടി രൂപതസമിതി ഒരു പഠനസഹായി പ്രസിദ്ധീകരിക്കുന്നുണ്ട്. മേഖലാ കേന്ദ്രങ്ങളിൽ നിന്ന് നിങ്ങൾക്ക് ലഭിക്കുന്നതാണ്. മത്സരങ്ങളിൽ L.C.D. പ്രൊജക്ടർ ഉപയോഗിക്കാൻ പാടില്ല എന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

**സു.സ്വാഗതം**

പുതിയതായി മേഖലകളിൽ ജോ.ഡയറക്ടർ സ്ഥാനം ഏറ്റെടുത്ത, സി. റ്റെയ്സി എസ്.എച്ച്. കല്ലോടി, സി. തെരസ് എസ്.എ.ബി.എസ്. പയ്യമ്പള്ളി, സി. എൽസി ജോൺ എസ്.എച്ച്. കൽപ്പറ്റ, സി.സെറിൻ സി.എം.സി. പുൽപ്പള്ളി, സി. ആൻസ് മരിയ സി.എം.സി. നടവയൽ, സി. നിർമ്മൽ എം.എസ്.എം.ഐ. നിലമ്പൂർ, സി. ഷാരോൺ സി.എം.സി തരിയോട് എല്ലാ സിസ്റ്റേഴ്സിനും പുതിയ പ്രവർത്തന വർഷത്തിൽ എല്ലാവിധ ആശംസകളും നേരുന്നു.

**നന്ദിയുടെ ഒരു വാക്ക്**

കഴിഞ്ഞ പ്രവർത്തനവർഷങ്ങളിൽ തരിയോട് മേഖല ജോ.ഡയറക്ടറായിരുന്ന സി. ടെസ്മി എഫ്.സി.സി.യെ രൂപതാസമിതി നന്ദിയോടെ ഓർക്കുന്നു.

**പാലക്കാട് രൂപത കൗൺസിൽ**

ജൂലൈ 13-ാം തീയതി പാലക്കാട് രൂപത കൗൺസിലിൽ മാനന്തവാടി രൂപതാ ടീം അംഗം അഡ്വ. ജിജിൽ കിഴക്കരക്കാട്ട് ക്ലാസ് നയിച്ചു.

**താമരശേരി രൂപത**

മേഖലാ മാനേജിംഗ് കമ്മിറ്റി ജൂലൈ 13-ാം തീയതി പെരിന്തൽമണ്ണയിൽ ക്രമീകരിച്ച താമരശേരി രൂപത മാനേജിംഗ് കമ്മറ്റിയിൽ മാനന്തവാടി രൂപത എക്സിക്യൂട്ടീവ് അംഗം ബിജു ചിറ്റേടം ക്ലാസുകൾ നയിച്ചു.

**കേരളത്തിന് പുറത്തേക്ക്.... സി.എം.എൽ. മാനന്തവാടി രൂപത**

മണ്ഡ്യ രൂപതയിൽ ഹിങ്കൽ കത്തീഡ്രലിൽ വെച്ചു നടന്ന മിഷൻലീഗ് നേതൃസംഗമത്തിന് മാനന്തവാടി രൂപത ഡയറക്ടർ റവ. ഫാ. സോണി വടയാപറമ്പിൽ, ബിനു മാങ്കൂട്ടം, തോമസ് കല്ലറക്കൽ, ഷാജി ചന്ദനപറമ്പിൽ എന്നിവർ നേതൃത്വം നൽകി.

**ബാംഗ്ലൂർ മിഷൻ**

ബാംഗ്ലൂർ മിഷന്റെ ആഭിമുഖ്യത്തിൽ വിവിധ ഇടവകകളിലെ മതാധ്യാപകർക്ക് മാനന്തവാടി രൂപത ടീം അംഗം അഡ്വ. ജിജിൽ കിഴക്കരക്കാട്ട് മിഷൻലീഗിനെ കുറിച്ച് ക്ലാസെടുത്തു.

**മേഖലാ സന്ദർശനം : അടുത്ത് - 2013**

ശാഖാ സന്ദർശനം ജൂലൈ 11-ാം തീയതി തരിയോട് മേഖലയിലും, ജൂലൈ 18-ാം തീയതി കൽപ്പറ്റ മേഖലയിലും, 25-ാം തീയതി കൊട്ടിയൂർ മേഖലയിലും ഉണ്ടായിരിക്കുന്നതാണ്. ശാഖാ നേതൃത്വം വേണ്ട ക്രമീകരണം ചെയ്യുമല്ലോ.

**മിഷൻഞായർ പിരിവ് തന്ന ശാഖകൾ**

ജൂഡ്സ്മൗണ്ട് -100, വള്ളിക്കെട്ട്-100, ഭൂദാനം-50, ചെറുകാട്ടൂർ -750, കണിയാമ്പറ്റ-100.

**പലതുള്ളി തന്ന ശാഖകൾ**

ജൂഡ്സ്മൗണ്ട്-150, പൂളപ്പാടം-100, വള്ളിക്കെട്ട്-100, പാലേമാട് -150, ആറാട്ടുതറ-200, എടയൂർകുന്ന്-78, കരിമ്പിൽ-200.

**കാണിക്ക തന്ന ശാഖകൾ**

കബനിഗിരി-310, പടമല-1000, പുതിയിടം-2000, വള്ളിക്കെട്ട്-100, വടപുറം-100, ഭൂദാനം-50, പാലേമാട്-150, മുള്ളൻകൊല്ലി-10000, മാർട്ടിൻനഗർ-350, തലപ്പുഴ-101, മൂലങ്കാവ്-100, ആറാട്ടുതറ-300, അരിഞ്ചേർമല-100, ചെറുകാട്ടൂർ-500, റിപ്പൺ-108, ദ്വാരക-600.

**മേഖലാവാർത്തകൾ**

**നടവയൽ**

വിശ്വാസവർഷ ആരാധന വാളവയൽ ശാഖയിൽ വച്ച് രൂപതാ ഡയറക്ടർ ഫാ. സോണി വടയാപറമ്പിൽ ഉദ്ഘാടനം ചെയ്തു. ഡിപ്ലോമ പരീക്ഷയിൽ ഉന്നതവിജയം നേടിയ ഫിയോണ തുറവേലിക്കുന്നേലിന് ക്യാഷ് അവാർഡ് നൽകി.

**നീലഗിരി**

മേഖലാതലത്തിൽ ജോ.ഡയറക്ടേഴ്സ് സംഗമം നടത്തി.

**കൊട്ടിയൂർ**

'വെളിച്ചം' മേഖല സെമിനാർ നടത്തി.

**മാനന്തവാടി**

യവനാർകുളം ഇടവകയിൽ രോഗീസഹായമായി 7500 രൂപ നൽകി. ഏറ്റവും കൂടുതൽ മാർക്ക് മേടിച്ച കുട്ടിക്ക് ക്യാഷ് അവാർഡ് നൽകി.

**ശാഖാവാർത്തകൾ**

*അരിഞ്ചേർമല :-* തീപ്പെട്ടി അരിശേഖരണം ആരംഭിച്ചു.
*ചുണ്ടക്കര :-* വൃക്ഷതൈ നട്ട് പരിസ്ഥിതി ദിനം ആചരിച്ചു.
*നടവയൽ :-* ആരാധന, രോഗീസന്ദർശനം എന്നിവ നടത്തി.
*വിളമ്പുകണ്ടം :-* രൂപതയുടെ ഓർഫണേജുകളിലേയ്ക്ക് നിത്യോപയോഗ സാധനങ്ങൾ നൽകി.
*കുറുമ്പാലകോട്ട :-* മഴക്കാല രോഗങ്ങളെപ്പറ്റിയും പ്രതിരോധ മാർഗ്ഗങ്ങളെപ്പറ്റിയും ബോധവത്ക്കരണ ക്ലാസ് നടത്തി.
*ചെറുകാട്ടൂർ :-* എം.സി.ബി.എസ്. കാരുടെ നേതൃത്വത്തിൽ 'ഏൽറോയ്' ക്യാമ്പ് നടത്തി.
*കേണിച്ചിറ :-* കാഴ്ചസമർപ്പണം നടത്തി.
*നിലമ്പൂർ :-* ബൈബിൾ വചനങ്ങൾ പഠിച്ച് എഴുതി സമർപ്പിക്കുന്നു.
*പൂളപ്പാടം :-* കോട്ടയം ടീം അംഗങ്ങളുടെ നേതൃത്വത്തിൽ ക്രിസ്റ്റിൻ ധ്യാനം നടത്തി.
*റൂബിനഗർ :-* പഠനോപകരണങ്ങൾ കാഴ്ചവച്ചു.
*ഇടിവണ്ണ :-* ദിവ്യകാരുണ്യ ആരാധന നടത്തി.
*ചൂരൽമല :-* പരിസ്ഥിതി ദിനം ആഘോഷിച്ചു.
*എടപ്പെട്ടി :-* ഭവനസന്ദർശനം നടത്തി. ആദ്യകുർബാന സ്വീകരിച്ച കുട്ടികളുടെ അനുഭവം പങ്കുവച്ചു.
*നെടുമ്പാല :-* ബൈബിൾറാലി നടത്തി. സി.എം.എൽ. സ്റ്റാളിലേക്ക് ഫോട്ടോസ് നിർമ്മിച്ചു.
*വാഴവറ്റ :-* രോഗീസന്ദർശനം നടത്തി.
*ഒലിവുമല :-* ലഹരിവിരുദ്ധ സന്ദേശ ഫ്ളക്സ് സ്ഥാപിച്ചു.
*വൈത്തിരി :-* ഹോസ്പിറ്റലിൽ ഭക്ഷണം വിതരണം ചെയ്തു.
*ചാരിറ്റി :-* അൾത്താര കുട്ടികൾക്ക് പരിശീലനം നൽകി.
*മൺവയൽ :-* ബൈബിൾ ദിനാചരണം നടത്തി.
*ധർമ്മഗിരി :-* പച്ചക്കറിവിത്ത് വിതരണം ചെയ്തു.

*പനഞ്ചിറ :-* ആരാധന നടത്തി.

*ബെക്കി :-* വചനവൃക്ഷം നിർമ്മിച്ചു.

*കുന്നലാടി :-* വസ്ത്രങ്ങൾ ശേഖരിച്ച് പാവപ്പെട്ടവർക്ക് വിതരണം ചെയ്തു.

*കൽപ്ര :-* കാഴ്ചസമർപ്പണത്തിലൂടെ ലഭിച്ച 1621 രൂപ തോണിച്ചാൽ എമ്മാവൂസ് വില്ലയിലെ കുട്ടികൾക്ക് നൽകി.

*കുന്നൂർ :-* ശനിയാഴ്ചകളിൽ വൈകുന്നേരം ജപമാല ചൊല്ലുന്നു.

*അറവങ്കാട് :-* പഠനോപകരണങ്ങൾ കാഴ്ചവച്ച് അത് നിർദ്ദനരായ കുട്ടികൾക്ക് നൽകി.

*കൊട്ടിയൂർ :-* സാമ്പത്തിക ബുദ്ധിമുട്ടനുഭവിക്കുന്ന 10 കുട്ടികൾക്ക് പഠന കിറ്റ് നൽകി.

*കേളകം :-* കുട്ടികൾക്ക് ജന്മദിനാശംസകൾ നൽകി.

*വെള്ളൂന്നി :-* ജീവിതമൂല്യങ്ങളെക്കുറിച്ചുള്ള വാർത്താബോർഡ് തയ്യാറാക്കി.

*ചുങ്കക്കുന്ന് :-* പരിസ്ഥിതിവാരത്തോടനുബന്ധിച്ച് ടൗൺ ശുചീകരിച്ചു.

*ഒറ്റപ്ലാവ് :-* മിഷൻക്വിസ് നടത്തി.

*പാൽച്ചുരം :-* ആരാധന നടത്തി.

*നെല്ലിയോടി :-* ഫുട്പാത്ത് നിർമ്മിച്ചു. ലഹരിവസ്തുക്കളുടെ ഉപയോഗത്തിനെതിരെയും, ചീട്ടുകളിക്കെതിരെയും പോസ്റ്ററുകൾ നിർമ്മിച്ച് ടൗണിൽ സ്ഥാപിച്ചു.

*പയ്യമ്പള്ളി :-* സാമ്പത്തിക ബുദ്ധിമുട്ടനുഭവിക്കുന്ന 10 കുട്ടികൾക്ക് 1000 രൂപവച്ച് പഠനസഹായം നൽകി.

*അപ്പപ്പാറ :-* നമസ്കാര മത്സരം നടത്തി. രോഗീസന്ദർശനം നടത്തി.

*പടമല :-* തിരുബാലസഖ്യം കുട്ടികൾക്ക് പരിശീലനം നടത്തി. എയ്ഞ്ചൽ അവാർഡ് വിതരണം ചെയ്തു.

*കാട്ടിക്കുളം :-* ബൈബിൾ ക്വിസ് മത്സരം നടത്തി.

*മാർട്ടിൻനഗർ :-* ദൈവവിളി പ്രോത്സാഹന സഹായമായി 1000 രൂപ നൽകി.

*എടയൂർകുന്ന് :-* പഠനോപകരണങ്ങൾ കാഴ്ചവച്ചു.

*ശശിമല :-* കാഴ്ചവയ്പിലൂടെ ലഭിച്ച തുക രോഗീസഹായമായി നൽകി.

*ഇരുളം :-* പഠനോപകരണങ്ങൾ കാഴ്ചവച്ച് നിർദ്ദനരായ കുട്ടികൾക്ക് നൽകി.

*കബനിഗിരി :-* ദേവാലയം, സിമിത്തേരി ശുചീകരണം നടത്തി.

*ആടിക്കൊല്ലി :–* കാട്ടിക്കുളം ജയമാതാ ഓർഫനേജ് സന്ദർശിച്ച് പഠനോപകരണങ്ങൾ നൽകി. മേഖലയിലെ ഏറ്റവും നല്ല പ്രവർത്തനശാഖയായി തെരഞ്ഞെടുത്തു.
*പുൽപ്പള്ളി :–* വിശ്വാസവർഷഭവനം നിർമ്മിക്കുന്നതിനയി പണം സ്വരൂപിക്കുവാൻ ഓരോ ക്ലാസിലും, കാണിക്ക ടിൻ കൊടുത്തു.
*അമരക്കുനി :–* 'ഹരിതം' 2012 മികച്ച ശാഖയ്ക്കുള്ള സമ്മാനം ലഭിച്ചു.
*മരക്കടവ് :–* ബൈബിൾ പഠനത്തിന്റെ ആവശ്യകതയെകുറിച്ച് ക്ലാസുകൾ നൽകി.
*മംഗലശ്ശേരി :–* എല്ലാ വിഷയങ്ങൾക്കും A+ ലഭിച്ച 2 കുട്ടികൾക്ക് ക്യാഷ് അവാർഡ് നൽകി.
*കല്ലോടി :–* അക്ഷരം സാഹിത്യശില്പശാല സംഘടിപ്പിച്ചു. അൾത്താര ബാലസംഗമം നടത്തി.
*കരിമ്പിൽ :–* മഴക്കെടുതിയിൽ ബുദ്ധിമുട്ടനുഭവിക്കുന്നവർക്കുവേണ്ടി ആരാധന നടത്തി.
*തോണിച്ചാൽ :–* ബൈബിൾറാലി നടത്തി, ഗാനപരിശീലനം നടത്തി.
*പുതുശ്ശേരി :–* ഗവ.ഹോസ്പിറ്റലിൽ അരി നൽകി. സാഹിത്യശില്പശാല നടത്തി.
*നിരവിൽപുഴ :–* അഖണ്ഡ ബൈബിൾ പാരായണം നടത്തി.
*ജൂഡ്സ്മൗണ്ട് :–* ബൈബിൾക്വിസ് നടത്തി. നിർദ്ദനരായ കുട്ടികൾക്ക് ബാഗ്, കുട എന്നിവ നൽകി.
*മൂലങ്കാവ് :–* 'ഹരിതം 13' സി.എം.എൽ. അംഗങ്ങളുടെ നേതൃത്വത്തിൽ വൃക്ഷത്തൈ നട്ടു.
*അമ്പലവയൽ :–* പഠനോപകരണങ്ങൾ ശേഖരിച്ച് നിർദ്ദനരായ കുട്ടികൾക്കും, എടപ്പെട്ടി ബാലഭവനിലെ കുട്ടികൾക്കും, പാലിയേറ്റീവ് കെയറിലെ കുട്ടികൾക്കും നൽകി.
*ചിത്രഗിരി :–* രൂപതാഡയറക്ടർ ഫാ. സോണി വടയാപറമ്പിൽ തണൽമരം നട്ടു. വചനബോർഡ് തയ്യാറാക്കി.
*പഴൂർ :–* ബൈബിൾ റാലി നടത്തി.
*കടൽമാട് :–* ബൈബിൾവാക്യ പഠനമത്സരം നടത്തി.
*തോമാട്ടുചാൽ :–* പുകവലി വിരുദ്ധദിനറാലി, മദ്യവിരുദ്ധറാലി എന്നിവ നടത്തി.
*കരണി :–* നിർദ്ധനരായ കുട്ടികൾക്ക് പഠനോപകരണങ്ങൾ നൽകി.
*പാലേമാട് :–* രോഗീസന്ദർശനം, അൾത്താരബാലസംഗമം എന്നിവ നടത്തി.

*മുണ്ടേരി :-* പഠനോപകരണങ്ങൾ നിർദ്ദനരായ കുട്ടികൾക്ക് നൽകി. അഖണ്ഡബൈബിൾ വായന നടത്തി.

*നരിവാലമുണ്ട :-* ബൈബിൾ വചനവിതരണം നടത്തി.

*പാലാങ്കര :-* കുട്ടികൾ വചനത്തിൽ ആഴപ്പെടാൻ വചനഭാഗം പറഞ്ഞു കൊടുത്തു.

*കാവുംമന്ദം :-* ബൈബിൾക്വിസ്, മിഷൻക്വിസ് എന്നിവ നടത്തി. നമ്മൾ എന്നപേരിൽ സി.എം.എൽ. സന്ദേശ പ്രചരണം നടത്തി.

*മംഗളം :-* ക്യാൻസർ രോഗികളെ സന്ദർശിച്ചു. പഠനോപകരണങ്ങൾ വിതരണം ചെയ്തു.

*കുറുമണി :-* പരിസ്ഥിതിദിനം ആചരിക്കുകയും വൃക്ഷതൈ നടുകയും ചെയ്തു. ഭവനനിർമ്മാണത്തിനായി 1000 രൂപ നൽകി.

*ചെന്നലോട് :-* ജൂബിലിയോടനുബന്ധിച്ച് 50 വൃക്ഷതൈനട്ടു. ലഹരിക്കെതിരെ സെമിനാർ നടത്തി.

*മഞ്ഞൂറ :-* കുഞ്ഞോം ഓർഫനേജിലെ കുട്ടികൾക്ക് പഠനോപകരണങ്ങൾ നൽകി.

*കുറുമ്പാല :-* 2500 രൂപയുടെ പഠനോപകരണങ്ങൾ വിതരണം ചെയ്തു. 'മഴക്കാലരോഗങ്ങൾ' പോസ്റ്റർ നിർമ്മാണമത്സരം നടത്തി.

*തരിയോട് :-* ഭവനസന്ദർശനം നടത്തി.

*പോരൂർ :-* ബൈബിൾക്വിസ് നടത്തി. സാഹിത്യരചന മത്സരം നടത്തി.

*പേരിയ :-* ജാഗരണ പ്രാർത്ഥന നടത്തി.

*തവിഞ്ഞാൽ :-* ജയമാതാ ബാലഭവൻ സന്ദർശിച്ച് അരി നൽകി. വി. കുർബാനയെക്കുറിച്ച് ക്ലാസ് നൽകി.

*മുതിരേരി :-* 6 കുട്ടികൾക്ക് വിദ്യാഭ്യാസ സഹായം നൽകി.

*പ്രശാന്തഗിരി :-* സെമിനാർ നടത്തി, പരിശീലനങ്ങൾ നടത്തി.

*മാനന്തവാടി ടൗൺ ചർച്ച് :-* സി.എം.എൽ. അംഗങ്ങൾക്കായി അനുരഞ്ജന ശുശ്രൂഷ നടത്തി.

*യവനാർകുളം :-* വിവിധ പരിശീലനങ്ങൾ നൽകി.

*കരിമാനി :-* ആരാധന നടത്തി

*കുറ്റിമൂല :-* സാഹിത്യമത്സര പരിശീലനം, പ്രസംഗപരിശീലനം നടത്തി.

*പുതിയിടം :-* ദൈവവിളി സ്വീകരിച്ച 4 കുട്ടികൾക്ക് പ്രോത്സാഹന സമ്മാനങ്ങൾ നൽകി. പുസ്തകമേള നടത്തി.

*ഏലപ്പീടിക :-* ആരാധന നടത്തി. പള്ളിയും പരിസരവും വൃത്തിയാക്കി.

*ബോയ്സ്ടൗൺ :-* കാരക്കാമല ഓർഫനേജിൽ പഠനോപകരണങ്ങൾ വിതരണം ചെയ്തു. പറളിക്കുന്നിൽ രോഗീസന്ദർശനം നടത്തി.

*ആലാറ്റിൽ :-* സംഘടനാപ്രവർത്തനങ്ങൾക്കായി സീനിയർ ജൂനിയർ വിഭാഗങ്ങളായി തിരിച്ചു.

*തെനേരി :-* രോഗീസഹായം 10000, ഭവനനിർമ്മാണസഹായം 15000, വിദ്യാഭ്യാസസഹായം 10000 രൂപയും നൽകി. വേദപാഠം +2 പരീക്ഷ യിൽ മികച്ച വിദ്യാർത്ഥിനിക്ക് 1001 രൂപ ക്യാഷ് അവാർഡ് നൽകി.

*കോട്ടത്തറ :-* വചനകുരിശ് നിർമ്മിച്ചു.

**സ്നേഹപൂർവ്വം**

പ്രവർത്തനപന്ഥാവിൽ വിശുദ്ധിയുടെ വിശ്വാസവെളിച്ചം പകർന്നുകൊടുക്കുന്ന പ്രേഷിതരായി ഇനിയും നമുക്ക് മുന്നേറാം. പ്രേഷിത ലക്ഷ്യങ്ങളെ, വിശ്വാസസത്യങ്ങളെ, വരയിൽ വരികളിൽ വാക്കുകളിൽ നടനങ്ങളിൽ പ്രഘോഷിച്ച് നമുക്കും നല്ല മൂല്യങ്ങളുടെ വക്താക്കളാകാം. വരുംദിനങ്ങളിൽ ഉയരുന്ന ആരവങ്ങൾ അതിനുള്ള താവട്ടെയെന്ന പ്രാർത്ഥനാശംസകളോടെ,

ഏറ്റവും വിനീതനായി നിങ്ങളുടെ സ്വന്തം

**രഞ്ചിത്ത് മുതുപ്ലാക്കൽ**

രൂപതാ ജനറൽ സെക്രട്ടറി

# കെ. സി. വൈ. എം.

**നന്ദിയോടെ......**

കേരള കത്തോലിക്കാ യുവജനപ്രസ്ഥാനത്തെ മാനന്തവാടി രൂപതയിൽ കഴിഞ്ഞകാലങ്ങളിൽ പ്രവർത്തനസജ്ജമാക്കുകയും, നേതൃത്വം നൽകുകയും ചെയ്തിരുന്ന റവ. ഫാ. മൈക്കിൾ വടക്കേമുള ഞ്ഞനാൽ, റവ. ഫാ. ജെറി ഓണംപള്ളി, റവ. ഫാ. റോജി കഴുകനോ ലിക്കൽ CMI, സി. അനിലിറ്റ് SH, സി. സലോമി SH, സി. ആൻസി CMC, സി. ജുസ്സേ FCC, സി. മേഴ്‌സി SABS, സി. റോസ്മിൻ SH, സി.ആൻസ് FCC, സി. സിജി OLP എന്നിവർ കെ.സി.വൈ.എം. മേഖല ഡയറക്ടേഴ്സ്, ആനിമേറ്റേഴ്സ് സ്ഥാനത്തുനിന്നും മാറിപോകുകയാണ്. ഇവർ കെ.സി. വൈ.എം. മാനന്തവാടി രൂപതയ്ക്ക് നൽകിയ സേവനങ്ങൾക്കും, നേതൃ ത്വത്തിനും ഹൃദയംനിറഞ്ഞ നന്ദിയും കടപ്പാടും അറിയിക്കുന്നു. പുത്തൻ പ്രവർത്തന മേഖലകളിൽ എല്ലാ നന്മകളും ആശംസിക്കുന്നു.

**നവാഗതർക്ക് സ്വാഗതം...**

മേഖലകളിൽ പുതിയതായി ചാർജ്ജെടുത്തിരിക്കുന്ന മേഖല ഡയറക്ടേഴ്സിനെ, ആനിമേറ്റേഴ്സിനെ KCYM കുടുംബത്തിലേക്ക് സ്വാഗതം ചെയ്യുന്നു. റവ.ഫാ.തോമസ് കാട്ടുതുരുത്തിയിൽ (ഗൂഡല്ലൂർമേഖല) റവ. ഫാ. ജോസഫ് ഔസേപ്പറമ്പിൽ (കല്ലോടി മേഖല), റവ. ഫാ. ജിൽസൺ കോക്കണ്ടത്തിൽ (കല്പ്പറ്റ മേഖല), സി. മർത്ത SJC (ബത്തേരി മേഖല), സി. അനിത ടോം SH (മാനന്ത വാടി മേഖല), സി.അനിറ്റ് മരിയ CMC (നടവയൽ മേഖല), സി. റോസ്മിൻ SH (തരിയോട് മേഖല) പ്രവർത്തന വഴികളിൽ ദൈവാനു ഗ്രഹം ധാരാളമായി ഉണ്ടാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

**യുവജനദിനാഘോഷം - കുറുമ്പാലക്കോട്ട**

ഈ വർഷത്തെ യുവജനദിനാഘോഷം ജൂലൈ 7 ന് കുറുമ്പാല ക്കോട്ട യൂണിറ്റിൽ വെച്ച് സമുചിതമായി ആഘോഷിച്ചു. ഇടവക വികാരി റവ. ഫാ. ജോസഫ് പരുവുമ്മേൽ രൂപതാ ഭാരവാഹികളെ ഹൃദ്യമായി സ്വാഗതം ചെയ്തു. രൂപത ഡയറക്ടർ റവ. ഫാ. ലാൽ ജേക്കബ് പൈനു

ങ്കൽ വി. കുർബാനയർപ്പിച്ച് യുവജനദിനസന്ദേശം നൽകി. വി. കുർബാനയ്ക്ക് ശേഷം നടന്ന പൊതുപരിപാടിയിൽ KCYM രൂപത പ്രസിഡണ്ട് ശ്രീ. ജിതേഷ് മുളയ്ക്കക്കുന്നേൽ അദ്ധ്യക്ഷത വഹിച്ചു. റവ. ഫാ. ലാൽ ജേക്കബ് സമ്മേളനം ഉദ്ഘാടനം ചെയ്തു. സ്റ്റേറ്റ് സിൻഡിക്കേറ്റ് അംഗം ശ്രീ. സിനോ പാറക്കാലായിൽ, രൂപത ആനിമേറ്റർ റവ. സി. ലിൻസ FCC, ഇടവക പ്രതിനിധികൾ എന്നിവർ ആശംസകളർപ്പിച്ചു. യൂണിറ്റംഗങ്ങളുടെ നേതൃത്വത്തിൽ തയ്യാറാക്കിയ ഇടവക ഡയറക്ടറി യൂണിറ്റ് പ്രസിഡണ്ട് ശ്രീ. ജിൽജോ നെടുമലയുടെ കരങ്ങളിൽ നിന്നും സ്വീകരിച്ച് രൂപത ഡയറക്ടർ റവ. ഫാ. ലാൽ ജേക്കബ് പൈനുങ്കൽ പ്രകാശന കർമ്മം നിർവ്വഹിച്ചു. പാരീഷ് +2 പൂർത്തിയാക്കിയ കുട്ടികളുടെ സർട്ടിഫിക്കറ്റ് വിതരണം ഫാ. ലാൽ ജേക്കബ് നിർവ്വഹിച്ചു. കെ.സി.വൈ.എം. രൂപത ജനറൽ സെക്രട്ടറി ശ്രീ. ബിബിൻ ചെമ്പക്കര നന്ദി അർപ്പിച്ചു. യൂണിറ്റിലെ യുവജനങ്ങൾക്കായി സ്റ്റേറ്റ് സിൻഡിക്കേറ്റംഗം ശ്രീ. സജിൻ ചാലിൽ ക്ലാസ് നയിച്ചു. യൂണിറ്റിലെ യുവജനങ്ങൾക്കും രൂപത നേതൃത്വത്തിനും ബഹു. ജോസഫ് അച്ചൻ സമ്മാനങ്ങൾ നൽകി. യുവജനദിനാഘോഷം വളരെയധികം മനോഹരമാക്കി തീർത്ത അച്ചനും യൂണിറ്റ് ഭാരവാഹികൾക്കും അഭിനന്ദനങ്ങൾ അറിയിക്കുന്നു.

### ജൂലൈ-13 രൂപത അർദ്ധവാർഷിക സെനറ്റ്

2013 പ്രവർത്തനവർഷത്തിലെ 6 മാസക്കാലത്തെ പ്രവർത്തനങ്ങളുടെ അവലോകനവും തുടർന്നുള്ള പ്രവർത്തനങ്ങളെക്കുറിച്ചുള്ള സമഗ്രമായ നിർദ്ദേശങ്ങളും, റിപ്പോർട്ടവതരണവും ജൂലൈ 13 ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് നടന്നു. രൂപത ആനിമേറ്റർ റവ. സി. ലിൻസ FCC വചന പ്രതിഷ്ഠ നടത്തി. കെ.സി.വൈ.എം. രൂപത ജനറൽ സെക്രട്ടറി ശ്രീ. ബിബിൻ ചെമ്പക്കര സമ്മേളനത്തിന് സ്വാഗതം ആശംസിച്ചു. രൂപത ഡയറക്ടർ റവ. ഫാ. ലാൽ ജേക്കബ് പൈനുങ്കൽ ആമുഖ പ്രഭാഷണം നടത്തി. KCYM രൂപത പ്രസിഡണ്ട് ശ്രീ. ജിതേഷ് മുളയ്ക്കക്കുന്നേൽ അദ്ധ്യക്ഷത വഹിച്ചു. മാനന്തവാടി ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ശ്രീമതി സിൽവി തോമസ് ഉദ്ഘാടന കർമ്മം നിർവ്വഹിച്ചു. രൂപത ആനിമേറ്റർ സി. ലിൻസ FCC സംസ്ഥാന സെനറ്റ് മെമ്പർ ശ്രീ. ഷംജിത്ത് ചേലയ്ക്കൽ എന്നിവർ ആശംസകളർപ്പിച്ച് സംസാരിച്ചു. കെ.സി.വൈ.എം. രൂപത ട്രഷറർ ശ്രീ. സിബിൻ പാലമൂട്ടിൽ യോഗത്തിന് നന്ദിയർപ്പിച്ചു. തുടർന്ന് മേഖല, രൂപത റിപ്പോർട്ടവതരണവും ചർച്ചയും നടന്നു. കൊട്ടിയൂർ, നിലമ്പൂർ, മാനന്തവാടി എന്നീ മേഖലകൾ അർദ്ധവാർഷിക സെനറ്റിൽ സംബന്ധിക്കുന്നതിൽ വീഴ്ച വരുത്തിയതിനാൽ സെനറ്റ് അതൃപ്തി രേഖപ്പെടുത്തി.

## ജൂലൈ–18 മേഖല ഡയറക്ടേഴ്സ് & ആനിമേറ്റേഴ്സ് സമ്മേളനം

മേഖല ഡയറക്ടേഴ്സ്, ആനിമേറ്റേഴ്സ് യോഗം ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് 2013 ജൂലൈ 18 ന് വൈകുന്നേരം 6 ന് നടത്തപ്പെട്ടു. പ്രാർത്ഥനയോടെ യോഗം ആരംഭിച്ചു. രൂപത ആനിമേറ്റർ റവ. സി. ലിൻസ FCC സ്വാഗതം ആശംസിച്ചു. സംഘടനയുടെ പ്രവർത്തനങ്ങളെ കുറിച്ച് KCYM രൂപത പ്രസിഡണ്ട് ശ്രീ. ജിതേഷ് മുളയ്ക്കക്കുന്നേൽ അവലോകനം നടത്തി. തുടർന്ന് KCYM പ്രസ്ഥാനം കഴിഞ്ഞ കാലങ്ങളിൽ നടത്തിയ പ്രവർത്തനങ്ങളെക്കുറിച്ചുള്ള വിശദീകരണവും, തുടർന്നും എല്ലാ മേഖലകളിൽ നിന്നും, കൂടുതൽ കാര്യക്ഷമമായ പങ്കാളിത്തം ലഭിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും, ഭാവി പരിപാടികളെക്കുറിച്ചും ഉള്ള ചർച്ചകൾ നടന്നു. കഴിഞ്ഞ നാളുകളിൽ രൂപത സിൻഡിക്കേറ്റ് പ്രതിനിധികളായിരുന്ന റവ. ഫാ. മൈക്കിൾ വടക്കേമുളഞ്ഞനാൽ, റവ. സി. അനിറ്റ് മരിയ CMC ഇവരോടുള്ള നന്ദി റവ. ഫാ. ലാൽ ജേക്കബ് അറിയിച്ചു.

## അഭിനന്ദനങ്ങൾ

പുതിയ മേഖല ഡയറക്ടേഴ്സ്, ആനിമേറ്റേഴ്സ് പ്രതിനിധികളായി സിൻഡിക്കേറ്റിലേക്ക് തിരഞ്ഞെടുക്കപ്പെട്ട റവ. ഫാ. മനോജ് അമ്പലത്തിങ്കൽ, റവ. സി. എലിസബത്ത് SCV എന്നിവർക്ക് KCYM കുടുംബത്തിന്റെ അഭിനന്ദനങ്ങൾ.

## ത്രിവർണ്ണം–2013

നമുക്ക് സ്വാതന്ത്ര്യം നേടിത്തന്ന വീരനായകരെ അടുത്തറിയാൻ +1, +2 വിദ്യാർത്ഥികൾക്കായി സംഘടിപ്പിക്കുന്ന സ്വാതന്ത്ര്യദിന ക്വിസ് –ത്രിവർണ്ണം 2013 എന്ന പേരിൽ നടത്തപ്പെടുന്നു. ഒരു സ്കൂളിൽ നിന്നും രണ്ട് പേരടങ്ങുന്ന രണ്ട് ടീമുകൾക്ക് പങ്കെടുക്കാം. പങ്കെടുക്കാൻ താല്പര്യമുള്ള ടീമുകൾ ഓഗസ്റ്റ് 10–ാം തീയതിക്ക് മുമ്പായി 04935 – 240339, 9496343949, 9961980371 ഈ നമ്പറുകളിൽ വിളിച്ച് മുൻകൂട്ടി രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് 100 രൂപ. വിശദവിവരങ്ങൾക്ക് മുകളിൽ കൊടുത്തിരിക്കുന്ന നമ്പറുകളുമായി ബന്ധപ്പെടുക.

## CRAZY WAYANAD - KCYM Rain Foot Ball

ഏപ്രിൽ 4 ന് കാവുംമന്ദത്ത് വെച്ച് മഡ് ഫുട്ട്ബോൾ മത്സരം നടത്തുന്നു. മേഖലയുടെ നേതൃത്വത്തിൽ മേഖലയുടെ അനുവാദത്തോടുകൂടിയായിരിക്കണം ടീമുകൾ പങ്കെടുക്കേണ്ടത്. ഒരു മേഖലയിൽ നിന്നും രണ്ടു ടീമുകൾക്ക് പങ്കെടുക്കാം. ഒരു ടീമിൽ 7 പേർ വരെ

യാകാം. ഗോളിയടക്കം 5 കളിക്കാർക്ക് പങ്കെടുക്കാം. ടീമുകൾ മുൻകൂട്ടി രജിസ്റ്റർ ചെയ്യുക. 04935 – 240339, 9947666175. രജിസ്ട്രേഷൻ ഫീസ് 500 രൂപ.

## ഓഗസ്റ്റ്–25 ഇന്ത്യൻ ക്രിസ്ത്യൻ രക്തസാക്ഷിത്വദിനം

ഒറീസയിലെ കന്ദമാലിലെ കലാപതീയിൽ ചുട്ടുകൊല്ലപ്പെട്ട നൂറു വിശ്വാസികൾ! അഗ്നിക്കിരയാക്കപ്പെട്ട അമ്പത്തിനാലായിരം ഭവനങ്ങൾ! തകർക്കപ്പെട്ട മുന്നൂറിലധികം ആരാധനാലയങ്ങൾ! നിരവധി സ്ഥാപനങ്ങൾ! മാനംഭംഗം ചെയ്യപ്പെട്ട സ്ത്രീകൾ, സമർപ്പിതർ! ഭവനരഹിതരായ പതിനായിരങ്ങൾ. ഒറീസയിലും ജമ്മുകാശ്മീരിലും, മധ്യപ്രദേശിലും, മംഗലാപുരത്തും, മഹാരാഷ്ട്രയിലും ക്രൈസ്തവർ പീഡിപ്പിക്കപ്പെടുന്നു. ഒറീസ, മധ്യപ്രദേശ്, ഛത്തീസ്ഗഡ്, അരുണാചൽപ്രദേശ്, ഗുജറാത്ത്, രാജസ്ഥാൻ, ഹിമാചൽപ്രദേശ് തുടങ്ങി ഏഴ് സംസ്ഥാനങ്ങളിൽ മതപരിവർത്തന നിയമം നിലവിൽ വന്നിരിക്കുന്നു. കേരളത്തിൽ മാധ്യമങ്ങളിലൂടെയും ന്യൂനപക്ഷ അവകാശ ധ്വംസനത്തിലൂടെയും ക്രൈസ്തവർ പീഡിപ്പിക്കപ്പെടുന്നു.

ആഗസ്റ്റ് 25 ന് എല്ലാ മേഖലകളുടെയും നേതൃത്വത്തിൽ ബൈക്ക് റാലിയും, വാഹനപ്രചരണജാഥയും പാസ്റ്ററൽ സെന്ററിൽ വെച്ച് ചേരുന്നു. ഓഗസ്റ്റ് 25 ന് 2 pm ന് ദ്വാരകയിൽ നിന്നും ആരംഭിക്കുന്ന ജാഥ മാനന്തവാടി ടൗണിൽ എത്തിച്ചേരുകയും തുടർന്ന് ഇന്ത്യൻ ക്രിസ്ത്യൻ രക്തസാക്ഷിദിനാചരണവും, പൊതുയോഗവും നടത്തപ്പെടുന്നതാണ്. ഓരോ മേഖലയിൽ നിന്നും കുറഞ്ഞത് നൂറു പേരെയെങ്കിലും പങ്കെടുപ്പിച്ചുകൊണ്ടുള്ള ബൈക്ക് റാലി ഉണ്ടായിരിക്കണം.

## അനുമോദനങ്ങൾ

ചുങ്കക്കുന്ന് ഇടവകാംഗം കുമാരി മിനിമോൾ അബ്രാഹം ഇന്ത്യൻ വോളിബോൾ ക്യാപ്റ്റനായി തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു. മാനന്തവാടി രൂപതയുടെ അഭിമാനമായി മാറിയ മിനിമോൾക്ക് കെ.സി.വൈ.എം. രൂപത കുടുംബത്തിന്റെ അനുമോദനങ്ങൾ.

## യൂണിറ്റ് വാർത്തകൾ – പടമല യൂണിറ്റ്

ഇടവകയിലും മേഖലയിലും നടന്ന ജാഗരണപ്രാർത്ഥനയിൽ കെ.സി.വൈ.എം. അംഗങ്ങൾ സംബന്ധിച്ചു. മേഖല സെനറ്റിൽ ആനിമേറ്ററുടെ നേതൃത്വത്തിൽ പങ്കെടുത്തു. അംഗങ്ങൾ പനവല്ലി യൂണിറ്റ് സന്ദർശിച്ചു. ഇടവകയിലെ കിടപ്പുരോഗികളെ സന്ദർശിച്ച് അവരെ ആശ്വസിപ്പിച്ചു. മഴക്കാലരോഗങ്ങളും പ്രതിരോധമാർഗ്ഗങ്ങളും എന്ന ലഘുലേഖ യൂണിറ്റിന്റെ നേതൃത്വത്തിൽ തയ്യാറാക്കി ഇടവകയിലും മേഖല

യിലും പടമലയിലെ കോളനിപ്രദേശങ്ങളിലും വിതരണം നടത്തി. ആവശ്യമായ ബോധവൽക്കരണം നടത്തി.

**വാഴവറ്റ യൂണിറ്റ്**

യൂണിറ്റിന്റെ എല്ലാ പ്രവർത്തനങ്ങൾക്കും കഴിഞ്ഞ ഒരു വർഷം കൂടെയുണ്ടായിരുന്ന ആനിമേറ്റർ സി. ആൻമരിയ SH ന് ഹൃദ്യമായ യാത്രയയപ്പ് നൽകി. സ്കൂൾ വർഷാരംഭത്തിൽ വിദ്യാർത്ഥികൾക്കായി പ്രത്യേക പ്രാർത്ഥന നടത്തി. യൂണിറ്റ് കുടുംബത്തിലേക്ക് കടന്നുവന്നിരിക്കുന്ന പുതിയ ആനിമേറ്റർ സി. മേഴ്സി സിറിയക് SH നും ബ്രദർ അനൂപ് ചക്കിട്ടക്കുടിയ്ക്കും സ്വാഗതം നൽകി. പുതിയ ട്രഷററായി ജെയ്സൻ പറയരുമലയലിനെ തെരഞ്ഞെടുത്തു.

**ചുങ്കക്കുന്ന് യൂണിറ്റ്**

ജൂൺ 2 ന് ഡയറക്ടർ റവ. ഫാ. തോമസ് മണക്കുന്നേൽ ദേവാലയമുറ്റത്ത് വൃക്ഷതൈ നട്ടുകൊണ്ട് പരിസ്ഥിതി വാരം ഉദ്ഘാടനം ചെയ്തു. കേളകം പഞ്ചായത്ത് മെമ്പർ ശ്രീ. അപ്പച്ചൻ പെരുമ്പനാനി അദ്ധ്യക്ഷത വഹിച്ചു. പ്ലാസ്റ്റിക്ക് വിമുക്ത ഇടവകയായി പ്രഖ്യാപിക്കുന്നതിന്റെ ഭാഗമായി കേളകം മുതൽ ചുങ്കക്കുന്ന് വരെയുള്ള പ്രദേശങ്ങളിലെ പ്ലാസ്റ്റിക്ക് ശേഖരിച്ചു. SWS ചുങ്കക്കുന്ന് യൂണിറ്റിന് വേസ്റ്റ് ക്യാരിയർ നിർമ്മിക്കുന്നതിന് ധനസഹായം നൽകി. യൂണിറ്റ് വിസിറ്റ് നടന്നു. 450 യുവജനങ്ങൾ സംബന്ധിച്ചു. എല്ലാദിവസവും വൈകുന്നേരം 6.30 മുതൽ ബഹു. വൈദികരോട് ചേർന്ന് യുവജനങ്ങൾ, ഇടവകയ്ക്കും യുവജനങ്ങൾക്കും വേണ്ടി ജപമാലയർപ്പിച്ച് പ്രാർത്ഥിക്കുവാൻ ആരംഭിച്ചു. ഇടവകയിൽ ക്യാൻസർ ബാധിച്ച് അവശനിലയിലായിരുന്ന രണ്ട് വ്യക്തികളെ സന്ദർശിച്ച് പ്രാർത്ഥിച്ചു. ധനസഹായം നൽകി. രൂപത വിസിറ്റ് നടന്നു.

**അനുമോദനങ്ങൾ**

ഇന്ത്യൻ വോളിബോൾ ടീമിന്റെ ക്യാപ്റ്റനായി തെരഞ്ഞെടുക്കപ്പെടുകയും ഉസ്ബക്കിസ്ഥാനുമായി കളിച്ച് വിജയം കരസ്ഥമാക്കുകയും ചുങ്കക്കുന്നിന്റെ അഭിമാനമായി മാറുകയും ചെയ്ത മിനി ചുരുളിയിൽ എന്ന യുവതാരത്തെ യുവജനങ്ങൾ അനുമോദിച്ചു. ഡയറക്ടർ റവ. ഫാ. തോമസ് മണക്കുന്നേൽ പൊന്നാടയണിയിച്ചു. സമ്മാനം നൽകി. അതോടൊപ്പം SSLC (CBSE) പരീക്ഷയിൽ ഉന്നതവിജയം നേടിയവരെ ആദരിച്ചു.

**വാകേരി യൂണിറ്റ്**

കെ.സി.വൈ.എം. അംഗങ്ങളുടെ നേതൃത്വത്തിൽ ബത്തേരി ഗവൺമെന്റ് ആശുപത്രിയിൽ സന്ദർശനം നടത്തി. അവർക്കുവേണ്ടി

പ്രാർത്ഥിക്കുകയും ഉച്ചഭക്ഷണം തയ്യാറാക്കി നൽകുകയും ചെയ്തു. വാകേരി കുരിശുപള്ളിയുടെ പരിസരം വൃത്തിയാക്കി.

**വെള്ളൂന്നി യൂണിറ്റ്**

യൂണിറ്റിൽ രൂപതാ വിസിറ്റ് നടത്തപ്പെട്ടു. രൂപത സിൻഡിക്കേറ്റ് അംഗം ശ്രീ. ഷംജിത്ത് ചേലയ്ക്കൽ യുവജനങ്ങൾക്കായി ക്ലാസെടുത്തു. എല്ലാ ഞായറാഴ്ചയും യുവജനങ്ങളുടെ നേതൃത്വത്തിൽ ജപമാലയർപ്പിച്ച് പ്രാർത്ഥിക്കുന്നു. വി. പൗലോസ് ശ്ലീഹായുടെ തിരുനാളിനോടനുബന്ധിച്ച് യൂണിറ്റിലെ എല്ലാവരെയും ഉൾക്കൊള്ളിച്ചുകൊണ്ട് ഉപന്യാസ മത്സരം സംഘടിപ്പിച്ചു.

**മരക്കടവ് യൂണിറ്റ്**

യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ നടവയലിലുള്ള ഓസ്സാനാഭവൻ സന്ദർശിച്ചു. യൂണിറ്റ് ഡയറക്ടർ ബഹു. തോമസ് തൈക്കുന്നുംപുറം അച്ചൻ വി. ബലി അർപ്പിച്ച് പ്രാർത്ഥിച്ചു. അവർക്ക് ഭക്ഷണം നൽകുകയും ശുചീകരണപ്രവർത്തനങ്ങൾ നടത്തുകയും ചെയ്തു. പരിസ്ഥിതി വാരാചരണത്തിന്റെ ഭാഗമായി ബഹു. തോമസച്ചൻ മരതൈ നടുകയും വിതരണം നടത്തുകയും ചെയ്തു. ബഹു. തോമസച്ചൻ, ഹെഡ്മാസ്റ്റർ തങ്കച്ചൻ വെട്ടുകല്ലുംപുറം, ആനിമേറ്റർ സി. ലിസി ജോസ് SCV എന്നിവർ പ്രസംഗിച്ചു.

**തരിയോട് യൂണിറ്റ്**

ഇടവകയിൽ യുവജനദിനം സമുചിതമായി ആഘോഷിച്ചു. ആഘോഷമായ ദിവ്യബലിയർപ്പണത്തിൽ യുവജനങ്ങൾ കാഴ്ച സമർപ്പണം നടത്തി. രൂപതാ വിസിറ്റിനോടനുബന്ധിച്ച് യൂണിറ്റ് ഡയറക്ടർ ബഹു. ഫാ. ജോണി കുന്നത്ത് 'ഒരു യുവാവിന് ഒരു മരം' എന്ന പദ്ധതിയുടെ ഔപചാരിക ഉദ്ഘാടനം വൃക്ഷതൈ നട്ട് നിർവ്വഹിച്ചു. 'മഴക്കളി' എന്ന പേരിൽ തരിയോട് യൂണിറ്റ് ആസൂത്രണം ചെയ്ത Sevans Football ടൂർണമെന്റ് തരിയോട് ദേവാലയ അങ്കണത്തിൽ അരങ്ങേറി. അത്യധികം ആവേശകരമായ മത്സരമായിരുന്നു. കളിക്കാർക്ക് യൂണിറ്റംഗങ്ങൾ ഭക്ഷണം തയ്യാറാക്കി നൽകി. ചെന്നലോട് ഇടവകയിൽ വച്ച് നടത്തപ്പെട്ട ക്രിസ്ത്യൻ കൾച്ചറൽ ഫോറത്തിന്റെ മീറ്റിംഗിൽ യൂണിറ്റംഗങ്ങൾ സംബന്ധിച്ചു.

**കൊമ്മയാട് യൂണിറ്റ്**

രൂപത ഡയറക്ടർ റവ. ഫാ. ലാൽ ജേക്കബ് പൈനുങ്കൽ രൂപത വിസിറ്റ് നടത്തി. യുവജനങ്ങൾക്കായി വി. കുർബാന, ക്ലാസ്സ് എന്നിവ നടത്തി. ജൂലൈ 7 യുവജനദിനമായി യൂണിറ്റിൽ ആഘോഷിച്ചു. യുവ

ജനങ്ങളുടെ നേതൃത്വത്തിൽ വി. കുർബാനയുടെ ഒരുക്കങ്ങൾ നടത്തപ്പെട്ടു.

**വൈത്തിരി യൂണിറ്റ്**

ജൂൺ 1 ന് യൂണിറ്റംഗങ്ങൾ നിർദ്ധനരായ 45 വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വിതരണം ചെയ്തു. വൃദ്ധമന്ദിരം സന്ദർശിച്ച് സാധനസാമഗ്രികൾ വിതരണം ചെയ്യാനുള്ള ഫണ്ട് ശേഖരണത്തിനായി അംഗങ്ങൾ രംഗത്തിറങ്ങി. ജൂൺ 16-ാം തീയതി സ്നേഹാലയം സന്ദർശിച്ച് ആവശ്യമായ സാധനങ്ങൾ വിതരണം ചെയ്തു.

**കോട്ടത്തറ യൂണിറ്റ്**

യുവജനങ്ങളിൽ വായനശീലം വളർത്തുന്നതിനും വിശ്വാസവർഷത്തിൽ വിശുദ്ധരുടെ വിശ്വാസതീക്ഷ്ണത യുവജനങ്ങൾ മനസിലാക്കുന്നതിനുമായി 'അറിവ്' എന്ന പേരിൽ സൺഡേ സ്കൂൾ ലൈബ്രറി നിശ്ചിതകാലത്തേക്ക് യുവജനങ്ങൾക്കായി തുറന്നുകൊടുത്തു. പരിസ്ഥിതി വാരാചരണത്തിന്റെ ഭാഗമായി വൃക്ഷതൈകൾ നട്ടു. രണ്ട് വർഷം യൂണിറ്റിനെ കാര്യക്ഷമമായി നയിച്ച ആനിമേറ്റർ സി. റൂബി OLP ക്ക് യാത്രയയപ്പ് നൽകി. പുതിയ ആനിമേറ്ററായി കടന്നുവന്ന സി. ജാൻസിക്ക് യൂണിറ്റംഗങ്ങൾ സ്വാഗതമരുളി. രൂപത വിസിറ്റിന്റെ ഭാഗമായി രൂപത ആനിമേറ്റർ റവ. സി. ലിൻസ സന്ദർശനം നടത്തുകയും യുവജനങ്ങൾക്കായി ക്ലാസ് നയിക്കുകയും ചെയ്തു. യുവജനങ്ങളുടെ നേതൃത്വത്തിൽ യുവജനകൂട്ടായ്മ, പ്രേഷിതപ്രവർത്തനം, വൈദ്യുതി പ്രതിസന്ധിക്ക് പരിഹാരം എന്നീ ലക്ഷ്യങ്ങൾ മുന്നോട്ട് വെച്ച് 'ദീപം 2013' എന്ന പേരിൽ സോളാർ ലാംബ് വിതരണം യൂണിറ്റ് ഡയറക്ടർ റവ. ഫാ. തോമസ് ചേറ്റാനിയിൽ ഉദ്ഘാടനം ചെയ്തു.

**ചീങ്ങവല്ലം യൂണിറ്റ്**

യൂണിറ്റിൽ യുവജനദിനം സമുചിതമായി ആഘോഷിച്ചു. ആരാധന നടത്തി. വി. കുർബാനയ്ക്ക് യുവജനങ്ങൾ നേതൃത്വം നൽകി. തുടർന്ന് നടന്ന പൊതുപരിപാടിയിൽ യൂണിറ്റ് സെക്രട്ടറി ശ്രീ. റെനി മറ്റത്തിൽ സ്വാഗതം ആശംസിച്ചു. ശ്രീ. ലിജോ മൂങ്ങനാനിയിൽ അദ്ധ്യക്ഷത വഹിച്ചു. ബത്തേരി മേഖല പ്രസിഡണ്ട് ശ്രീ. വിനു വാണിയപ്പള്ളി ഉദ്ഘാടനകർമ്മം നിർവ്വഹിച്ചു. ആനിമേറ്റർ സി. ജെസ്ന ആശംസ അർപ്പിച്ചു. സിനി കരുന്തയിൽ നന്ദിയർപ്പിച്ചു. ഇടവകയിലെ പ്രായം കൂടിയ 12 മാതാപിതാക്കളെ റവ. ഫാ. റോണി പാറയ്ക്കൽ പൊന്നാടയണിയിച്ച് ആദരിച്ചു. അവരുടെ അനുഭവങ്ങൾ പങ്കുവെക്കാൻ അവസരം നൽകി. തുടർന്ന് പായസവിതരണവും നടത്തി. സിബി ചാമക്കാലാ

യിൽ, ലിൻസ് തറയിൽ, ജിനേഷ് പുളിക്കകണ്ടത്തിൽ തുടങ്ങിയവർ നേതൃത്വം നൽകി.

**പയ്യമ്പള്ളി യൂണിറ്റ്**

യുവജനങ്ങളുടെ നേതൃത്വത്തിൽ ടെറസിൽ കൃഷിയിറക്കി മാലിന്യ വിമുക്ത പച്ചക്കറികൾ ഇടവകക്കാർക്ക് സൗജന്യമായി വിതരണം ചെയ്തു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജോസ് മരിയദാസിന്റെ നേതൃത്വത്തിൽ പള്ളിപരിസരങ്ങളിൽ കപ്പയും, പയ്യമ്പള്ളി ടൗൺ പരിസരങ്ങളിൽ അഞ്ഞൂറോളം തണൽ, ഔഷധ, ഫല മരതൈകൾ നട്ടു വളർത്താനും യുവജനങ്ങൾ താല്പര്യം കാട്ടുന്നു. സോളാർ കേസും, സ്ത്രീപീഡനകേസുകളുമായി നിറഞ്ഞുനിൽക്കുന്ന അശ്ലീലരാഷ്ട്രീയത്തിനെതിരെ യുവജനദിനത്തിൽ പയ്യമ്പള്ളി ടൗണിലേക്ക് പ്രതിഷേധ റാലി നടത്തി. മേഖല ഡയറക്ടർ റവ. ഫാ. മരിയദാസ് റാലി ഉദ്ഘാടനം ചെയ്തു. യൂണിറ്റ് പ്രസിഡണ്ട് ജോബി നെല്ലിക്കുന്നേൽ, സിയ പയ്യമ്പള്ളി, അഖില മൊടോമറ്റം, ജോബി ഉള്ളോപ്പള്ളി എന്നിവർ നേതൃത്വം നൽകി. പുതിയ ആനിമേറ്ററായി ചാർജ്ജെടുത്തിരിക്കുന്ന സി. ഹെൽന SABS നെ സ്വാഗതം ചെയ്തു.

**മേഖല വാർത്തകൾ**

**തരിയോട് മേഖല**

തരിയോട് മേഖലയിലെ കാവുംമന്ദം യൂണിറ്റിൽ വെച്ച് മേഖല യുവജനദിനാഘോഷവും, അർദ്ധവാർഷിക സെനറ്റും നടന്നു. മേഖല സെക്രട്ടറി അമൽ കൊച്ചുകുളത്തിങ്കൽ സ്വാഗതം ആശംസിച്ചു. മേഖല ഡയറക്ടർ റവ. ഫാ. റെജി മുതുകത്താനിയിൽ, മേഖല പ്രസിഡണ്ട് ജെറ്റീഷ് വെള്ളാരംകാലായിൽ എന്നിവർ യുവജനദിനാശംസകൾ നേർന്ന് സംസാരിച്ചു. തുടർന്ന് അർദ്ധവാർഷിക റിപ്പോർട്ട് അവതരണം നടന്നു. മേഖല ജോയിന്റ് സെക്രട്ടറിയായി ഷൈനി മോളത്ത്, വൈസ്പ്രസിഡന്റായി ഷിനിമോൾ കെ. ഷാജിയും തെരഞ്ഞെടുക്കപ്പെട്ടു. തരിയോട് മേഖലയിൽ നടത്തപ്പെട്ട രൂപതാ വിസിറ്റിനോടു ചേർന്ന്, പരിസ്ഥിതിവാരാചരണത്തിന്റെ ഭാഗമായി മേഖലയിലെ എല്ലാ യൂണിറ്റുകളിലേക്കും 10 മരതൈകൾ വീതം നൽകി. മേഖല ഡയറക്ടർ റവ.ഫാ. റെജി മുതുകത്താനി, കെ.സി.വൈ.എം. സംസ്ഥാന സിൻഡിക്കേറ്റ് അംഗം ശ്രീ. സജിൻ ചാലിൽ എന്നിവർ കാവുംമന്ദം യൂണിറ്റിൽ വച്ച് മരതൈനട്ട് ഉദ്ഘാടനം നിർവ്വഹിച്ചു.

**ബിബിൻ ചെമ്പക്കര**

കെ.സി.വൈ.എം. ജനറൽ സെക്രട്ടറി

# കുടുംബ പ്രേഷിതത്വം

### വിവാഹത്തിനൊരുക്കമായുള്ള കോഴ്സുകൾ

ദ്വാരക പാസ്റ്ററൽ സെന്ററിൽ ജൂലൈ 12 മുതൽ 15 വരെ നടന്ന കോഴ്സിൽ 94 പേർ പങ്കെടുത്തു. കോഴ്സുകളുടെ വിജയത്തിനായി സഹകരിച്ച എല്ലാ വൈദീകരെയും കുടുംബപ്രേഷിതത്വ ടീം അംഗങ്ങളെയും നന്ദിപൂർവ്വം ഓർക്കുന്നു.

### അടുത്ത മാസങ്ങളിലെ കോഴ്സുകൾ

| | | |
|---|---|---|
| ആഗസ്റ്റ് 4-7 | - | പാസ്റ്ററൽ സെന്റർ ദ്വാരക |
| ആഗസ്റ്റ് 16-19 | - | മണിമൂളി |
| ആഗസ്റ്റ് 30- സെപ്റ്റംബർ 2 | - | പാസ്റ്ററൽ സെന്റർ ദ്വാരക |
| സെപ്റ്റംബർ 17-20 | - | പാസ്റ്ററൽ സെന്റർ ദ്വാരക |

**പ്രത്യേക ശ്രദ്ധയ്ക്ക്**

സെപ്റ്റംബർ മാസത്തിലെ കോഴ്സിന്റെ തീയതിയിൽ വന്ന മാറ്റം ശ്രദ്ധിക്കണേ. സെപ്റ്റംബറിലെ കോഴ്സ് 17 മുതൽ 20 വരെയായിരിക്കും

### കത്തോലിക്കാ മാതൃസംഘടന

ജൂലൈ 16-ന് മാതൃസംഘടനയുടെ രൂപതാ എക്സിക്യൂട്ടീവ് രൂപതാ ഡയക്ടർ ബഹു. മാത്യൂ പെരിയപ്പുറം അച്ചന്റെ നേതൃത്വത്തിൽ ചേർന്നു. രൂപതാ പ്രസിഡന്റ് ശ്രീമതി. മോളി കരിമ്പനാക്കുഴി അധ്യക്ഷത വഹിച്ചു. യോഗത്തിൽ മേഖല അടിസ്ഥാനത്തിൽ ശാഖാ ഭാരവാഹികൾക്കുള്ള നേതൃത്വ പരിശീലന ക്ലാസ് തരിയോട്, പയ്യമ്പള്ളി മേഖലകളിൽ നടത്തിയതിനെ വിലയിരുത്തി. ആഗസ്റ്റ് 24-ാം തീയതി കാക്കനാട് സെന്റ് തോമസ് മൗണ്ടിൽ വച്ച് നടക്കുന്ന വനിതാ ഫോറത്തിന്റെ സമ്മേളനത്തിൽ രൂപതയിൽ നിന്നും, ഓരോ മേഖലയിൽ നിന്നും പ്രതിനിധികൾ പങ്കെടുക്കുന്നതിനെക്കുറിച്ച് ചർച്ച ചെയ്തു. ശ്രീമതി ഫിലോമിന മുതുകുളത്തിന്റെ നന്ദി പ്രകാശനത്തോടെ യോഗം പര്യവസാനിച്ചു.

**തരിയോട് മേഖല**

2-07-2013ന് ചെന്നലോട് വച്ച് മേഖലാ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പാലക്കിയുടെ അധ്യക്ഷതയിൽ മേഖല എക്സിക്യൂട്ടീവ് ചേർന്ന് 13-07-2013 ന് തരിയോട് മേഖലയുടെ ജനറൽബോഡി വിളിക്കുന്നതിനും, അവർക്ക് ലീഡേഴ്സ് ട്രെയിനിംഗ് നൽകുന്നതിനും തീരുമാനിച്ചു. 13 -07-2013-ന് ചെന്നലോട് വച്ച് മേഖലാ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പാലക്കിയുടെ അധ്യക്ഷതയിൽ തരിയോട് മേഖലാ ജനറൽ ബോഡിചേർന്നു. മേഖലാ ട്രഷറർ അന്നമ്മ പൊൻതൊട്ടിയിൽ സ്വാഗതം പറഞ്ഞു. ലീഡേഴ്സ് ട്രെയിനിംഗിന്റെ ഭാഗമായി രൂപതാ ആനിമേറ്റർ സി. ടെസീന SABS യൂണിറ്റുകളിൽ സൂക്ഷിക്കേണ്ട റെക്കോർഡുകളെക്കുറിച്ചും അവ എങ്ങനെ എഴുതി സൂക്ഷിക്കണം എന്നതിനെക്കുറിച്ചും ക്ലാസ്സെടുത്തു.

**പയ്യംമ്പള്ളി മേഖല**

മേഖല സെമിനാർ 13-07-2013-ന് പടമലശാഖയിൽ വെച്ചു നടന്നു. ഇടവക വികാരി ബഹു. സണ്ണി അച്ചൻ ഏവർക്കും സ്വാഗതം ആശംസിച്ചു. മേഖല ഡയറക്ടർ ഫാ. ചാക്കോ വാഴക്കാല വി. ബലിയർപ്പിച്ചു. ബഹു.സി. ആലീസ് എസ്. കെ. ഡി. വിശ്വാസകൈമാറ്റം അമ്മമാരിലൂടെ എന്ന വിഷയത്തെ അധികരിച്ച് ക്ലാസ്സെടുത്തു. മേഖല സെക്രട്ടറി ഫിലോ ചേലയ്ക്കൽ നന്ദി പറഞ്ഞു. ശാഖകളിൽ നിന്ന് ശേഖരിച്ച അരിയും പണവും കമ്പിളികളും മേഖലയിൽ ഏൽപ്പിച്ചു.

**മാനന്തവാടി മേഖല**

08-07-2013 -ന് ടൗൺ പള്ളിയിൽ വെച്ച് മാനന്തവാടി മേഖല മാതൃസംഘടനയുടെ ഭരണ സമിതിയോഗം, ഫൊറോനാ ഫാമിലി അപ്പോസ്റ്റുലേറ്റ് ഡയറക്ടർ ബഹു. മാർട്ടിൻ പുതുശ്ശേരിയച്ചന്റെ നേതൃത്വത്തിൽ ചേരുകയുണ്ടായി. പുതിയതായി സ്ഥാനമേറ്റ മാർട്ടിനച്ചനും, ആനിമേറ്റർ സി. ജിന്നിമേരി എസ്. എ. ബി. എസ്. നും പ്രസിഡന്റ് മോളി കരിമ്പനാക്കുഴി സ്വാഗതം ആശംസിച്ചു. ജൂലൈ 20- ന് മേഖല ജനറൽ ബോഡിക്ക് ലീഡർഷിപ്പ് ക്ലാസ്സു കൊടുക്കുവാനും, ആഗസ്റ്റ് 9-ാം തീയതി മേഖലയിലെ എല്ലാ ഇടവകകളെയും പങ്കെടുപ്പിച്ചുകൊണ്ട് ബോയ്സ് ടൗണിൽ വെച്ച് ദമ്പതീ കൂട്ടായ്മ സംഘടിപ്പിക്കുവാനും തീരുമാനിച്ചു. യോഗത്തിന് ജെസ്സി കവളനാൽ നന്ദി പറഞ്ഞു.

**നന്ദിയുടെ ഒരു വാക്ക്**

മേഖലയുടെ മാതൃസംഘടനാ പ്രവർത്തനങ്ങൾക്ക് മുൻവർഷങ്ങളിൽ സ്തുത്യർഹമായ സേവനം ചെയ്ത ബഹു.ജോണി പെരുമാട്ടിക്കുന്നേലച്ചനും, സി. ജോസ്ന എസ്.കെ.ഡി. ക്കും മേഖല മാതൃസംഘം

കുടുംബത്തിന്റെ ഹൃദയം നിറഞ്ഞ നന്ദിയും പുതിയ പ്രവർത്തന മേഖലകളിൽ വിജയാശംസകളും നേരുന്നു.

**കൽപ്പറ്റ മേഖല**

12-07-2013-ന് മേഖലാ എക്സിക്യൂട്ടീവ് കൽപ്പറ്റ ഫാത്തിമാ ആശ്രമത്തിൽവച്ച് മേഖല ഡയറക്ടർ ബഹു. ജോസഫ് വയലിൽ അച്ചന്റെ നേതൃത്വത്തിൽ ചേർന്നു. യോഗത്തിൽ മേഖല പ്രസിഡന്റ് റോസമ്മ മാന്ദംങ്കരിയിൽ അദ്ധ്യക്ഷത വഹിച്ചു. മെർലിൻ വയലിങ്കൽ സ്വാഗതം ആശംസിച്ചു. പുതിയ ആനിമേറ്റർ സി. ട്രീസ പ്ലാത്തോട്ടം അംഗങ്ങളെ പരിചയപ്പെടുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. ശാഖകളിൽ അമ്മമാർ ഊർജ്ജ്വസ്വലരാകേണ്ടതിന് ഭാരവാഹികൾ ഉണർന്ന് പ്രവർത്തിക്കണമെന്ന് അച്ചൻ നിർദ്ദേശിച്ചു. അടുത്ത മേഖലാ ജനറൽ ബോഡി ആഗസ്റ്റ് 3 -ന് ചേരാൻ തീരുമാനിച്ചു. ലിസി പാലത്തടത്തിൽ നന്ദി പറഞ്ഞു.

**പയ്യംമ്പള്ളി യൂണിറ്റ്**

മാതൃസംഘടന ശാഖ എക്സിക്യൂട്ടീവ് ചേർന്ന് അനാഥാലയങ്ങളിലും വൃദ്ധസദനങ്ങളിലും കൊടുക്കുവാൻ ശേഖരിച്ച അരിയും പണവും കമ്പിളിയും മേഖലയ്ക്ക് കൈമാറി.

**മീനങ്ങാടി**

മാതൃസംഘം ശാഖ ജനറൽ ബോഡി ബഹുമാനപ്പെട്ട വികാരിയച്ചന്റെ അദ്ധ്യക്ഷതയിൽ ചേർന്ന് ഭാവിപ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച ചെയ്തു. എല്ലാ മാസവും രണ്ടാം ശനിയാഴ്ച 7 മണിക്ക് വി.കുർബാനയോടൊപ്പം അമ്മമാർക്ക് ആരാധനയും, ക്ലാസ്സും നടത്താൻ തീരുമാനിച്ചു. ഫണ്ട് രൂപീകരണത്തിന്റെ ഭാഗമായി കുറി നടത്തി. വി. അൽഫോൻസാമ്മയുടെ തിരുനാൾ ജൂലൈ 28 -ന് ആഘോഷിച്ചു. ആഗസ്റ്റ് 15-ന് അമ്മമാരുടെ നേതൃത്വത്തിൽ ബൈബിൾ വായന, കാഴ്ച്ച വെപ്പ്, കാറോസൂസ എന്നിവ നടത്താനും ഒരു കുടുംബത്തിൽ തളർന്ന് കിടക്കുന്ന മൂന്ന് സ്ത്രീകളെ സന്ദർശിക്കുവാനും തീരുമാനിച്ചു.

**വഞ്ഞോട്**

13-06-2013 ന് ബഹു. മാത്യു കാട്ടറത്തച്ചന്റെ നേതൃത്വത്തിൽ മീറ്റിംഗ് കൂടി. ശ്രീമതി ലില്ലി കുര്യൻ പുതിയതായി ഇടവകയിലേക്ക് വന്ന ഡയറക്ടർ അച്ചനെയും ആനിമേറ്റർ സിസ്റ്ററെയും സ്വാഗതം ചെയ്തു. അമ്മമാർ പള്ളിയും പരിസരവും വൃത്തിയാക്കി. കുടുംബങ്ങളിൽ അമ്മയുടെ ദൗത്യം എന്ന വിഷയത്തെക്കുറിച്ച് മാത്യു അച്ചൻ ക്ലാസ്സ് എടുത്തു. എൽസി പടനിലം നന്ദി പറഞ്ഞു.

**ദ്വാരക**

ബഹു. ജോയി തുരുത്തേൽ അച്ചന്റെ നേതൃത്വത്തിൽ മെയ് 18-ാം തീയതി നടന്ന മീറ്റിംഗിൽ അച്ചൻ വിശ്വാസ വർഷത്തിന്റെ പ്രാധാന്യ ത്തെക്കുറിച്ച് സംസാരിക്കുകയും ഇടവകാ ജനം വിശ്വാസത്തിൽ കൂടുതൽ ആഴപ്പെടുവാൻ മാതൃസംഘടന അംഗങ്ങൾക്ക് എന്തു ചെയ്യാൻ കഴിയുമെന്ന് ചർച്ച നടത്തുകയും ചെയ്തു. 23-05-2013- ന് ആനിമേറ്റർ സി.കുസുമത്തിന്റെ നേതൃത്വത്തിൽ പനമരത്ത് സി.എം.സി. സിസ്റ്റേഴ്സ് അഗതികളും പ്രായമായവരുമായ അമ്മമാർക്കു വേണ്ടി നട ത്തുന്ന ജ്യോതിഭവൻ സന്ദർശിച്ചു. അവർക്കുവേണ്ടി മാതൃസംഘടന അംഗങ്ങൾ ഉച്ചഭക്ഷണം പാകം ചെയ്തു കൊണ്ട് പോകുകയും അവ രോടൊത്ത് ഭക്ഷിക്കുകയും ചെയ്തു. 25-05-2013- ന് മാതൃസംഘടനാ പ്രവർത്തനങ്ങൾക്ക് ആവശ്യമായ ഫണ്ട് ശേഖരിക്കുന്നതിനു വേണ്ടി സംഘടനാ അംഗങ്ങൾ ആനിമേറ്ററുടെ നേതൃത്വത്തിൽ സോപ്പുപൊടി ഉണ്ടാക്കി നൽകി തുടങ്ങി.

**വെള്ളമുണ്ട**

മാസത്തിലെ 3-ാം വെള്ളിയാഴ്ച്ചകളിൽ മാതൃസംഘടന മീറ്റിംഗ് നടത്തുന്നു. തിരുഹൃദയ തിരുനാളിൽ അമ്മമാർ പൊതു ദിവ്യകാരുണ്യ സ്വീകരണം നടത്തി. മൊബൈൽ ഫോണിന്റെ ദൂഷ്യവശങ്ങളെക്കുറിച്ച് പ്രസിഡന്റ് ശ്രീമതി. ജയിൻ കല്ലേകുളം ക്ലാസ്സെടുത്തു. ഞായറാഴ്ച്ചക ളിലെ ബൈബിൾ വായന അതാത് വാർഡുകളിലെ അമ്മമാർ നടത്തു വാൻ തീരുമാനിച്ചു. മാതൃസംഘടനാ അംഗമായ എൽസമ്മ താണി പ്പള്ളിയെ ആനിമേറ്റർ സിസ്റ്ററിന്റെ നേതൃത്വത്തിൽ മാതൃസംഘടനാ അംഗങ്ങൾ സന്ദർശിച്ചു. ജൂലൈ 3-ാം തീയതി ദുക്റാന തിരുനാളി നോടനുബന്ധിച്ച് അമ്മമാർ പൊതുദിവ്യകാരുണ്യ സ്വീകരണം നടത്താൻ തീരുമാനിച്ചു.

**കൽപ്ര**

ജൂൺ 7-ന് ചേർന്ന യോഗത്തിൽ പുതിയ വികാരി തോമസ് കാട്ടുതുരുത്തി അച്ചനെയും ആനിമേറ്റർ സി. തെരസ് ജോർജ്ജ് എസ്.എച്ച്. നേയും സെക്രട്ടറി സ്വാഗതം ചെയ്തു. കഴിഞ്ഞകാല പ്രവർത്തനങ്ങളെ വിലയിരുത്തുകയും തുടർന്നുള്ള പ്രവർത്തനങ്ങൾ എങ്ങനെയായിരിക്കണം എന്ന് ചർച്ചചെയ്യുകയും ചെയ്തു. അമ്മമാരെ രണ്ടു ഗ്രൂപ്പുകളായി തിരിച്ച് എല്ലാ മാസവും വിവിധ പരിപാടികളും ചർച്ചകളും നടത്താമെന്ന് തീരുമാനിച്ചു. അമ്മമാർ സ്വരൂപിച്ച തുകയിൽ നിന്ന് 5000/- രൂപ വീതം രണ്ടു കുടുംബങ്ങൾക്ക് നൽകി. രോഗി സഹാ യവും രോഗീ സന്ദർശനവും നടത്തി. പാവപ്പെട്ട കുട്ടികൾക്ക് പഠനസ

ഹായം നൽകി. രോഗികൾക്കും അവശതയനുഭവിക്കുന്നവർക്കും അവരുടെ കുടുംബങ്ങൾക്കും വേണ്ടി ദിവ്യ ബലിയർപ്പിച്ചു പ്രാർത്ഥിക്കുന്നു. കൂടാതെ അടുത്തുള്ള വൃദ്ധസദനം സന്ദർശിച്ച് രണ്ട് മാസത്തിലൊരിക്കൽ അവർക്ക് ആവശ്യമായ ശുശ്രൂഷ ചെയ്തു കൊടുക്കാനും ഇടവകയിലെ എല്ലാ അമ്മമാരെയും ഉൾപ്പെടുത്തി സെമിനാർ നടത്താനും തീരുമാനിച്ചു.

**ചുങ്കക്കുന്ന്**

ജൂലൈ 3-ന് ദുക്റാന തിരുനാളിന്റെ ഭാഗമായി മാതൃസംഘടനയുടെ ജനറൽ ബോഡി യോഗം വിളിച്ചു ചേർത്തു. കുർബാനയ്ക്ക് ശേഷം ചേർന്ന യോഗത്തിൽ ഡയറക്ടർ ഫാ. തോമസ് മണക്കുന്നേൽ അദ്ധ്യക്ഷത വഹിച്ചു. അമ്മമാർ ബഹു. വികാരിയച്ചന് തിരുനാൾ മംഗളങ്ങൾ നേർന്നു. ആനിമേറ്റർ സി. വിനീത എസ്. എച്ച്. സഭയും കുടുംബ വിശ്വസ്തതയും എന്ന വിഷയത്തെക്കുറിച്ച് എടുത്ത ക്ലാസ്സിൽ 615 അമ്മമാർ പങ്കെടുത്തു. ക്ലാസ്സിനു ശേഷം ഡയറക്ടറച്ചൻ മാതൃസംഘടനാംഗങ്ങളെ വാർഡ് അടിസ്ഥാനത്തിൽ 4 മേഖലകളായി വിഭജിക്കുകയും മാതൃസംഘടനാ പ്രവർത്തനങ്ങളുടെ സുഗമമായ നടത്തിപ്പിനും ഏകോപനത്തിനുമായി ഓരോ മേഖലയ്ക്കും എക്സിക്യൂട്ടീവ് കമ്മറ്റിയെ തിരഞ്ഞെടുക്കുകയും ചെയ്തു.

**പടമല**

ജൂൺ 23-ന് ബഹു. സണ്ണി അച്ചന്റെയും സി. അഞ്ജലിയുടെയും നേതൃത്വത്തിൽ മീറ്റിംഗ് നടത്തി. 5-ന് നടത്തിയ ജാഗരണ പ്രാർത്ഥനയിൽ അമ്മമാർ പങ്കെടുത്തു. വി.തോമാശ്ലീഹായുടെ തിരുനാൾ ദിവസം അമ്മമാരുടെ നേതൃത്വത്തിൽ ജപമാല ചൊല്ലുകയും ഇടവകയിൽ വിശ്വാസ ജീവിതത്തിൽ നിന്നും അകന്നു കഴിയുന്നവരെ സമർപ്പിച്ച് പ്രാർത്ഥിക്കുകയും ചെയ്തു. അമ്മമാരുടെ നേതൃത്വത്തിൽ ഗവ. ആശുപത്രി സന്ദർശിക്കുകയും രോഗികൾക്ക് ഭക്ഷണം നൽകുകയും ചെയ്തു. വെള്ളിയാഴ്ച്ചകളിലെ കുരിശ്ശിന്റെ വഴിയിൽ അമ്മമാർ മദ്യപാനികൾക്ക് വേണ്ടി ഉപവസിച്ച് പ്രാർത്ഥിച്ചു.

**ഇടിവണ്ണ**

ജൂൺ 6-ന് ബഹു. സെബാസ്റ്റ്യൻ പാറയിലച്ചന്റെ നേതൃത്വത്തിൽ മാതൃസംഘടനയുടെ എക്സിക്യൂട്ടീവ് ചേർന്നു. കുടുംബത്തിൽ അമ്മയുടെ സാന്നിദ്ധ്യം എന്ന വിഷയത്തെക്കുറിച്ച് അമ്മമാർക്ക് ക്ലാസ്സ് എടുത്തു. 15-ന് അമ്മമാരുടെ നേതൃത്വത്തിൽ പള്ളിയും പരിസരവും വൃത്തിയാക്കി. 18-ന് നടന്ന ബഹു. ഡീക്കൻ ജോർജ്ജ് വെമ്പേനിയുടെ തിരുപ്പട്ട സ്വീകരണത്തിന് അമ്മമാരുടെ വക സ്നേഹോപഹാരം നൽകി. പ്രസിഡന്റ് ശ്രീമതി. റാണി ആശംസ നേർന്നു.

**മച്ചിക്കൊല്ലി**

വിശ്വാസ വർഷത്തോടനുബന്ധിച്ച് പരി.പിതാവിന്റെ നിർദ്ദേശ പ്രകാരം നടത്തിയ ആരാധനയിൽ മാതൃസംഘടനാംഗങ്ങൾ പങ്കെടുത്തു. 24-06-13 -ന് ചേർന്ന യോഗത്തിൽ വന്യമൃഗങ്ങളുടെ ആക്രമണത്തിൽ നിന്ന് ഈ നാടിനെ രക്ഷിക്കുന്നതിനായി നിയോഗം സമർപ്പിച്ച് കുർബാന ചൊല്ലിക്കുകയും ഓരോ അമ്മയും 7 വിശ്വാസ പ്രമാണം ദിവസവും ചൊല്ലികാഴ്ച്ച വെയ്ക്കുകയും ചെയ്യുന്നു. മതബോധന രംഗത്ത് 10-ാം ക്ലാസ്സിലും പ്ലസ്ടുവിനും ഏറ്റവും കൂടുതൽ മാർക്ക് വാങ്ങിയ കുട്ടികൾക്ക് പ്രോത്സാഹന സമ്മാനവും ഒരു കുട്ടിക്ക് പഠനസഹായവും നൽകി. ലോഗോസ് ക്വിസിന് കഴിഞ്ഞവർഷം ഇടവകയിൽ ഏറ്റവും കൂടുതൽ മാർക്ക് വാങ്ങിയ ശ്രീമതി നിമയ്ക്ക് സമ്മാനം നൽകി. എല്ലാ അമ്മമാരും ഈ വർഷം ലോഗോസ് ക്വിസ് പരീക്ഷ എഴുതാൻ തീരുമാനിച്ചു.

**മരിയൻ സിംഗിൾസ്**

ജൂൺ 12-ന് സി.മരീന ജോസ് എസ്.എച്ചിന്റെ നേതൃത്വത്തിൽ പ്രാർത്ഥന, ക്ലാസ്, ചർച്ച എന്നിവ നടത്തി. 16 പേർ പങ്കെടുത്തു. അടുത്ത മാസത്തെ കൂട്ടായ്മ ആഗസ്റ്റ് 12-ന്.

**വിമൻസ് കമ്മിഷൻ**

വിശ്വാസ വർഷത്തോടനുബന്ധിച്ച് വനിതകൾക്കായി ഉപന്യാസം, കഥ, കവിത എന്നീ രചനാ മൽസരങ്ങൾ സംഘടിപ്പിക്കുന്നു. ഇടവകയിലെ മുഴുവൻ വനിതകൾക്കും (18 വയസ്സിന് മുകളിൽ പ്രായം ഉള്ളവർ)പങ്കെടുക്കാം. ഇടവക, ഫൊറോന, രൂപതാ തല മൽസരങ്ങൾക്ക് ഒരേ വിഷയം തന്നെയായിരിക്കും. ഇടവകാതല മൽസരങ്ങൾ സെപ്റ്റംബർ മാസത്തിൽ നടത്തി ഒന്നും രണ്ടും സ്ഥാനങ്ങൾ നേടുന്നവരുടെ പേര് വിവരങ്ങൾ സെപ്റ്റംബർ 30-ന് മുൻപ് മേഖലയിൽ അറിയിക്കണം. മേഖലാതല മൽസരങ്ങൾ ഒക്ടോബറിൽ നടത്തി വിജയികളുടെ ലിസ്റ്റ് ഒക്ടോബർ 30-ന് മുൻപ് രൂപതയിൽ എത്തിക്കുക. രൂപതാതല മൽസരം നവംബർ 14-ന് ആയിരിക്കും.

**വിഷയങ്ങൾ**

**ഉപന്യാസം**- മാതൃത്വം - വിശ്വാസ സമർപ്പണത്തിന്റെ ബലി വേദി
**കഥ** - വിശ്വസിച്ചാൽ നീ ദൈവ മഹത്വം ദർശിക്കും
**കവിത** - സ്നേഹത്തിൽ പ്രവർത്തന നിരതമാകുന്ന വിശ്വാസം

**ഫാ. മാത്യു പെരിയപ്പുറം** - ഡയറക്ടർ, കുടുംബപ്രേഷിതത്വം.

**ഫാ. എമ്മാനുവേൽ വടക്കേൽ** - അസി. ഡയറക്ടർ

# വിൻസെന്റ് ഡി പോൾ സൊസൈറ്റി

കർത്താവിൽ സ്നേഹമുള്ള വിൻസെൻഷ്യൻ സഹോദരീ സഹോദരങ്ങളേ,

"ഇതാ കർത്താവിന്റെ ദാസി, നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ! എന്ന് മാലാഖയോട് പ്രത്യുത്തരമരുളികൊണ്ട് തന്നെതന്നെ പൂർണ്ണമായി ദൈവേഷ്ടത്തിന് വിട്ടുകൊടുത്ത് സഹരക്ഷക എന്ന സ്ഥാനം അലങ്കരിച്ച് സ്വർലോകറാണിയായി വാഴുന്ന പരിശുദ്ധ കന്യകാമാതാവിന്റെ സ്വർഗ്ഗാരോപണ തിരുനാളിന്റെയും, നമ്മുടെ രാഷ്ട്രത്തിന്റെ 67-ാം സ്വാതന്ത്ര്യദിനത്തിന്റെയും, സർവ്വോപരി വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ സ്ഥാപകനായ വാഴ്ത്തപ്പെട്ട ഫ്രെഡറിക് ഓസ്സാനാമിന്റെ 200-ാം വാർഷികത്തിന്റെയും മംഗളങ്ങളും ആശംസകളും ഏവർക്കും നേരട്ടെ. ആത്മീയ സ്വാതന്ത്ര്യത്തിന് വിലങ്ങുതടികളായ ലൗകിക, ഭൗതിക ജീവിതത്തിന്റെ മോഹവലയങ്ങൾക്ക് അടിമപ്പെട്ട് കരകാണാക്കടലിൽ തുഴയുന്ന നമുക്ക് ആദ്ധ്യാത്മികതയിൽ വളരുന്നതിന് പരിശുദ്ധ അമ്മയോട് ചേർന്ന്, അവിടുത്തെ കരവലയത്തിൽ നമ്മെ സമർപ്പിച്ച് അങ്ങേ തിരുക്കുമാരന് യോജിച്ചവരായി ജീവിക്കുവാൻ ഞങ്ങളെ പ്രാപ്തരാക്കണമേ എന്ന് പ്രാർത്ഥിക്കാം.

മഴക്കാലം രോഗങ്ങളുടെയും ദുരിതങ്ങളുടെയും കാലമാണല്ലോ. കാലവർഷക്കെടുതിയിൽ പ്രളയബാധിതരായ ഒട്ടനവധി സഹോദരങ്ങൾ നമ്മുടെ ചുറ്റുമുണ്ട്. കൂടാതെ പലവിധ രോഗങ്ങൾക്കും അടിമകളായി വലയുന്നവരും കുറവല്ല. ഇങ്ങനെ വേദന അനുഭവിക്കുന്നവരെ സന്ദർശിക്കുകയും അവർക്ക് ആവശ്യമായ സഹായങ്ങളും സ്നേഹവചസുകളും പകർന്ന് കഴിയുന്ന വിധത്തിലെല്ലാം ആശ്വാസമേകാൻ എല്ലാ വിൻസെൻഷ്യൻ പ്രവർത്തകരും പ്രത്യേകം ശ്രദ്ധിക്കുമല്ലോ. അതുപോലെതന്നെ സ്നേഹദാരിദ്ര്യം അനുഭവിക്കുന്ന വൃദ്ധമാതാപിതാ

ക്കളെയും കിടപ്പുരോഗികളെയും സന്ദർശിക്കുകയും അവരോടൊപ്പം കുറച്ച് സമയം ചിലവഴിക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യണമെന്ന് പ്രത്യേകം അഭ്യർത്ഥിക്കുന്നു.

സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ സ്ഥാപകനായ വാഴ്ത്തപ്പെട്ട ഫ്രെഡറിക് ഓസ്സാനാമിന്റെ തിരുനാൾ സെപ്റ്റംബർ മാസം 9-ാം തീയതി ആണല്ലോ, കൂടാതെ നമ്മുടെ സംഘടനയുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥൻ സെന്റ് വിൻസെന്റ് ഡി പോളിന്റെ തിരുനാൾ സെപ്റ്റംബർ 27-ാം തീയതിയും. ഈ തിരുനാളുകളോടനുബന്ധിച്ചുള്ള നൊവേനയും തിരുനാൾ നടത്തിപ്പുകളുമായി ബന്ധപ്പെട്ട കാര്യങ്ങളും ബഹുമാനപ്പെട്ട വികാരിയച്ചന്മാരുമായി ആലോചിച്ച് മുൻകൂട്ടി പ്ലാൻ ചെയ്യുക. തിരുനാൾ ദിവസങ്ങളിലെ വി. കുർബാനയ്ക്കുള്ള പണം ഓരോ കോൺഫ്രൻസും വികാരിയച്ചന്മാരെ ഏൽപ്പിച്ച് ആഘോഷമാക്കുവാൻ ശ്രദ്ധിക്കുക. നിയമാവലിയിൽ പറയുന്നതുപോലെ ദത്തുകുടുംബങ്ങളെയും സഹായ അംഗങ്ങളെയും പ്രത്യേകം ക്ഷണിച്ച് പരിപാടികളിൽ പങ്കെടുപ്പിക്കുക.

## സി.സി. യോഗം

13-7-2013 ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് സിസി പ്രസിഡണ്ട് ബ്രദർ തോമസ് മാങ്ങന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്ന് പ്രവർത്തനങ്ങൾ വിലയിരുത്തി. തന്റെ ആമുഖ പ്രഭാഷണത്തിൽ, നമ്മുടെ സമയത്തിന്റെയും സമ്പത്തിന്റെയും ഒരംശം ദൈവേഷ്ട ഉപവി പ്രവർത്തനങ്ങൾക്കായി മാറ്റി വെക്കേണ്ട ആവശ്യകതയെ പ്രസിഡണ്ട് ബ്രദർ തോമസ് മാങ്ങൻ ഊന്നി പറയുകയുണ്ടായി. തുടർന്ന് സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ മാനന്തവാടി സെൻട്രൽ കൗൺസിലിന്റെ മഹത്ത് പ്രൊജക്ടായ ഓസ്സാനാംഭവന്റെ വിപുലീകരണത്തിനായി പുതിയ ബ്ലോക്ക് നിർമ്മാണത്തിന്റെ പുരോഗതിയും, ഏരിയ കൗൺസിലുകൾ, കോൺഫ്രൻസുകൾ എന്നിവയുടെ സജീവ സഹകരണത്തെയും വിലയിരുത്തി.

ഓസ്സാനാംഭവന്റെ പുതിയ ബ്ലോക്ക് നിർമ്മാണത്തിന് സിസി ഭാരവാഹികൾ സ്വയംപ്രേരിതരായി സംഭാവനകൾ നൽകാൻ വാഗ്ദാനം ചെയ്തു. മുന്നോടിയായി സിസി പ്രസിഡണ്ട് ബ്രദർ തോമസ് മാങ്ങൻ 25000/- രൂപ കെട്ടിട നിർമ്മാണ ഫണ്ടിലേക്ക് സംഭാവന ചെയ്തു. ബ്രദർ കുര്യാക്കോസ് പാറേക്കാട്ടിൽ 5000/- രൂപ നൽകി. മറ്റു ഭാരവാഹികൾ 5000 മുതൽ 25000 വരെ നൽകാമെന്ന് വാഗ്ദാനം ചെയ്തു.

ഓസ്സാനാംഭവന്റെ പുതിയ ബ്ലോക്കിന്റെ നിർമ്മാണം വളരെ ധ്രുത ഗതിയിൽ പുരോഗമിക്കുകയാണെന്നും അതിലേക്കാവശ്യമായ ഫണ്ട് എത്രയും പെട്ടെന്ന് സ്വരൂപിക്കണമെന്നും യോഗം വിലയിരുത്തി.

കോൺഫറൻസ് തലത്തിൽ ബഹുമാനപ്പെട്ട വികാരിയച്ചന്മാരോട് അതത് പള്ളികളിൽ വിശുദ്ധ കുർബാന മദ്ധ്യ വിളംബരം ചെയ്യുന്നതിന് അപേക്ഷിക്കുവാൻ കോൺഫ്രൻസ് പ്രസിഡണ്ടുമാർ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

കോൺഫ്രൻസുകൾ കേന്ദ്രീകരിച്ച് ഏരിയ കൗൺസിലുകളുടെ സഹകരണത്തോട് സിസി ഭാരവാഹികൾ വിവിധ വ്യക്തികളെ സന്ദർശിക്കുവാനും കൂടുതൽ ഫണ്ട് ശേഖരിക്കുവാനും തീരുമാനമെടുത്തു.

വിവിധ കോൺഫറൻസുകളുടെ ഏരിയകളിൽ വിദേശത്ത് ജോലി ചെയ്യുന്ന വ്യക്തികളുടെ അഡ്രസ്സ് കോൺഫറൻസ് പ്രസിഡണ്ടുമാർ ശേഖരിച്ച് ഏരിയ കൗൺസിൽ പ്രസിഡണ്ട് മുഖേന സിസിയിൽ എത്തിക്കുവാൻ മുമ്പ് പറഞ്ഞത് ഒരിക്കൽകൂടി ഓർമ്മിപ്പിക്കുകയാണ്.

## സ്കോളർഷിപ്പ്

വിദ്യാജ്യോതി സ്കോളർഷിപ്പിൽ ഒരു ഏസി യിൽ നിന്നും ഒരു അപേക്ഷ എന്ന നിലയിൽ നൽകുക. 8-ാം ക്ലാസ് മുതൽ 11-ാം ക്ലാസ് വരെ പഠിക്കുന്നവർക്കാണ് ഈ ആനുകൂല്യം. ഒരു വർഷം മാത്രമേ ലഭിക്കുകയുള്ളു. TTS കിട്ടിയവരുടെ റിന്യൂവൽ ആപ്ലിക്കേഷൻ എത്രയും പെട്ടെന്ന് നൽകുക. പുതിയ സ്കോളർഷിപ്പിനുള്ള (TTS, VHS, HES) അപേക്ഷകൾ സെപ്റ്റംബർ 10 നു മുമ്പായി നൽകുക.

## ഓസ്സാനാംഭവൻ സന്ദർശനം

## പുൽപ്പള്ളി ഏ.സി

| | | | |
|---|---|---|---|
| 18-08-2013 | - | സെന്റ് സെബാസ്റ്റ്യൻ | ഇരുളം |
| 20-08-2013 | - | സെന്റ് മേരീസ് | മുള്ളൻകൊല്ലി |
| 22-08-2013 | - | സേക്രട്ട് ഹാർട്ട് | പുൽപ്പള്ളി |
| 24-08-2013 | - | സെന്റ് സെബാസ്റ്റ്യൻ | ആടിക്കൊല്ലി |
| 26-08-2013 | - | സെന്റ് ജൂഡ് | അമരക്കുനി |
| 28-08-2013 | - | ഇൻഫന്റ് ജീസസ് | പട്ടാണിക്കൂപ്പ് |
| 30-08-2013 | - | സാന്തോം | മരകാവ് |

**തരിയോട് ഏ.സി**

| | | | |
|---|---|---|---|
| 1-09-2013 | - | സെന്റ് ഫ്രാൻസീസ് അസ്സീസി | മഞ്ഞൂറ |
| 3-09-2013 | - | സെന്റ് തെരേസ | തരിയോട് |
| 5-09-2013 | - | സെന്റ് തോമസ് | ചെന്ദലോട് |
| 7-09-2013 | - | സെന്റ് അൽഫോൻസ | കാവുംമന്ദം |
| 9-09-2013 | - | സെന്റ് ജോർജ്ജ് | കോട്ടത്തറ |

**തോണിച്ചാൽ ഏ.സി**

| | | | |
|---|---|---|---|
| 11-09-2013 | - | ലിറ്റിൽ ഫ്ളവർ | ചെറുകാട്ടൂർ |
| 13-09-2013 | - | സെന്റ് അൽഫോൻസ | ദ്വാരക |
| 15-09-2013 | - | സെന്റ് ആന്റണി | ദ്വാരക |

ഒരിക്കൽകൂടി പ്രാർത്ഥനയോടെ ഏവർക്കും ആശംസകൾ നേർന്നുകൊണ്ട്,

**ബ്രദർ എം. സി. തോമസ് മാങ്ങൻ**
സി.സി. പ്രസിഡണ്ട്

# സിയോൻ വാർത്തകൾ

## സോണൽ മീറ്റിംഗ്

"സീയോനിൽ വസിക്കുന്ന കർത്താവിന് സ്തോത്രം ആലപിക്കുവാൻ അവിടുത്തെ പ്രവൃത്തികളെ ജനതകളുടെ ഇടയിൽ പ്രഘോഷിക്കുവിൻ." (സങ്കീ. 9/11).

കർത്താവിന്റെ മഹനീയമായ പ്രവൃത്തികൾക്ക് നന്ദിയേകുവാൻ പ്രാർത്ഥനയിലൂടെ പുതിയ പന്തക്കുസ്താ അനുഭവം സ്വന്തമാക്കാൻ ആഗ്രഹിച്ചുകൊണ്ട് ജൂലൈ 5 ആദ്യവെള്ളി 75 ടീമംഗങ്ങൾ സീയോൻ ചാപ്പലിൽ ഒന്നിച്ചുചേർന്നു. 10 മണിക്ക് കുരിശിന്റെ വഴിയോടെ പ്രാർത്ഥന ആരംഭിച്ചു. തുടർന്ന് അനുഗ്രഹത്തിന്റെ തിരുമണിക്കൂർ ശ്രീ. ബേബി മൂത്തേടം നേതൃത്വം നൽകി, കൂടുതൽ ആത്മാഭിഷേകത്തിന്റെ നിമിഷങ്ങളാക്കിത്തീർത്തു. 12 മണിക്ക് ജീസസ് യൂത്ത് ഡയറക്ടർ ബഹു. ലാൽ പൈനുങ്കൽ അച്ചൻ വി.ബലിയർപ്പിച്ച് വചനസന്ദേശം നൽകി. ദൈവസ്നേഹത്തിലേയ്ക്ക് വളരേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും, നമുക്ക് ഒരധികാരമില്ലാത്തപ്പോഴും ദൈവത്തെ മുഴുഹൃദയത്തോടെ സ്നേഹിക്കുവാൻ സാധിക്കുന്നുണ്ടെങ്കിൽ അതാണ് യഥാർത്ഥ സ്നേഹമെന്നും അച്ചൻ പറഞ്ഞു.

ഒരു മണിക്ക് ബഹു. അഗസ്റ്റിൻ താന്നിയിലച്ചന്റെ നേതൃത്വത്തിൽ പ്രാർത്ഥനയോടെ ടീം മീറ്റിംങ്ങ് ആരംഭിച്ചു. 2013 ജൂലൈ മുതൽ 2014 ഡിസംബർ വരെ സീയോൻ ടീമിന് നേതൃത്വം കൊടുക്കേണ്ടവരെ ഉത്തരവാദിത്വം ഭരമേൽപ്പിക്കുകയും, ആത്മാവിന്റെ നിറവ് ലഭിക്കുന്നതിനായി പ്രാർത്ഥിക്കുകയും ചെയ്തു. ബഹു. അഗസ്റ്റിൻ അച്ചൻ ഓരോരുത്തരെയും അനുഗ്രഹിച്ച് പ്രാർത്ഥിക്കുകയും ചെയ്തു. പുതുതായി കടന്നുവന്ന സിസ്റ്റേഴ്സിനെയും, ശുശ്രൂഷകരെയും ഹൃദ്യമായി സ്വാഗതം ചെയ്തു. ജൻമദിനം ആഘോഷിക്കുന്നവർക്ക് ആശംസകൾ നേർന്നു. ദൈവത്തിന്റെ തെരഞ്ഞെടുപ്പിനെക്കുറിച്ചും, ഫലം പുറപ്പെടുവിക്കുന്ന

തിനെക്കുറിച്ചും, നിലനിൽപ്പിനെക്കുറിച്ചും ബോദ്ധ്യം ജനിപ്പിക്കത്തക്ക വിധം ബഹുമാനപ്പെട്ട അച്ചൻ വചനം പങ്കുവച്ചു. കൂടുതലായി ശ്രദ്ധിക്കേണ്ട മേഖലകളെക്കുറിച്ചും, ധ്യാനത്തെക്കുറിച്ചും സംസാരിച്ചു. KST അംഗങ്ങളായി ശ്രീ. ജോസ് മാളോല, മേരി ടീച്ചർ എന്നിവരെ തെരഞ്ഞെടുത്തു.

**ജാഗരണപ്രാർത്ഥന 5-7-13**

സീയോനിൽ വസിക്കുന്ന സ്തുത്യർഹനായ കർത്താവിന് (സങ്കീ. 65:1) തങ്ങളുടെ ജീവിതത്തെ മുഴുവനായും സമർപ്പിച്ച് ജൂലൈ 5 ന് വൈകുന്നേരം 6.30 ന് ജാഗരണ പ്രാർത്ഥന ആരംഭിച്ചു. കൃപാവരദായികയായ അമ്മയുടെ ജപമാല ചൊല്ലി പ്രാർത്ഥിച്ചു. തുടർന്ന് സീയോൻ അസിസ്റ്റന്റ് ഡയറക്ടർ ബഹു. സോണി വാഴകാട്ട് അച്ചൻ ബലിയർപ്പിച്ച് വചനസന്ദേശം നൽകി. അത്താഴശേഷം 9 മണിക്ക് കുരിശിന്റെവഴി തുടർന്ന് 10 മുതൽ 12 വരെ ബഹുമാനപ്പെട്ട സോണിയച്ചന്റെ നേതൃത്വത്തിൽ സീയോൻ ടീം ആരാധന നടത്തി. 12 മണിക്ക് വിശ്രമിക്കാനായിപോയി.

**ആദ്യശനി - ഏകദിനകൺവെൻഷൻ 6-7-2013**

പ്രഭാതത്തിൽ പുതിയ സ്നേഹം അനുഭവിക്കുവാൻ, ഒരു ദിവസത്തേക്കു മുഴുവനുമുള്ള സ്നേഹാഗ്നി ഹൃദയത്തിലേറ്റുവാങ്ങുവാൻ ആഗ്രഹിച്ച് സീയോൻ ശുശ്രൂഷകർ രാവിലെ 6 മണിക്ക് പ്രാർത്ഥനകൾ ആരംഭിച്ചു. സീയോൻ ഹാളും പരിസരവും വിശുദ്ധജലം തളിച്ച് വിശുദ്ധീകരിച്ച് ജപമാല പ്രദക്ഷിണം നടത്തി പ്രാർത്ഥിച്ച് കൺവെൻഷന്റെ ഒരുക്കങ്ങൾ നടത്തി. വിശ്വാസത്തിന്റെ അഗ്നി ഉജ്ജ്വലിപ്പിക്കുവാൻ അനേകം ആളുകൾ കടന്നുവന്നു. 9 മണിക്ക് പ്രഭാത പ്രാർത്ഥന, സ്തുതി ആരാധന എന്നിവ നടത്തി. "സൈന്യങ്ങളുടെ കർത്താവുതന്നെ അവിടുന്നാണ് മഹത്വത്തിന്റെ രാജാവ്" (സങ്കീ. 24:10) എന്ന് ഏറ്റുപറഞ്ഞുകൊണ്ട് സാക്ഷ്യങ്ങൾ ഏറ്റുപറഞ്ഞു. 11 മണിക്ക് വചനസന്ദേശം ബഹു. ബെന്നി പാറാനി അച്ചൻ (നോർബർട്ടൈൻ) നടത്തി. വിശ്വാസത്തിലൂടെ രക്ഷസ്വന്തമാക്കുന്നതിനെക്കുറിച്ചും, വി.ബലിയുടെ മാഹാത്മ്യത്തെക്കുറിച്ചും അച്ചൻ പ്രതിപാദിക്കുകയും ചെയ്തു. തുടർന്ന് 12.30 ന് ബഹു. ലാൽ പൈനുങ്കൽ അച്ചൻ വി.ബലി അർപ്പിച്ച് വചനസന്ദേശം കൊടുത്തു. തുടർന്ന് 2.15 മുതൽ 3.30 വരെ ബഹു. അഗസ്റ്റ്യനച്ചൻ സൗഖ്യ അഭിഷേക ആരാധന നയിച്ചു. ഇതൊടൊപ്പം മഹത്വത്തിന്റെ രാജാവ് സർവ്വപ്രതാപത്തോടെ ഓരോരുത്തരി

ലേക്കും അനുഗ്രഹങ്ങൾ വർഷിക്കുംവിധം ദിവ്യകാരുണ്യ പ്രദിക്ഷണവും നടത്തി. 3.30 ന് കൺവെൻഷൻ അവസാനിച്ചു. ആനന്ദത്തോടെ ദൈവത്തിന് നന്ദിയേകി ദൈവമക്കൾ ഭവനങ്ങളിലേക്ക് യാത്രയായി.

**ആന്തരികസൗഖ്യധ്യാനം**

"ദൈവത്തിൽ ശക്തികണ്ടെത്തിയവർ ഭാഗ്യവാൻമാർ അവരുടെ ഹൃദയത്തിൽ സീയോനിലേക്കുള്ള രാജവീഥികളുണ്ട്" (സങ്കീ. 84/5). ജൂൺ 23-27 വരെ സീയോനിൽ നടന്ന താമസിച്ചുള്ള ധ്യാനത്തിൽ 91 ദൈവമക്കൾ പങ്കെടുത്തു. സൗഖ്യത്തിന്റെയും കൃപയുടെയും അനുഭവങ്ങൾ സ്വന്തമാക്കി ഓരോരുത്തരും ദൈവത്തെ മഹത്വപ്പെടുത്തി യാത്രയായി.

**യുവജന ഏകദിന ധ്യാനം 13-7-13**

2-ാം വെള്ളിയാഴ്ച 20 ലീഡേഴ്സ് ഒരുമിച്ച്ചേർന്ന് 7 മണി മുതൽ 12 മണിവരെ ജാഗരണ പ്രാർത്ഥന നടത്തി. ബഹുമാനപ്പെട്ട സോണി വാഴകാട്ട് അച്ചൻ വി.ബലിയർപ്പിച്ചു. അത്താഴശേഷം സീയോൻ ഡയറക്ടർ ബഹു. അഗസ്റ്റിൻ താന്നിയിലച്ചന്റെ നേതൃത്വത്തിൽ ജീസസ് യൂത്ത് ലീഡേഴ്സ് പ്രാർത്ഥന, ചർച്ച എന്നിവ നടത്തി. 13-7-13 ന് 7 മണിമുതൽ 8 മണിവരെ പ്രാർത്ഥിച്ച് ഒരുങ്ങി. 9.30 ന് ജപമാല, സ്തുതി ആരാധന എന്നിവ നടത്തി. 11 മണിക്ക് ബഹു. സോണി വാഴകാട്ട് അച്ചൻ ക്ലാസെടുത്തു. യുവജനങ്ങൾ കവചമായി നിലകൊള്ളണമെന്ന് ആഹ്വാനം ചെയ്തു. 2 മണിക്ക് ലീഡേഴ്സിന്റെ നേതൃത്വത്തിൽ ആരാധന നടന്നു. 3.15 ന് ശുശ്രൂഷകൾ അവാസാനിപ്പിച്ചു. 60 ഓളം യുവജനങ്ങൾ പ്രോഗ്രാമിൽ പങ്കെടുത്തു.

**രണ്ടാംശനി ദമ്പതീകൂട്ടായ്മ**

13-7-13 ന് രാവിലെ 10 മണിക്ക് ജപമാലയോടെ ദമ്പതീകൂട്ടായ്മ ആരംഭിച്ചു. ഭാരവാഹികൾ പ്രാർത്ഥനയോടെ ചുമതലയേറ്റു. 11 മണിക്ക് ബഹുമാനപ്പെട്ട അഗസ്റ്റിൻ താന്നിയിൽ അച്ചൻ ക്ലാസെടുത്തു. 12 മണിക്ക് ബഹു. സണ്ണി പുതനപ്ര അച്ചൻ ബലിയർപ്പിച്ച് വചനസന്ദേശം നൽകി. ഉച്ചകഴിഞ്ഞ് ചർച്ച നടത്തി. ശ്രീ. ജോഷി ആരാധന നയിച്ചു. ഗാനശുശ്രൂഷ സി. ആനി മാത്യു, ശ്രീ. ജോഷി എന്നിവർ നടത്തി.

**പൊതുകൗൺസിലിംഗ് ദിനം**

12-7-13 ന് വൈകുന്നേരം 4 മണിക്ക് കൗൺസിലേഴ്സ് ബഹു. അഗസ്റ്റിൻ അച്ചന്റെ നേതൃത്വത്തിൽ മീറ്റിംഗ് കൂടി. പുതിയ നിർദ്ദേശ

ങ്ങൾ നൽകി. രാത്രി ജാഗരണ പ്രാർത്ഥന നടത്തി. 70 ഓളം പേർ കൗൺസിലിംഗിനായി വന്നുചേർന്നു. കൗൺസിലിംഗിന് ഡയറക്ടർ അച്ചനും സീയോൻ കൗൺസിലേഴ്സും നേതൃത്വം നൽകി.

**സിയോൻ ആഗസ്റ്റ് മാസത്തിൽ**

| | | |
|---|---|---|
| 2-ാം തീയതി | - | സോണൽ മീറ്റിംഗ് |
| 3-ാം തീയതി | - | ആദ്യശനി - ഏകദിന കൺവെൻഷൻ |
| 10-ാം തീയതി | - | യുവജനദിനം, പൊതുകൗൺസിലിംഗ്, ദമ്പതീകൂട്ടായ്മ (രണ്ടാംശനി) |
| 16-ാം തീയതി | - | ജാഗരണ പ്രാർത്ഥന (മൂന്നാംവെള്ളി) |
| 25-29 | - | ആന്തരികസൗഖ്യധ്യാനം |
| 24-ാം തീയതി | - | സൗഖ്യദിനം |

ആഗസ്റ്റ് 25-29 നടക്കുന്ന ആന്തരികസൗഖ്യ ധ്യാനത്തിനു ബുക്കിംഗിനായി ബന്ധപ്പെടേണ്ട നമ്പർ : 04935 - 240922

**ഫാ. അഗസ്റ്റിൻ താന്നിയിൽ**
ഡയറക്ടർ സിയോൻ സി.ആർ.സി.

# കെ.സി.ബി.സി. മദ്യവിരുദ്ധസമിതി

**മദ്യവിമോചന യാത്ര**

കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി സംസ്ഥാന കമ്മിറ്റിയുടെ നേതൃത്വത്തിൽ കേരളത്തിലെ മുഴുവൻ കത്തോലിക്കാ രൂപതകളെയും ഉൾപ്പെടുത്തി മദ്യവിമോചന യാത്ര നടത്തുന്നു. കെ.സി.ബി.സി ചർച്ച ചെയ്ത് അംഗീകരിച്ച മദ്യവിരുദ്ധ നയം പൊതുസമൂഹത്തിൽ ചർച്ച ചെയ്യുക. മാറി മാറി വരുന്ന സർക്കാരുകളുടെ ജനവിരുദ്ധ മദ്യനയം തിരുത്തുവാൻ പൊതുജനാഭിപ്രായം രൂപീകരിക്കുക എന്നതാണ് മദ്യ വിമോചന യാത്രയുടെ ഉദ്ദേശ്യം. ആഗസ്റ്റ് 15 ന് കാസർഗോഡ് നിന്ന് ആരംഭിക്കുന്ന യാത്ര സെപ്റ്റംബർ 30 ന് തിരുവനന്തപുരത്ത് സമാപിക്കും.

**മദ്യവിമോചനയാത്ര മാനന്തവാടി രൂപതയിൽ**

സംസ്ഥാനസമിതി നയിക്കുന്ന സംസ്ഥാന മദ്യവിമോചന യാത്രയ്ക്ക് ആഗസ്റ്റ് 17 ന് ശനിയാഴ്ച വൈകുന്നേരം മാനന്തവാടി രൂപതാ അതിർത്തിയായ കേളകത്ത് എത്തിച്ചേരും. മാനന്തവാടി രൂപത നേതാക്കന്മാരും വിവിധ സംഘടനാ നേതാക്കളും ചേർന്ന് ജാഥയെ സ്വീകരിക്കും.

**യാത്ര എത്തിച്ചേരുന്ന സ്ഥലങ്ങളും സമയവും**

**17-08-2013 ശനി**

വൈകുന്നേരം 5 ന്, കേളകം

**18 ഞായർ**

രാവിലെ ചുങ്കക്കുന്ന്, ഉച്ചകഴിഞ്ഞ് 3 pm കൊട്ടിയൂർ, 5 pm മാനന്തവാടി, 7 pm വിശ്രമം - പാസ്റ്ററൽ സെന്റർ ദ്വാരക.

**19 തിങ്കൾ**

9 am ദ്വാരക, 10.15 am പടിഞ്ഞാറത്തറ, 11.15 am കാവുംമന്ദം, 12.15 pm കല്പ്പറ്റ, 1.00 pm ഉച്ചഭക്ഷണം, 2.00 pm പനമരം, 3.00 pm

നടവയൽ, 4.00 pm കേണിച്ചിറ, 5.00 pm ബത്തേരി (ജാഥയുടെ നേതൃത്വം ബത്തേരി രൂപതയ്ക്ക്)

**20 ചൊവ്വ**

ബത്തേരി രൂപതയുടെ നേതൃത്വത്തിൽ വിവിധ കേന്ദ്രങ്ങളിൽ സ്വീകരണം.

**മലബാർ റീജണൽ യോഗം**

KCBC മദ്യവിരുദ്ധ സമിതിയുടെ മലബാർ റീജണൽ യോഗം 24 ന് തിങ്കൾ തലശ്ശേരി സന്ദേശഭവൻ പാസ്റ്ററൽ സെന്ററിൽ നടന്നു. റീജണൽ ഡയറക്ടർ റവ. ഫാ. തോമസ് തൈത്തോട്ടത്തിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ സംസ്ഥാന മദ്യവിമോചന യാത്രയെപ്പറ്റി സംസ്ഥാന ഡയറക്ടർ റവ. ഫാ. ടി. ജെ. ആന്റണി സംസാരിച്ചു. മാനന്തവാടി രൂപതയെ പ്രതിനിധീകരിച്ച് ഡയറക്ടർ റവ. ഫാ. തോമസ് കുറ്റിക്കാട്ടുകുന്നേൽ, സി. ജോവിറ്റ, ബേബി പേടപ്പാട്ട്, ജോയി പരിയാരത്ത് എന്നിവർ പങ്കെടുത്തു.

**സംസ്ഥാന സമിതി യോഗം**

സംസ്ഥാന കമ്മിറ്റിയുടെ യോഗം ജൂൺ 29 ന് ശനിയാഴ്ച പി.ഒ.സി. യിൽ വെച്ച് ചേർന്നു. രൂപതയിൽ നിന്ന് പ്രസിഡണ്ട് ജോൺസൺ തൊഴുത്തുങ്കൽ, ആനിമേറ്റർ സി. ജോവിറ്റ FCC എന്നിവർ പങ്കെടുത്തു. കമ്മീഷൻ ചെയർമാൻ ബിഷപ്പ് റൈറ്റ് റവ. ഡോ സെബാസ്റ്റ്യൻ തെക്കെത്തെച്ചേരിൽ അദ്ധ്യക്ഷത വഹിച്ചു.

**സന്യസ്ത സംഗമം**

KCBC മദ്യവിരുദ്ധ സമിതിയുടെ യൂണിറ്റ് ആനിമേറ്റർമാരായി പ്രവർത്തിക്കുന്ന സന്യസ്തരുടെ സംഗമം ആഗസ്റ്റ് 6 ന് ദ്വാരകയിലുള്ള രൂപതാ പാസ്റ്ററൽ സെന്ററിൽ നടക്കും. എല്ലാ ഇടവകകളിൽ നിന്നും സന്യസ്തർ സംഗമത്തിൽ പങ്കെടുക്കും.

**ആനിമേറ്റേഴ്സ് യോഗം**

വിദ്യാലയങ്ങളിൽ പ്രവർത്തിക്കുന്ന ലഹരി വിരുദ്ധ ക്ലബ് കാസ (CASA) യുടെ ആനിമേറ്റർമാരായ അദ്ധ്യാപകരുടെ യോഗം ആഗസ്റ്റ് 5 ന് തിങ്കൾ 10.30 am ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ നടക്കും. എല്ലാ ആനിമേറ്റർമാരും പങ്കെടുക്കണം.

**ഇടവക ബോധവത്ക്കരണ സെമിനാർ - മോചന**

**ചെന്നലോട്**

ചെന്നലോട് സെന്റ് സെബാസ്റ്റ്യൻസ് ഇടവകയിൽ ജൂൺ 23 ന് ഞായറാഴ്ച വിവിധ മദ്യവിരുദ്ധ പരിപാടികൾ സംഘടിപ്പിച്ചു. രാവിലെ

രൂപതാ ഡയറക്ടർ റവ. ഫാ. തോമസ് കുറ്റിക്കാട്ടുകുന്നേൽ ദിവ്യബലി അർപ്പിച്ച് സന്ദേശം നൽകി. കുട്ടികളുടെ ദിവ്യബലിയിലും ഡയറക്ടറച്ചൻ മദ്യ-ലഹരിവിരുദ്ധ സന്ദേശം നൽകി. തുടർന്ന് 10, 11, 12 ക്ലാസിലെ വിദ്യാർത്ഥികൾക്കായി ഓഡിയോ വിഷ്വൽ സംവിധാനങ്ങളോടെ ബോധവൽക്കരണ പരിപാടി സംഘടിപ്പിച്ചു. രൂപതാ പ്രസിഡണ്ട് ജോൺസൺ തൊഴുത്തുങ്കൽ ക്ലാസുകൾ നയിച്ചു.

ഇടവകയുടെ രജതജൂബിലി ആഘോഷങ്ങളുടെ ഭാഗമായിട്ടാണ് മദ്യവിരുദ്ധ ബോധവൽക്കരണ പരിപാടി സംഘടിപ്പിച്ചത്. എല്ലാ ഒരുക്കങ്ങളും നടത്തി നേതൃത്വം നൽകിയ ഇടവക വികാരി സെബാസ്റ്റ്യൻ പാലക്കി അച്ചനും, സൺഡേ സ്കൂൾ പ്രധാനാദ്ധ്യപകൻ, അദ്ധ്യാപകർ, കൈക്കാരന്മാർ എന്നിവർക്കും ഹൃദയം നിറഞ്ഞ നന്ദിയും അഭിനന്ദനങ്ങളും.

**തോമാട്ടുചാൽ**

CML തോമാട്ടുചാൽ ശാഖയുടെ നേതൃത്വത്തിൽ ലഹരിവിരുദ്ധ ദിനത്തോടനുബന്ധിച്ച് ലഹരിവിരുദ്ധ റാലി നടത്തി. ബോധവൽക്കരണ സെമിനാറിന് രൂപത പ്രസിഡണ്ട് ജോൺസൺ തൊഴുത്തുങ്കൽ നേതൃത്വം നൽകി. ശാഖാ ഡയറക്ടർ റവ. ഫാ. ബിജു തുരുത്തേൽ ഉദ്ഘാടനം ചെയ്തു. ജോ. ഡയറക്ടർ സി. സെലിൻ മരിയ SABS, സ്റ്റെഫി പുതിയകുന്നേൽ, വിപിൻ കിടങ്ങൂക്കാരൻ, ബിനു വാണിയപ്പള്ളി, ജോസഫ് കുഴിയാറ, അമൽ തൊഴുത്തുങ്കൽ, ചിപ്പി ഇടക്കളത്തൂർ, അക്സ നെല്ലുനിൽക്കുംതടത്തിൽ, അഖിൽ പുളിമൂട്ടിൽ എന്നിവർ നേതൃത്വം നൽകി.

**രൂപതാ എക്സിക്യൂട്ടീവ്**

രൂപത എക്സിക്യൂട്ടീവ് ജൂലൈ 15-ന് യോഗം ചേർന്നു. സംസ്ഥാന മദ്യവിമോചന യാത്ര, സന്യസ്തസംഗമം, കാസ ലഹരിവിരുദ്ധ ക്ലബ്ബ് പ്രവർത്തനം എന്നിവ ചർച്ച ചെയ്തു.

**ജോൺസൺ തൊഴുത്തുങ്കൽ**
രൂപതാ പ്രസിഡണ്ട്

# സാമൂഹ്യ സേവനരംഗം (WSSS)

## സോഷ്യൽ വെൽഫയർ സൊസൈറ്റി
## വനിതാ സ്വാശ്രയ സംഘം

കേന്ദ്രധനകാര്യമന്ത്രാലയത്തിന്റെ നിർദ്ദേശാനുസരണം നബാർഡിന്റെയും കാനറാ ബാങ്കിന്റെയും സഹായത്തോടെ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി വയനാട് ജില്ലയിൽ രൂപീകരിച്ച 500 വനിതാ സ്വാശ്രയസംഘങ്ങൾക്ക് ബാങ്ക് വായ്പ നൽകുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഇതോടനുബന്ധിച്ച് ബാങ്ക് മാനേജർമാരുടെ ഒരു മീറ്റിംഗ് WSSS ഓഫീസ് ഓഡിറ്റോറിയത്തിൽ വെച്ച് ജൂൺ 7–ാം തീയതി നടത്തുകയുണ്ടായി. പ്രസ്തുത മീറ്റിംഗിൽ നബാർഡ് ജില്ലാ ഡെവലപ്പ്മെന്റ് ഓഫീസർ ശ്രീ. സജി കുമാർ അദ്ധ്യക്ഷത വഹിച്ചു. ജില്ലാ ലീഡ് ബാങ്ക് മാനേജർ ആശംസകൾ അർപ്പിച്ചു. WSSS ജോയിന്റ് ഡയറക്ടർ റവ. ഫാ. ബിജോ കറുകപ്പള്ളി സ്വാഗതവും ഡയറക്ടർ റവ. ഫാ. ജോൺ ചൂരപ്പുഴയിൽ നന്ദിയും പറഞ്ഞു.

## വ്യവസായ സംരംഭകത്വ സെമിനാർ

SWS സെക്രട്ടറിമാർക്കും CDO മാർക്കുമായി ഒരു വ്യവസായ സംരംഭകത്വ സെമിനാർ WSSS ഓഡിറ്റോറിയത്തിൽ വെച്ച് ജൂൺ 20–ാം തീയതി സംഘടിപ്പിക്കുകയുണ്ടായി. താലൂക്ക് വ്യവസായ ഓഫീസർ ശ്രീ. കെ.എ. ജോസഫ്, വ്യവസായ വികസന ഓഫീസർ ശ്രീ. കുഞ്ഞു മുഹമ്മദ് എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നൽകി. WSSS ജോയിന്റ് ഡയറക്ടർ റവ. ഫാ. ബിജോ കറുകപ്പള്ളി സെമിനാർ ഉദ്ഘാടനം ചെയ്തു.

## വരുമാന വർദ്ധക പരിപാടികൾ

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ സ്വയം സഹായ സംഘങ്ങൾക്ക് വിവിധയിനം സംരംഭങ്ങൾ തുടങ്ങുന്നതിനായി പരിശീലനം നൽകിവരുന്നു. സോപ്പ് പൊടി, സോപ്പ്,

ലൈസോൾ, ഹാർപ്പിക്, പെനോയിൽ, മെഴുകുതിരി, കുട തുടങ്ങി 14 തരം ഉല്പ്പന്നങ്ങൾ നിർമ്മിക്കുന്നതിനാവശ്യമായ പരിശീലനവും അസംസ്കൃത വസ്തുക്കളും നൽകി വരുന്നു.

ജൂൺ മാസത്തിൽ കമ്മന, മുതിരേരി, പോരൂർ, മണിമൂളി എന്നിവിടങ്ങളിൽ സോപ്പുനിർമ്മാണത്തിനായുള്ള പരിശീലന പരിപാടി നടത്തി. പരിശീലന പരിപാടികൾക്ക് ജോയിന്റ് ഡയറക്ടർ റവ. ഫാ. ബിജോ, SWS കോഡിനേറ്റർ ശ്രീ. കെ.ഒ.ജോയി, ശ്രീ. ബിനീഷ് വണ്ടന്നൂർ, ശ്രീമതി ആലീസ് സിസിൽ, ശ്രീമതി ഷീന ആന്റണി, ശ്രീമതി വത്സ എന്നിവർ നേതൃത്വം നൽകി.

ജൂൺ 27-ാം തീയതി മണിമൂളി റീജിയണൽ പാസ്റ്ററൽ സെന്ററിൽ വെച്ച് നടന്ന സോപ്പ് നിർമ്മാണ പരിശീലനം WSSS ജോയിന്റ് ഡയറക്ടർ റവ. ഫാ. ബിജോ കറുകപ്പള്ളി ഉദ്ഘാടനം ചെയ്തു. റീജണൽ ഡയറക്ടർ റവ. ഫാ. ബിജു ഉറുമ്പിൽ അദ്ധ്യക്ഷത വഹിച്ചു.

## നീർത്തട വികസന പദ്ധതി

## നീർത്തടോത്സവം

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി തൊണ്ടർനാട് ഗ്രാമപഞ്ചായത്തിൽ നടത്തിവരുന്ന നീർത്തട വികസന പരിപാടിയുടെ ഭാഗമായി അയനിവയൽ പ്രദേശത്ത് നീർത്തടോത്സവം നടത്തി. കലാകായിക മത്സരങ്ങൾ, പഠനക്ലാസ്സ്, പൊതുസമ്മേളനം എന്നിവ നടത്തി. WSSS ഡയറക്ടർ റവ. ഫാ. ജോൺ ചൂരപ്പുഴയിലിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന പൊതുസമ്മേളനം തൊണ്ടർനാട് ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ഇൻചാർജ് റംല ജലാൽ ഉദ്ഘാടനം ചെയ്തു. ബ്ലോക്ക് പഞ്ചായത്ത് മെമ്പർ ടി. മൊയ്തു, റിട്ടയേഡ് പ്രിൻസിപ്പൽ അഗ്രിക്കൾച്ചർ ഓഫീസർ ശ്രീ. വിക്രമൻ, വാർഡ് മെമ്പർ ശ്രീ. വിൻസെന്റ്, തൊണ്ടർനാട് കൃഷി ഓഫീസർ ശ്രീമതി ഷീല, WSSS ജനറൽ കോഡിനേറ്റർ ശ്രീ. ജോസ് പി. എ. എന്നിവർ സംസാരിച്ചു.

## EDP പരിശീലനം നടത്തി

മട്ടിലയം നീർത്തട വികസന പദ്ധതിയുടെ ഭാഗമായി സോപ്പ്, സോപ്പുല്പ്പന്നങ്ങൾ എന്നിവയുടെ നിർമ്മാണത്തിൽ 2 ദിവസത്തെ സംരംഭകത്വ പരിശീലനം മാറാടി കമ്മ്യൂണിറ്റി ഹാളിൽ വെച്ച് നടത്തി. തൊണ്ടർനാട് ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡണ്ട് ശ്രീ. വി. പോക്കർ ഉദ്ഘാടനം ചെയ്തു.

### പങ്കെടുത്തു

നബാർഡ് നീർത്തട വികസന പദ്ധതിയുടെ പ്രവർത്തനങ്ങൾ

അവലോകനം ചെയ്യുന്നതിന് കല്പ്പറ്റ ഹോട്ടൽ ഗ്രീൻ ഗേറ്റ്സിൽ വെച്ച് നടന്ന യോഗത്തിൽ WSSS ജനറൽ കോ-ഓഡിനേറ്റർ ശ്രീ. ജോസ്. പി. എ. പങ്കെടുത്തു.

**നബാർഡ് – സമഗ്ര ആദിവാസി വികസന പദ്ധതി**

സമഗ്ര ആദിവാസി വികസന പദ്ധതിയുടെ രണ്ടാംഘട്ടം തവിഞ്ഞാൽ ഗ്രാമപഞ്ചായത്തിൽ ആരംഭിച്ചു. തെരഞ്ഞെടുക്കപ്പെട്ട 730 കുടുംബങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് വരുന്ന 5 വർഷത്തിനുള്ളിൽ തരിശായി കിടക്കുന്ന കൃഷി ഭൂമി തോട്ടങ്ങളാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങളാണ് പ്രധാനമായും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പദ്ധതി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ബോയ്സ് ടൗണിൽ ആരംഭിച്ച ഓഫീസിന്റെ ഉദ്ഘാടനം മാനന്തവാടി രൂപതാ വികാരി ജനറാൾ മോൺ. മാത്യു മാടപ്പള്ളിക്കുന്നേൽ നിർവ്വഹിച്ചു. നബാർഡ് ജില്ലാ മാനേജർ ശ്രീ. സജി കുമാർ, WSSS ഡയറക്ടർ റവ. ഫാ. ജോൺ ചൂരപ്പുഴയിൽ, ജോ. ഡയറക്ടർ റവ. ഫാ. ബിജോ കറുകപ്പള്ളി, ജനറൽ കോർഡിനേറ്റർ ശ്രീ. പി. എ. ജോസ് എന്നിവർ സംസാരിച്ചു. ആദിവാസി നേതൃത്വനിരയിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട 55 അംഗങ്ങൾ പങ്കെടുത്തു.

**സേവ് എ ഫാമിലി പ്ലാൻ**

ജൂൺ മാസത്തിൽ സേവ് എ ഫാമിലിയുടെ ആഭിമുഖ്യത്തിൽ ധാരാളം പ്രവർത്തനങ്ങൾ നടന്നു. മെയ് മാസം വിവിധ മേഖലകളിലായി നടത്തിയ മീറ്റിംഗുകളിൽ പങ്കെടുക്കാത്ത ഗുണഭോക്ത്താക്കൾക്കായി ജൂൺ 14 ന് WSSS ഓഫീസ് ഓഡിറ്റോറിയത്തിൽ വച്ച് മീറ്റിംഗ് നടത്തി. WSSS ഡയറക്ടർ റവ. ഫാ. ജോൺ ചൂരപ്പുഴയിൽ ഉദ്ഘാടനം ചെയ്ത മീറ്റിംഗിൽ 'മൂല്യാധിഷ്ടിത വിദ്യാഭ്യാസം' എന്ന വിഷയത്തെക്കുറിച്ച് ജോയിന്റ് ഡയറക്ടർ റവ. ഫാ. ബിജോ കറുകപ്പള്ളി ക്ലാസ്സ് എടുത്തു.

ഓരോ റീജിയണിൽ നിന്നും ആനിമേറ്റർമാർ സമാഹരിച്ച ഗുണഭോക്താക്കളുടെ വ്യക്തിഗത വിവരങ്ങൾ സേവ് എ ഫാമിലിയുടെ വെബ്സൈറ്റിൽ ചേർത്തു. ഗുണഭോക്തൃ കുടുംബങ്ങളുടെ One Year/ Six year പദ്ധതികൾ സമാഹരിച്ച് ഫയൽ ചെയ്തു. വിവിധ ആവശ്യങ്ങൾക്കായി ഫണ്ട് വിതരണം ചെയ്യുകയും ഏതെങ്കിലും വരുമാന വർദ്ധന പരിപാടികൾ ആരംഭിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശം കുടുംബങ്ങൾക്ക് നൽകുകയും ചെയ്തു.

### ദേശീയ ബയോഗ്യാസ് വ്യാപന പദ്ധതി

കൊമ്മയാട്, ഇടിക്കര, തൃശ്ശിലേരി, ചെറുകാട്ടൂർ, കുറുക്കൻമൂല എന്നീ സ്ഥലങ്ങളിലായി മൂന്ന് ബയോ-ഗ്യാസ് പ്ലാന്റുകൾ കമ്മീഷൻ ചെയ്യുകയും 3 എണ്ണം നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തു. 2013-14 വർഷത്തിൽ ബയോഗ്യാസ് പ്ലാന്റ് നിർമ്മിക്കുന്നതിനുള്ള അപേക്ഷ സ്വീകരിച്ചു തുടങ്ങി. ആവശ്യമുള്ളവർ WSSS, മാനന്തവാടി ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

### 'വോഫ'

ജൂൺ 20-ാം തീയതി WSSS ഓഡിറ്റോറിയത്തിൽ ചേർന്ന 'വോഫ' വാർഷിക പൊതുയോഗത്തിൽ വോഫ ചെയർമാൻ റവ. ഫാ. ജോൺ ചൂരപ്പുഴയിൽ അദ്ധ്യക്ഷനായിരുന്നു. 2012-13 വർഷത്തെ വാർഷിക റിപ്പോർട്ട് ജോ. സെക്രട്ടറി ശ്രീ. മാത്യു ഉണ്ണിപ്പള്ളി അവതരിപ്പിച്ചു. യോഗത്തിൽ വോഫ ചെയർമാൻ ശ്രീ. ചാക്കോ ചെറുപ്ലാവിൽ സ്വാഗതവും വോഫ കോഡിനേറ്റർ ശ്രീ. വിനീഷ് വണ്ടന്നൂർ നന്ദിയും പറഞ്ഞു.

**ഫാ. ജോൺ ചൂരപ്പുഴയിൽ**
ഡയറക്ടർ

## കേരള ലേബർ മൂവ്മെന്റ്

KCBC ലേബർ കമ്മീഷന്റെ നേതൃത്വത്തിലും നിയന്ത്രണത്തിലും പ്രവർത്തിക്കുന്ന കേരള ലേബർ മൂവ്മെന്റ് പ്രവർത്തനം കൂടുതൽ ഇടവകകളിലേക്ക് വ്യാപിപ്പിക്കുവാൻ സാധിച്ചു. ചെറുകിട കർഷകർ നിർമ്മാണതൊഴിലാളികൾ, കൂലിത്തൊഴിലാളികൾ, തയ്യൽതൊഴിലാളികൾ എന്നിവർക്കുവേണ്ടി മാനന്തവാടി രൂപതയിൽ KLM ക്ഷേമനിധി പദ്ധതികൾ നടപ്പിലാക്കുന്നു. കേന്ദ്ര സർക്കാരിന്റെ പെൻഷൻ ഫണ്ട്, റഗുലേറ്ററി ആന്റ് ഡവലപ്പ്മെന്റ് അതോറിറ്റി, ലൈഫ് ഇൻഷുറൻസ് കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങളുടെ സഹകരണത്തോടെ KLM നടപ്പിലാക്കിവരുന്ന പദ്ധതിയായ 'സുരക്ഷ'യിൽ നല്ല രീതിയിൽ മെമ്പർഷിപ്പ് നൽകി വരുന്നു.

### കരിയർ ഗൈഡൻസ് ക്ലാസ്

മെയ്മാസം മൂന്നാം തീയതി WSSS ഓഡിറ്റോറിയത്തിൽ വെച്ച് KLM ന്റെ ആഭിമുഖ്യത്തിൽ കരിയർ ഗൈഡൻസ് ക്ലാസ് സംഘടിപ്പിച്ചു. റവ. ഫാ. ബിജോ കറുകപ്പള്ളി അദ്ധ്യക്ഷത വഹിച്ച ചടങ്ങിന്റെ

ഉദ്ഘാടനം റവ. ഫാ. തോമസ് ജോസഫ് തേരകം നിർവ്വഹിച്ചു. സുരക്ഷാ പദ്ധതിയുടെ ഭാഗമായി KLM അംഗങ്ങളുടെ കുട്ടികൾക്കുള്ള സ്കോളർഷിപ്പ് വിതരണം സംസ്ഥാന വൈസ് പ്രസിഡണ്ട് സെബാസ്റ്റ്യൻ പാലംപറമ്പിൽ നിർവ്വഹിച്ചു. ശ്രീ. അനിലും ടീമംഗങ്ങളും ക്ലാസ് നയിച്ചു. താമരശ്ശേരി രൂപതാ ഡയറക്ടർ റവ. ഫാ. സണ്ണി ആശംസകളർപ്പിച്ചു.

## എക്സിക്യൂട്ടീവ് മീറ്റിംഗ്

03-05-2013 ന് WSSS ഓഡിറ്റോറിയത്തിൽ വെച്ച് രൂപതാ പ്രസിഡണ്ട് ശ്രീ. ബിജു പുയ്ക്കുന്നേലിന്റെ അദ്ധ്യക്ഷതയിൽ KLM എക്സിക്യൂട്ടീവ് യോഗം ചേർന്നു. 2013 വർഷത്തേക്കുള്ള ആക്ഷൻ പ്ലാൻ തയ്യാറാക്കി.

## ഫോറം മീറ്റിംഗ്

09-05-2013 ന് WSSS ഓഡിറ്റോറിയത്തിൽ വെച്ച് ചെറുകിട തോട്ടം തൊഴിലാളി, തയ്യൽ തൊഴിലാളി ക്ഷേമനിധികളുടെ ഫോറം മീറ്റിംഗ് നടത്തുകയും ഭാരവാഹികളെ തെരഞ്ഞെടുക്കുകയും ചെയ്തു.

## ബോധവൽക്കരണ ക്ലാസ്

KLM ന്റെ വിവിധയിനം പ്രവർത്തനങ്ങളെക്കുറിച്ചുള്ള ഒരു ബോധവൽക്കരണ ക്ലാസ് 9-06-2013 ന് പോരൂർ സെന്റ് സെബാസ്റ്റ്യൻ ദേവാലയത്തിൽ വെച്ച് നടത്തി. റവ. ഫാ. ബിജോ കറുകപ്പള്ളി ക്ലാസ് നയിച്ചു.

## സുരക്ഷ എൻറോൾമെന്റ്

റിപ്പൺ സെന്റ് ജോസഫ് ദേവാലയത്തിൽ വെച്ച് സുരക്ഷ ക്ഷേമനിധിയുടെ എൻറോൾമെന്റ് നടത്തുകയും KLM യൂണിറ്റ് രൂപീകരിക്കുകയും ചെയ്തു.

## നിർമ്മാണത്തൊഴിലാളി

സ്വതന്ത്ര നിർമ്മാണതൊഴിലാളികളുടെ ക്ഷേമനിധി അംഗത്വം ജൂൺമാസത്തിൽ പുതുക്കി. കല്പ്പറ്റ ജില്ലാ ക്ഷേമനിധി ഓഫീസിൽ വെച്ച് നടന്ന യൂണിയൻ മീറ്റിംഗിൽ SNTU പ്രതിനിധിയായി ശ്രീമതി മിനി ഉണ്ണികൃഷണൻ പങ്കെടുത്തു.

KLM ന്റെ പ്രവർത്തനങ്ങൾ ഇതുവരെ ആരംഭിക്കാത്ത ഇടവകകളിൽ ഉടൻതന്നെ KLM യൂണിറ്റ് ആരംഭിക്കുവാൻ ഉള്ള നടപടികൾ ബഹുമാനപ്പെട്ട വൈദികർ എടുക്കണമെന്ന് താല്പര്യപ്പെടുന്നു.

**ഫാ. ബിജോ കറുകപ്പള്ളി**
KLM ഡയറക്ടർ

## അറിയിപ്പ്

വീടുകളിൽ ആവശ്യമുള്ള സോപ്പ്, സോപ്പ്പൊടി, ഫിനോയിൽ, ലൈസോൾ, ഹാർപിക്, മെഴുകുതിരി തുടങ്ങി 14 ഇനം സാധനങ്ങൾ നിർമ്മിക്കാനാവശ്യമായ പരിശീലനം ആവശ്യമുള്ള ഇടവകകളിൽ വന്ന് WSSS സംരംഭകത്വക പരിശീലകർ നൽകുന്നതാണ്. ചുരുങ്ങിയത് 30 അംഗങ്ങൾ പരിശീലനത്തിന് ഉണ്ടാവണം. രജിസിട്രേഷൻ ഫീസിനത്തിൽ പങ്കെടുക്കുന്നവർ 200/- രൂപ അടയ്ക്കേണ്ടതാണ്. പരിശീലനത്തിന് ആവശ്യമായ അസംസ്കൃത വസ്തുക്കൾ WSSS ൽ നിന്നും നൽകുന്നതാണ്.

## MARY MATHA ARTS & SCIENCE COLLEGE

**Tidings Since 1 June 2013**

- The college reopened on 3 June after the smooth conduct of the University Examinations. Prof. Joy James, SJ, the Manager of Loyola Institutions, Thiruvananthapuram led the day long Faculty Orientation and Induction of New Faculty on 6 June. The Academic Planning and Portfolio Allocations of the Faculty were held on the following day. The student orientations in preparation for the Peer Team Visit are being taken up by the IQAC (Internal Quality Assurance Cell).
- The Rank Lists for New Admissions were published on 6 June and is made available on the College website. Interviews commenced on 17 June. The Freshers will enter the Campus on 26 June.
- The Principal accompanied by Dr. Maria Martin Joseph, the Coordinator of UGC Projects and Dr. P.K. Prasadan, the Coordinator of the IQAC visited both the UGC Regional Office and the NAAC (National Assessment and Accreditation Council) Head Quarters in Bengaluru on 11 June to submit both the proposals for the XII Plan Projects and the Reaccreditation Report (RAR) for the National Re-accreditation to be scheduled during the current Academic Year.
- Ms Mercy Ignatius, Associate Prof. & Head of the Dept of Zoology is awarded Ph D by the Mahatma Gandhi University, Kottayam. Mary Matha has the rare distinction of having near 100% Ph Ds among the Associate Professors on its Faculty.
- Vacancy of Assistant Professors in English, Maths, and Political Science has been advertised and is made available in the website of the College. Applications can be downloaded from the site.
- To mark the World Environment Day, the Bhoomithrasena Club of the College organized an Essay Contest on Think, Eat, and Save on 18 June.

- The National Service Scheme announced a Quiz Program based on Newspapers on June 19, Vayanadinam for the Senior Students of the College.
- The Freshers arrived on 26 June. Both the Manager and the Principal addressed the Freshers and their Parents. Class Representatives of the Parents of the Freshers from each Class to the Representative Council of the PTA were elected on the same day. The interface b/n the Freshers and the Seniors is scheduled for early July in each Dept. The Committee for the Prevention of Ragging & Campus Violence met and formed the Anti-ragging Squad to prevent any untoward incident.
- Ms Ramya Krishnan, Asst Prof. of Commerce has been attending the month-long orientation
- The Advisory Committee to Ventral Library met on 1 July and discussed the relevant issues and suggested the disbursal of the UGC fund on purchase of books and journals during the Current Year.
- Results of 2010-'13 Batch of Degree Programs: Functional English:100% Maths:93% Zoology:89% Computer Science:86% Commerce:90% and Chemistrey:73%
- The Department of Zoology in association with the IQAC of the College organized the Screening of the Documentary, An Apology to Elephants, followed by an interface with Pro.Surendra Varmam Researcher from the IISc (Indian Institute of Science) Bangalore along with the environmentalists Sri. M. Ganghadaran Master and Sri Arun on 12 July.
- Dr. P.K. Prasadan was the Moderator in the Public Debate on the Report of the Madhav Gadgill Committee in the Context of Wayanad at the Pazhaasi Smaraka Grandhalaya, Mananthavady on 14 July.
- The Representative Council of the PTA is scheduled for 2 PM on Tuesday, 23 July. The Council, Comprises of the Parent Representatives, both Male and Female from each Class, will elect the Executive Council for the Year.
- Thanks to the strenuous efforts of Rev.Fr. Manager and assisted by the Management and the Building Committee, the Construction of the various UGC Projects has entered the final phase.

**Dr. Raju George**
Principal

## CHRISTIAN CIVIC SERVICE SOCIETY (CCSS)

### വയനാട് ജില്ലാ കത്തോലിക്കാ നേതൃത്വസംഗമം

ക്രിസ്റ്റ്യൻ കൾച്ചറൽ ഫോറത്തിന്റെ ആഭിമുഖ്യത്തിൽ രണ്ടാമത് വയനാട് ജില്ലാ കത്തോലിക്കാ നേതൃത്വസംഗമം 2013 ജൂലൈ 13 ന് കൽപ്പറ്റ ഡി പോൾ ഓഡിറ്റോറിയത്തിൽ വച്ച് നടത്തി. മാനന്തവാടി രൂപതാമെത്രാൻ മാർ ജോസ് പൊരുന്നേടം സമ്മേളനം ഉദ്ഘാടനം ചെയ്തു. CCF ചെയർമാൻ ശ്രീ. സാലു അബ്രാഹം അദ്ധ്യക്ഷത വഹിച്ചു. സംസ്ഥാന മൈനോരിറ്റി കമ്മീഷൻ മെമ്പർ അഡ്വ. വി.വി. ജോഷി മുഖ്യപ്രഭാഷണം നടത്തി. ബത്തേരി രൂപതാ വികാരിജനറാൾ മോൺ. മാത്യു ചാമക്കാല തുടർന്നുള്ള ചർച്ചയിൽ മോഡറേറ്ററായിരുന്നു. റവ.ഫാ. ജോസ് കൊച്ചറയ്ക്കൽ വിഷയാവതരണം നടത്തി. പൊതുരംഗത്ത് അംഗീകാരങ്ങൾ നേടിയ സമുദായംഗങ്ങളെ യോഗത്തിൽ വച്ച് കൽപ്പറ്റ തിരുഹൃദയ ഇടവക വികാരി റവ.ഫാ. ഫ്രാൻസൺ പൊന്നാടയണിയിച്ച് ആദരിച്ചു. അഡ്വ. ജോസ് തേരകം സ്വാഗതവും ജോണി കൊളക്കാട്ടുകുടി നന്ദിയും പറഞ്ഞു. ചടങ്ങുകൾക്ക് CCSS ചെയർമാൻ റവ. ഫാ. തോമസ് ജോസഫ് തേരകം, സെക്രട്ടറി റവ.ഫാ.ബാബു മാപ്ലശേരി, ഗ്ലോറി പ്രേംജി, ജേക്കബ് ജോസഫ്, സി. ലീന, സി. ലിസ്ബി തുടങ്ങിയവർ നേതൃത്വം നൽകി.

### ക്രിസ്റ്റ്യൻ കൾച്ചറൽ ഫോറം യൂണിറ്റ് രൂപീകരണം

വിവിധ ക്രൈസ്തവ സഭകളുടെ കൂട്ടായ്മയും സമുദായ ശാക്തീകരണവും ലക്ഷ്യം വയ്ക്കുന്ന ക്രിസ്റ്റ്യൻ കൾച്ചറൽ ഫോറത്തിന്റെ യൂണിറ്റുകൾ മാനന്തവാടി കൽപ്പറ്റ, പനമരം, ബത്തേരി ബ്ലോക്കുകളിലെ വിവിധ പഞ്ചായത്തുകളിൽ ഏകദേശം പൂർത്തിയായിക്കഴിഞ്ഞു. ബ്ലോക്ക് ജില്ലാ തിരഞ്ഞെടുപ്പുകളും ഉടൻ നടക്കുന്നതാണ്. യൂണിറ്റുകളുടെ രൂപീകരണത്തിന് സഹകരിച്ച ബഹു. വികാരിയച്ചന്മാരെയും നേതൃത്വം നൽകുന്ന CCF നേതാക്കളെയും നന്ദിയോടെ സ്മരിക്കുന്നു.

### അനുമോദനങ്ങൾ! ആശംസകൾ!

ചൈൽഡ് വെൽഫയർ കമ്മിറ്റി (CWC) യുടെ ചെയർമാനായി നിയമിതനായിരിക്കുന്ന CCSS ചെയർമാൻ റവ.ഡോ.ഫാ. തോമസ് ജോസഫ് തേരകം, CWC അംഗം റവ.ഡോ. സി. ബെറ്റി ജോസ് S.H., കുട്ടികൾ പ്രതികളാക്കപ്പെടുന്ന കേസുകളിൽ തീർപ്പുകൽപ്പിക്കുന്ന

ജുവനൈൽ ജസ്റ്റിസ് ബോർഡ് (JJB) മെമ്പറായി വീണ്ടും നിയമിതയായിരിക്കുന്ന കൽപ്പറ്റ ഇടവകാംഗവും CCSS സെക്രട്ടറിയുമായി ശ്രീമതി ഗ്ലോറി പ്രേംജി, വ്യാപാരി വ്യവസായി ഏകോപനസമിതി സംസ്ഥാന ജനറൽ സെക്രട്ടറിയും നാഷണൽ കൗൺസിൽ അംഗവുമായി തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന ചെന്നലോട് ഇടവകാംഗം ശ്രീ. ജോജിൻ ടി. ജോയി, മൈസൂർ യൂണിവേഴ്സിറ്റിയിൽ നിന്നും MSW ന് സ്വർണ്ണ മെഡലോടെ ഒന്നാംറാങ്ക് നേടിയ റവ.സി. മെർളിൻ MSMI, ബാംഗ്ലൂർ യൂണിവേഴ്സിറ്റിയിൽ നിന്നും ബയോടെക്നോളജിയിൽ സ്വർണ്ണമെഡലോടെ ഒന്നാം റാങ്ക് നേടിയ ഞാറപ്പാടം ഇടവകാംഗം നീന റോയി തെരുകിലാമലയിൽ, നാഷണൽ വോളിബോൾ ടീം ക്യാപ്റ്റനായി വിജയകുതിപ്പ് തുടരുന്ന ചുങ്കക്കുന്ന് ഇടവകാംഗമായ മിനിമോൾ ചുരുളിയിൽ എന്നിവർക്ക് അനുമോദനങ്ങൾ, ആശംസകൾ!

## കുട്ടികൾക്ക് സർക്കാർ സഹായം

വനിതകൾ ഗൃഹനാഥരായുള്ള കുടുംബങ്ങളിലെ രണ്ട് കുട്ടികൾക്ക് സർക്കാർ പഠനത്തിന് നൽകുന്ന സഹായത്തെക്കുറിച്ചുള്ള വിശദമായ അറിയിപ്പ് ജൂലൈ ലക്കം ബുള്ളറ്റിനിൽ പ്രസിദ്ധീകരിച്ചിരുന്നത് ബഹു. വികാരിയച്ചന്മാരും, സിസ്റ്റേഴ്സും, മതാദ്ധ്യാപകരും ശ്രദ്ധിക്കുകയും ഈ പരിധിയിൽ വരുന്ന നമ്മുടെ കുടുംബങ്ങളിലെ കുട്ടികൾക്ക് പ്രസ്തുത സഹായം നേടുവാൻ സഹായിക്കുകയും ചെയ്യുമല്ലോ. അതോടൊപ്പം വിവിധ സ്കോളർഷിപ്പുകളെ കുറിച്ചുള്ള അറിയിപ്പുകൾ ശ്രദ്ധിക്കുവാനും പ്രയോജനപ്പെടുത്തുവാനും കുട്ടികൾക്ക് നിർദ്ദേശം നൽകുക.

## കാരുണ്യാബനവലന്റ് ഫണ്ട്

കേരളസർക്കാർ നടപ്പിലാക്കിവരുന്ന കാരുണ്യ ചികിത്സാ സഹായനിധി, മൂന്നുലക്ഷം രൂപയിൽ താഴെ വാർഷികവരുമാനമുള്ള കുടുംബങ്ങളിലെ അംഗങ്ങൾക്ക് പരമാവധി രണ്ട് ലക്ഷം രൂപവരെ നിശ്ചിത ആശുപത്രികളിലൂടെ ചികിത്സാസഹായം നൽകുന്നതാണ്. ഹൃദ്രോഗം, തലച്ചോർ - കരൾ ശസ്ത്രക്രിയ, കിഡ്നി-ഡയാലിസിസ് രോഗികൾ, ക്യാൻസർ-റേഡിയേഷൻ-കീമോതെറാപ്പി, ഹീമോഫീലിയ എന്നീ രോഗങ്ങളാണ് ഈ ചികിത്സാ പദ്ധതിയിൽ വരുന്നത്. കൂടാതെ ഏതു രോഗങ്ങൾക്കും ഹോസ്പിറ്റൽ ബില്ലും റേഷൻകാർഡിന്റെ കോപ്പിയും നൽകിയാൽ മൂവായിരം രൂപവരെയും സഹായം ലഭിക്കും. എല്ലാ ജില്ലകളിലും ലോട്ടറി ഡയറക്ടറുടെ ഓഫീസിനോടനുബന്ധിച്ചാണ് കാരുണ്യാ ചികിത്സാ സഹായനിധി ഓഫീസ് പ്രവർത്തിക്കുന്നത്. ഇവിടെ നിന്നും ലഭിക്കുന്ന നിശ്ചിത അപേക്ഷാഫോറം പൂരിപ്പിച്ച്,

റേഷൻകാർഡും ആശുപത്രി രേഖകളും സഹിതം അപേക്ഷ നൽകേണ്ടതാണ്.

**കാരുണ്യാഫണ്ട് വെബ്സൈറ്റുകൾ:**

www.karunya.kerala.gov.in, www.keralalotteries.com

**വയനാട്–** കാരുണ്യ ഓഫീസ്, വയനാട് ജില്ലാഭാഗ്യക്കുറി ഓഫീസ് M.G.T. ബിൽഡിംഗ്, സിവിൽ, കൽപ്പറ്റ, 04936-204686

ഡിസ്ട്രിക്ട് ലെയ്സൻ ഓഫീസർ, ഷൈൻ ജോസഫ് Mob: 9946724641

**കണ്ണൂർ –** ജില്ലാ ഭാഗ്യക്കുറി ഓഫീസ്, സിവിൽസ്റ്റേഷൻ, കണ്ണൂർ, 0497-2700803

ലെയ്സൻ ഓഫീസർ, സിജേഷ് – 9400204432

**മലപ്പുറം –** ജില്ലാ ഭാഗ്യക്കുറി ഓഫീസ്, സിവിൽ സ്റ്റേഷൻ, മലപ്പുറം, 0493-2734816

ലെയ്സൻ ഓഫീസർ, സുമിത്ത് 9746545451

എല്ലാ പ്രധാനപ്പെട്ട സർക്കാർ ആശുപത്രികളിലും ഈ ഫണ്ട് ലഭ്യമാണ്. കാരുണ്യാപദ്ധതിയിൽ അക്രെഡിറ്റ് ചെയ്തിട്ടുള്ള സ്വകാര്യ ആശുപത്രികളിൽ ചിലത്:

| | |
|---|---|
| വയനാട് | – ഫാത്തിമമാതാ, കൽപ്പറ്റ |
| കോഴിക്കോട് | – ബേബി മെമ്മോറിയൽ, PVS, മലബാർ |
| മലപ്പുറം | – അൽഷിഫാ, MES, EMS Co. Operative |
| കണ്ണൂർ | – കണ്ണൂർ മെഡിക്കൽ കോളേജ്<br>തലശ്ശേരി കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ |
| തൃശ്ശൂർ | – അമല, ജൂബിലിമിഷൻ, ചാലക്കുടി സെന്റ് ജെയിംസ് |
| എറണാകുളം | – അങ്കമാലി L.F. , ലിസി ഹോസ്പിറ്റൽ |

**ഇന്ത്യൻ ക്രിസ്ത്യൻ രക്തസാക്ഷി ദിനാചരണവും രക്തദാന മഹായജ്ഞവും ആഗസ്റ്റ് 25-ന്**

ലോകമാസകലം ക്രൈസ്തവ പീഡനം വർദ്ധിച്ചുവരുന്ന കാലമാണിത്. ഓരോ വർഷവും ലോകത്ത് ഒരുലക്ഷത്തിലധികം ക്രൈസ്തവർ വിശ്വാസത്തെപ്രതി മരണം വരിക്കുന്നു. ഇന്നും ക്രൈസ്തവ പീഡനം ഭീകരമായി തുടർന്നുകൊണ്ടിരിക്കുന്ന രാജ്യങ്ങളിൽ ഇന്ത്യ മുന്നിൽ നിൽക്കുന്നു. കാന്ദമാലിൽ ഉൾപ്പെടെ രാജ്യത്ത് ഓരോ വർഷവും ക്രൈസ്തവ വിശ്വാസത്തെപ്രതി മരണം വരിക്കുന്ന ധീരരക്തസാക്ഷി

കളെ അനുസ്മരിക്കുവാനും രക്തദാനത്തിലൂടെ ജീവദാനത്തിന്റെ സന്ദേശം പ്രചരിപ്പിക്കുവാനും ക്രിസ്റ്റ്യൻ കൾച്ചറൽ ഫോറത്തിന്റെ ആഭിമുഖ്യത്തിൽ വയനാട്ടിലെ പ്രധാന ടൗണുകളായ കൽപ്പറ്റ, മാനന്തവാടി, ബത്തേരി, പുൽപ്പള്ളി എന്നിവിടങ്ങളിൽ ആഗസ്റ്റ് 25 ന് ഞായറാഴ്ച രാവിലെ 10.30 ന് രക്തദാന മഹായജ്ഞവും രക്തസാക്ഷിത്യദിനാചരണവും സംഘടിപ്പിക്കുന്നു. സഭാഗാത്രത്തിലെ പീഡിപ്പിക്കപ്പെടുന്ന അംഗങ്ങളോട് ഐക്യദാർഢ്യം പ്രകടിപ്പിക്കുവാനും വിശ്വാസത്തിൽ അഭിമാനിക്കുവാനും ഈ അവസരം പ്രയോജനപ്പെടുത്തുക.

## വിശ്വാസവർഷ മാഹാറാലി - ഒക്ടോബർ 5-ന്

വിശ്വാസവർഷത്തോടനുബന്ധിച്ച് CCSS ന്റെ ആഭിമുഖ്യത്തിൽ വയനാട്ടിലെ കത്തോലിക്കാ രൂപതകൾ സംയുക്തമായി നടത്തുന്ന വിശ്വാസ റാലിയും സമ്മേളനവും 2013 ഒക്ടോബർ 5 ന് അഭിവന്ദ്യ കർദ്ദിനാൾ മാർ ക്ലീമിസ് പിതാവിന്റെയും വിവിധ രൂപതകളിലെ മെത്രാന്മാരുടെയും നേതൃത്വത്തിൽ നടത്തുന്നതിനുള്ള ഒരുക്കങ്ങൾ ആരംഭിച്ചുകഴിഞ്ഞു. ബഹു. വികാരിയച്ചന്മാരും സംഘടനാ നേതാക്കളും തീയതി ഓർത്തുവയ്ക്കുകയും റാലിക്കുള്ള ഒരുക്കങ്ങൾ പ്രാർത്ഥനാപൂർവ്വം ആരംഭിക്കണമെന്ന് ഓർമ്മിപ്പിക്കുകയും ചെയ്യുന്നു.

**ഫാ. ബാബു മാപ്ലശേരി**
സെക്രട്ടറി CCSS
Ph : 04936 - 289042

# മീഡിയാ കമ്മീഷൻ

**മീഡിയാമീറ്റ്**

സീറോമലബാർ ലെയ്റ്റികമ്മീഷന്റെ ആഭിമുഖ്യത്തിൽ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടന്ന മീഡിയ മീറ്റിൽ രൂപതയിൽ നിന്നും P.R.O. ഫാ. തോമസ് ജോസഫ് തേരകം, ബിനു പാറാനി, ജസ്റ്റിൻ ചെഞ്ചട്ട എന്നിവർ പങ്കെടുത്തു. സഭയുടെ മാധ്യമശുശ്രൂഷാ മേഖലയെ കൂടുതൽ ഫലപ്രദവും സംഘാതാത്മകവും ആക്കുകയും അടിസ്ഥാനഘടകങ്ങൾ മുതൽ സഭയിൽ മീഡിയാഫോറങ്ങൾ രൂപീകരിക്കുകയെന്നതും സമ്മേളനം ലക്ഷ്യം വയ്ക്കുന്നു.

**ചാനൽ പ്രോഗ്രാം**

മീഡിയാ കമ്മീഷന്റെ ആഭിമുഖ്യത്തിൽ വിവിധ കേബിൾ ടി.വി. ചാനലുകളിലും, ഗുഡ്നെസ് ചാനലിലും പ്രോഗ്രാം അവതരിപ്പിക്കുവാൻ താൽപര്യമുള്ള ഇടവകകളും സംഘടനകളും മീഡിയാ കമ്മീഷൻ ഓഫീസിൽ പേര് നൽകുക. ക്രിസ്മസ്, ഈസ്റ്റർ, കൂടാതെ എല്ലാ ആഴ്ചയിലും ഒരുദിവസം ടി.വി. പ്രോഗ്രാം നടത്തുന്നതിനുള്ള ഒരുക്കങ്ങളിൽ പങ്കാളികളാകുക.

**ചരിത്ര രചന**

ചരിത്രരചനകൾ ഇനിയും തരാത്തവർ എത്രയും വേഗം തരുമല്ലോ. ഇടവകകൾക്കും വൈദീകർക്കുമുള്ള സർവ്വേഫോറങ്ങളും പൂരിപ്പിച്ച് തിരികെ തന്ന് സഹകരിക്കുക.

**ഫാ. ബാബു മാപ്ലശേരി**
ഡയറക്ടർ, മീഡിയാ കമ്മീഷൻ
Ph : 04936 - 289042, 9544256990,

**റേഡിയോ മാറ്റൊലിയിൽ *'ജീവനി'* പ്രക്ഷേപണ പരമ്പര ഉദ്ഘാടനം ചെയ്തു**

കേന്ദ്ര ഗവൺമെന്റിന്റെ ഡിപ്പാർട്ട്മെന്റ് ഓഫ് സയൻസ് & ടെക്നോളജിയുടെ കീഴിലുള്ള നാഷണൽ കൗൺസിൽ ഫോർ സയൻസ് & ടെക്നോളജിയുടെ സഹകരണത്തോടെ റേഡിയോ മാറ്റൊലി പ്രക്ഷേപണം ചെയ്യുന്ന *ജീവനി* പരിപാടിയുടെ ഉദ്ഘാടനം ശനിയാഴ്ച മാറ്റൊലി നിലയത്തിൽ വെച്ച് നടന്നു. ശാസ്ത്രം: സ്ത്രീകളുടെ ആരോഗ്യത്തിനും പോഷണത്തിനും എന്ന വിഷയത്തെ അടിസ്ഥാനമാക്കി 365 ദിവസം നീണ്ടുനിൽക്കുന്ന പ്രക്ഷേപണ പരമ്പരയാണ് *ജീവനി.*

റേഡിയോ മാറ്റൊലി മാനേജിംഗ് കമ്മിറ്റി ചെയർമാനും മാനന്തവാടി രൂപതാ വികാരി ജനറാളുമായ മോൺ. മാത്യു മാടപ്പള്ളിക്കുന്നേലിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ എടവക ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് എച്ച്.ബി. പ്രദീപ് മാസ്റ്റർ പരിപാടിയുടെ ഉദ്ഘാടനം നിർവ്വഹിച്ചു. മീഡിയാ എക്സ്പേർട്ടും കമ്മ്യൂണിറ്റി റേഡിയോ പ്രാക്ടീഷണറുമായ ഡോ. ആർ ശ്രീധർ ജീവനി പ്രോജക്ട് വിശദീകരിച്ചു. നാഷണൽ കൗൺസിൽ ഫോർ സയൻസ് & ടെക്നോളജിയിലെ സയന്റിസ്റ്റ് ഉജ്വല ടി. ടിർക്കി മുഖ്യപ്രഭാഷണം നടത്തി.

അന്തർദേശീയ വനിതാദിനാചരണത്തോടനുബന്ധിച്ച് റേഡിയോ മാറ്റൊലി നടത്തിയ തലവാചക രചനാ മത്സരത്തിൽ വിജയികളായ വർക്കുള്ള സമ്മാന വിതരണം WSSS ഡയറക്ടർ അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിൽ നിർവ്വഹിച്ചു. ബ്ലോക്ക് പഞ്ചായത്ത് മെമ്പർ ചിന്നമ്മ ടീച്ചർ, വാർഡ് മെമ്പർ ടി. മമ്മൂട്ടി തുടങ്ങിയവർ ആശംസകളർപ്പിച്ചു. റേഡിയോ മാറ്റൊലി സ്റ്റേഷൻ ഡയറക്ടർ ഡോ. ഫാ. തോമസ് ജോസഫ് തേരകം സ്വാഗതവും മാനേജിംഗ് കമ്മിറ്റി അംഗവും മേരിമാതാ കോളേജിലെ അസോസ്സിയേറ്റ് പ്രൊഫസറുമായ ഡോ. പി.കെ. പ്രസാദൻ നന്ദിയും പറഞ്ഞു.

**റേഡിയോ മാറ്റൊലിക്ക് ഫിഷറീസ് വകുപ്പിന്റെ പ്രത്യേക പുരസ്കാരം**

ഉൾനാടൻ ശുദ്ധജല മത്സ്യകൃഷി പ്രോത്സാഹനം ലക്ഷ്യം വെച്ചുകൊണ്ടുള്ള പ്രോഗ്രാമുകൾ കഴിഞ്ഞ മൂന്നു വർഷമായി റേഡിയോ മാറ്റൊലിയിലൂടെ ജനങ്ങളിൽ എത്തിച്ച റേഡിയോ മാറ്റൊലി റിപ്പോർട്ടർ കം പ്രോഗ്രാം പ്രൊഡ്യൂസർ രാജിത്ത് വെള്ളമുണ്ടയെ വയനാട് ജില്ലാ ഫിഷറീസ് വകുപ്പ് ആദരിച്ചു. ജില്ലയിലെ ശുദ്ധജല മത്സ്യകർഷകരുടെ അനുഭവങ്ങളും വിജയഗാഥകളും അവർ നേരിടുന്ന പ്രശ്നങ്ങളും വ്യത്യസ്തങ്ങളായ മത്സ്യകൃഷി രീതികളും ജനങ്ങളിൽ എത്തിച്ചതിനുള്ള അംഗീകാരമാണ് ഈ പുരസ്കാരം. ഫിഷറീസ് വകുപ്പിന്റെ നേതൃത്വത്തിൽ മത്സ്യസമൃദ്ധി പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ മികച്ച മത്സ്യ കർഷകരെ ആദരിക്കുന്നതിനോടൊപ്പ മായിരുന്നു ഇത്. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ. വി. ശശി മുഖ്യാതിഥിയായിരുന്ന ചടങ്ങിൽ വൈസ് പ്രസിഡന്റ് എ. ദേവകിയാണ് പുരസ്കാരം സമ്മാനിച്ചത്.

**ചൈൽഡ് വെൽഫെയർ കമ്മിറ്റി ചെയർമാൻ**

വയനാട്ടിൽ പുതുതായി രൂപീകരിച്ച ചൈൽഡ് വെൽഫെയർ കമ്മിറ്റി (CWC) യുടെ ചെയർമാനായി അഡ്വ. ഫാ. തോമസ് ജോസഫ് തേരകം ചുമതലയേറ്റു. 18 വയസ്സിനു താഴെയുള്ള കുട്ടികളുടെ ക്ഷേമവും സുരക്ഷയും ഉറപ്പു വരുത്തുകയാണ് ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റിന്റെ അധികാരമുള്ള CWC യുടെ ഉത്തരവാദിത്തം. കമ്മിറ്റിയുമായി ബന്ധപ്പെടാവുന്ന നമ്പർ : 9446030066.

**ജോസ് കാവുങ്കൽ**
അസി. ഡയറക്ടർ (ബ്രോഡ്കാസ്റ്റിംഗ്)




# Programme

## Pastoral Centre, Dwaraka

**August 2013**

| | | |
|---|---|---|
| 02F | - | Zion CRC: Night Vigil |
| 03S | - | Zion CRC: Prayer Day, Christeen Prayer Day |
| 03S-04S | - | Catechism: Nursery Teachers Training |
| 04S-07S | - | Marriage Preparation Course |
| 05M | - | Madyavirudha Samithi: Teachers Convention |
| 06T | - | Madyavirudha Samithi: Animators Meeting |
| 09F | - | Jesus Youth Night Vigil |
| 09F | - | CML: Junior Team Meeting |
| 10S | - | Jesus Youth: Prayer Day |
| 12M | - | Marian Singles |
| 13T | - | CMA Executive |
| 14W | - | Priests' Conference |
| 21W | - | CML: Executive |
| 25S-29T | - | Zion: Retreat |
| 30F-Sept 02M | - | Marriage Preparation Course |

**Fr. Mathew Periappuram**
Director, Pastoral Centre



# Bishop's Programme

***August***

| | | |
|---|---|---|
| *1* | *Thu 2 Fri ...........* | *Out of Station* |
| *3* | *Sat Evening ....* | *Vianney Bhavan, Feast of St. John Maria Vianney* |
| *4* | *Sun 10 Sat .......* | *Ernakulam : KCBC Retreat* |
| *12* | *Mon ...............* | *Visitors' Day* |
| *13* | *Tue Morning .....* | *WSSS General Body Meeting* |
| | *Evening.......* | *Kunjhome : Santhinilayam Children's Home* |
| *14* | *Wed ..................* | *Priests' Conference* |
| *15* | *Thu Morning ....* | *Bathery : Laying of the Foundation Stone of the New School Building* |
| | *Afternoon .........* | *Puthussery : Blessing of the Presbytery* |
| *16* | *Fri ....................* | *Out of Station* |
| *17* | *Sat 31 Sat ........* | *Kakkanad, Mount St. Thomas : Synod* |

***September***

| | | |
|---|---|---|
| *1* | *Sun 3 Tue .........* | *Aluva: Mangalapuzha Seminary Commission* |
| *5* | *Thu 6 Fri ..........* | *Manimooly* |
| *8* | *Sun ..................* | *Edayoorkunu : Pastoral Visit* |
| *8* | *Sun 13 Fri .........* | *Priests' Retreat* |
| *14* | *Sat ....................* | *Engaged* |

| | |
|---|---|
| *15 Sun .................* | *Catechism Teachers' Convention, Kallody Forane* |
| *18 Wed .................* | *Valavayal : Jubilee at Santhidhara* |
| *20 Fri ...................* | *Out of Station* |
| *21 Sat ...................* | *Engaged* |
| *22 Sun ..................* | *Bavaly : Pastoral Visit* |
| *23 Mon 27 Fri ......* | *Priests' Retreat* |
| *28 Sat ..................* | *Engaged* |
| *29 Sun .................* | *Appapara : Pastoral Visit* |